

# വഴി പിഴച്ച പോക്ക്

ആർ. കെ. പി. വരാപ്പുഴ

1811
SAHITYA PRAVARTHAKA C...
MUL
G2695
032,6
K9

# വഴിപിഴച്ച പോക്ക്

MUL
288368

NATIONAL BOOK STALL
SPCS LTD.
KOTTAYAM

(Malayalam)

Vazhipizhacha Pokku

Play

By R. K. P. VARAPPUZHA

First Published August 1969

PRINTED AT INDIA PRESS, KOTTAYAM

Price Rs. 1.50

Copyright

R. K. P. Varappuzha

Publishers:

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR

PALGHAT - CANNANORE - QUILON - KOZHIKODE

# വഴിപിഴച്ച പോക്ക്

(നാടകം)

ആർ. കെ. പി. വരാപ്പുഴ

UNIVERSITY LIBRARY
MADRAS

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

University Grants Commission

288368

032, 6.g

K9

S2276 B1435 15/69–70 1–2000 JK 118

സമർപ്പണം

എൻെറ അമ്മയ്ക്ക്

# കഥാപാത്രങ്ങൾ

| | |
|---|---|
| ശങ്കർ | —ഒരു വലിയ മില്ലുടമ. നാല്പത്തഞ്ചോടടുത്ത പ്രായം. ചെവികളെ സമീപം നരച്ചുതുടങ്ങിയിട്ടുണ്ടു്. |
| ജയദേവൻ | —ഇരുപത്തിരണ്ടിനും ഇരുപത്തിനാലിനും ഇടയ്ക്കു പ്രായംവരുന്ന കോളേജ്‌വിദ്യാർത്ഥി. ശങ്കറിന്റെ ഏകപുത്രൻ. |
| കണ്ണൻ | —മുപ്പത്തിയഞ്ചു വയസ്സു്. ശങ്കറിന്റെ വീട്ടുകാര്യസ്ഥൻ. |
| ഡോക്ടർ ഗോപി | —ഒരു ചെറുപ്പക്കാരൻ. നല്ല ആരോഗ്യവും സൗന്ദര്യവും. |
| മണിയൻപിള്ള ആശാൻ | —ബ്രോക്കർ. കല്യാണാലോചന, ഭൂമിവ്യാപാരം മുതലായവ തൊഴിൽ. |
| ജാനകിഅമ്മ | —ശങ്കറിന്റെ ഭാര്യ. മുപ്പത്തിയഞ്ചിനും നാല്പതിനും ഇടയ്ക്കു പ്രായം. ശുദ്ധഗതിക്കാരി. |
| അരുന്ധതി | —പതിനെട്ടിനും ഇരുപതിനും മദ്ധ്യേ പ്രായം. സിനിമാതാരങ്ങളേപ്പോലെ അണിഞ്ഞൊരുങ്ങുന്ന പ്രകൃതം. ശങ്കറിന്റെ ഏകപുത്രി. |

## മദ്രാസ് മലയാളി ക്ലബ്ബ് ആഡിറേറാറിയത്തിൽ ആദ്യം അവതരിപ്പിച്ചപ്പോൾ പങ്കെടുത്തവർ

| | | |
|---|---|---|
| ജാനകിഅമ്മ | — | സി. ആർ. ലക്ഷ്മി |
| അരുന്ധതി | — | ചെപ്പുളശ്ശേരി കമല |
| ശങ്കർ | — | ററി. ആർ. പത്മനാഭൻ |
| ജയദേവൻ | — | വാസുദേവൻ അടാട്ട് |
| കണ്ണൻ | — | സി. ശങ്കരൻനായർ |
| ഡോക്ടർ ഗോപി | — | എം. രാമചന്ദ്രൻ |
| മണിയൻപിള്ള / ആശാൻ | — | സി. ജി. നാഥ് |

| സംവിധാനം | | സംഗീതം |
|---|---|---|
| വി. മോഹൻദാസ് | — | കെ. പ്രഭാകരൻ |

## രംഗം ഒന്ന്

[കസേര, സോഫാസെററ് മുതലായവയാൽ അലങ്കരിച്ച സ്വീകരണ മുറി. ചുവരിൽ ടാഗ്ഗൂർ, ഗാന്ധിജി, വിവേകാനന്ദൻ, രാമകൃഷ്ണ പരമഹംസൻ മുതലായവരുടെ പടങ്ങൾ തൂങ്ങുന്നു. ഒരു ഡയിലി കലണ്ടർ ഒത്ത നടുക്ക്. തീയതി മാച്ച് നാല്. വലിയ അക്ഷരങ്ങളിൽ.

ഓരോ രംഗത്തിലും ഫ്ളവർവാസിലെ പൂക്കൾക്ക് മാററമുണ്ട്.

യവനിക ഉയരുമ്പോൾ രംഗത്തേക്ക് ഉള്ളിൽനിന്നും ഒരു കലണ്ടർ വന്നു വീഴുന്നു. പിന്നീട് സിനിമാമാസികകൾ, സുന്ദരികളുടെ പടങ്ങളുള്ള ഇംഗ്ലീഷ്മാസികകൾ, ഡിററക്ടീവ് പുസ്തകങ്ങൾ ഇവയും വന്നുവീഴുന്നു.

ശങ്കർ വരുന്നു. അമ്പലത്തിൽനിന്നും വരുന്ന വേഷം. അവസാനത്തെ പുസ്തകം ശങ്കറിന്റെ മുഖത്തുതന്നെ വന്നു വിഴുന്നു.]

ശങ്കർ: (ഞെട്ടി പുറകോട്ടു മാറിയിട്ട്) അപ്പുഴേ, ഇതു കേട്ടോന്ന്.

(ഒരു പുസ്തകം വീണ്ടും വന്നുവീഴുന്നു.)

(ആ പുസ്തകം എടുത്തു നിവർത്തിനോക്കുന്നു. അതിനു പുറത്ത് അർദ്ധനഗ്നയായ ഒരു യുവതിയുടെ വലിയ ഫോട്ടോ പ്രേക്ഷകർക്കു കാണാം. അതേ നില്പിൽ പുസ്തകത്തിൽനിന്നും കണ്ണെടുക്കാതെ) അപ്പുഴേ... (ഉറക്കെ) ജാനൂ!...

(ജാനകിഅമ്മ കൈയിൽ ഒരു വലിയ പുസ്തകവുമായി പ്രവേശിക്കുന്നു.)

ജാനകിഅമ്മ: ഇങ്ങനെ അലറിയാൽമാത്രം പോരാ.

ശങ്കർ: (അപരാധിയെപ്പോലെ) പോരാ, പോരാ... അല്ലാ, പിന്നെ ഞാനെന്തുവേണമെന്നാ പറയുന്നെ?

ജാനകിഅമ്മ: അച്ഛനാണെന്നൊരു ബോധം വേണം.

ശങ്കർ: വേണം,...വേണം. അല്ലാ, ഞാൻ അച്ഛനാണോ? (ആലോചന.)

ജാനകിഅമ്മ: അതേ...അച്ഛനാണെന്നു ഞാൻ പറയുന്നു.

ശങ്കർ: അതേയതേ. (എന്തോ പിടികിട്ടിയപോലെ) ഇപ്പോഴെന്താ അതിന്?

ജാനകിഅമ്മ: പിള്ളേരു പ്രായമായിവരുന്നെന്നു് ഒരു ബോധം വേണം.

ശങ്കർ: വേണം...വേണം. (ആലോചിച്ച്) ആ...അതു പതിവാ...

ജാനകിഅമ്മ: എന്നാലേയ്, ആ പതിവ് അനുഭവിക്കുമ്പോളറിയാം.

ശങ്കർ: അറിയാം...അറിയാം. (പെട്ടെന്നു്) അല്ലാ, എന്തറിയാനാ?

ജാനകിഅമ്മ: ഹൊ...! എൻെറ ഈശ്വരാ! ഇതൊക്കെ കണ്ടോ? (താഴെ കിടക്കുന്ന പുസ്തകങ്ങൾ ചൂണ്ടിക്കാട്ടുന്നു.)

ശങ്കർ: (കൈയിലിരിക്കുന്ന പുസ്തകം നെഞ്ചത്തു ചേത്തു മലത്തിക്കാണിച്ച്) ഇതു കണ്ടോ?

ജാനകിഅമ്മ: നെഞ്ചോടു നല്ലതുപോലെ അമത്തിപ്പിടിച്ചോളൂ.

ശങ്കർ: ശരി, പിടിക്കാം. അല്ലാ, എന്തിനാ അങ്ങനെ അമത്തിപ്പിടിക്കാൻ പറഞ്ഞെ?...

ജാനകിഅമ്മ: അല്ലെങ്കിൽ ആ പുസ്തകത്തിലുള്ള പെണ്ണു് ഓടിപ്പോകും.

ശങ്കർ: ഓടിപ്പോകും, ഓടിപ്പോകും. അല്ലാ, നീ എന്തൊക്കെയാ ഈ പറയുന്നെ?

ജാനകിഅമ്മ: പിന്നെ...ഇതു കണ്ടില്ലെ. (പുസ്തകങ്ങൾ

ചൂണ്ടിക്കാണിച്ചു്) കോളേജിൽ പഠിക്കുന്ന മക്കൾ വായിക്കുന്ന പുസ്തകങ്ങളാ.

ശങ്കർ: (താഴത്തുനിന്നു് ഒന്നെടുത്തു്) ഇതു്...(നിവർത്തി വായിക്കുന്നു) കൊട്ടാരം കുട്ടിയമ്മയുടെ രഹസ്യം പരസ്യമായി. കഞ്ഞിപ്പാടം കല്യാണിക്കു നോവു്... (ആലോചിച്ചു്) അതെന്തു നോവാ?

ജാനകിഅമ്മ: ഥൂ! നോവാണുപോലും! ചെററകളു്! ശങ്കർ എന്ന മില്ലുമുതലാളിയുടെ പുന്നാരമക്കൾ വായിക്കുന്ന പുസ്തകങ്ങളാ. അതിലെ പഠിക്കേണ്ട കഥകളും...എന്നെക്കൊണ്ടു പറയിക്കണ്ട.

ശങ്കർ: പറയേണ്ട, പറയേണ്ട. അല്ലാ, നീ ഇങ്ങനെ തുള്ളുന്നതു്? പിള്ളേരല്ലേ, ചിലപ്പോൾ ചിലതെല്ലാം വായിച്ചെന്നിരിക്കും.

ജാനകിഅമ്മ: വായിക്കും, വായിക്കും. ഞാൻ കൊന്നുകളയും.

ശങ്കർ: കൊല്ലണം, കൊല്ലണം. അല്ലാ...

ജാനകിഅമ്മ: അല്ലാന്നൊന്നും പറയേണ്ട. മക്കൾ ചീത്തയാകുന്നതു കണ്ടു നിങ്ങൾക്കു വേദനയില്ലല്ലോ...(സങ്കടപ്പെട്ടു തൊണ്ടയിടറി) അല്ലെങ്കിലും അമ്മാവൻ അന്നു പറഞ്ഞതാ, ഈ ബന്ധം പററുകില്ലാ എന്നു്.

ശങ്കർ: പററൂല്ലാ, പററൂല്ലാ. ജാ... ജാനൂ... ജാനു കരയല്ലെ. നിന്റെ കരച്ചില്ലു മാത്രം കാണാൻ എനിക്കു വയ്യ.

ജാനകിഅമ്മ: അല്ലാ! ഇതു നോക്കു്! ബി. എസ്സ്സി.ക്കു് രണ്ടു മാർച്ചും ഒരു സെപ്റ്റംബറും എഴുതിയ മോൻ പഠിക്കുന്ന പുസ്തകങ്ങളുടെ ഇടയിൽ ഇരുന്നതാണു്. (വായിക്കുന്നു) 'സ്ത്രീപുരുഷബന്ധം', 'വശീകരണസുധ', 'കാമുകർ ഭാഗ്യമുള്ളവർ'—ഈശ്വരാ!

ശങ്കർ: (പുസ്തകം കാട്ടി) ഇതു കണ്ടോ?...പുരുഷസൗന്ദര്യവും സ്ത്രീയും...

ജാനകിഅമ്മ: അതു പുന്നാരമോളുടെ പുസ്തകമാ.

ശങ്കർ: അവർ ചുമ്മാ വായിക്കട്ടെ ജാനു. നമ്മുടെ മക്കൾ എല്ലാ അറിവും തികഞ്ഞവരായിരിക്കണം...

ജാനകിഅമ്മ: (തലയിൽ കൈവച്ചു്) ഗുരുവായൂരപ്പാ!... തന്തതന്നെ ഇങ്ങനെയായാൽ പിന്നെ മക്കൾ ഗുണം വരുമോ?...

ശങ്കർ: നമ്മുടെ...ചെറുപ്രായത്തിൽ...നമ്മളും...

ജാനകിഅമ്മ: നമ്മളും ഇതുപോലെ ദേഹത്തൊട്ടിക്കിടക്കുന്ന ഡ്രസ്സുമിട്ടു്...(ഒരു പുസ്തകം വായിച്ചു്) പെണ്ണുങ്ങൾക്കനുഗ്രഹം, ഗുന്മസംഹാരി, ഇതുപോല്യുള്ള പുസ്തകങ്ങളും കക്ഷത്തിലിട്ടുക്കി...

ശങ്കർ: ഇതു കേൾക്കു് ജാനു. നമ്മൾ ഇതൊന്നും കണ്ടതായി നടിക്കരുതു്.

ജാനകിഅമ്മ: നടിക്കരുതു്, നടിക്കരുതു്. അതുങ്ങളു നാശമാകുമ്പളറിയും. എന്നാൽ ഒന്നു വിളിച്ചു ശാസിക്കുക. അതില്ല.

ശങ്കർ: അതില്ല, അതില്ല. ആ, ശാസിക്കണോ?... ദേവാ! ദേവാ! (വിളിക്കുന്നു.)

ജാനകിഅമ്മ: അവനെമാത്രം എന്തിനാ വിളിക്കുന്നെ? പുന്നാരമോളേയും വിളിക്കു.

ശങ്കർ: ശാസന ഏകതചത്തിലായിരിക്കണം. ദേവാ!... ദേവാ!...

ജാനകിഅമ്മ: തമ്പുരാൻ പള്ളിയുണർന്നിട്ടില്ല.

(പുതപ്പു പുതച്ചു്, പൈജാമയും നൈററ്കോട്ടുമായി ജയദേവൻ വരുന്നു. രണ്ടു കണ്ണുകളും മാത്രം പുറത്തുകാണാവുന്നവിധത്തിലാണു് പുതച്ചിരിക്കുന്നതു്. ജാനകിയമ്മ പെട്ടെന്നു ഭയന്നു നിലവിളിച്ചു ശങ്കറിൻെറ പിന്നിലൊളിക്കുന്നു.)

ജയദേവൻ: (പുതപ്പു മാററി) മമ്മീ!...ഞാനാണ്.

ശങ്കർ: ഇതെന്താ ദേവ്, ഈ മീശ?

ജയദേവൻ: ഇതു് ഒട്ടമീശയാണു ഡാഡീ. ഞാൻ ജെയിംസ് ബോണ്ടിൻെറ സുപ്രസിദ്ധ ക്യാരക്റററാവുകയായിരുന്നു. (ഒരു സ്റ്റൈലിൽ കാലു കയററി സ്റ്റൂളിൽ വെയ്ക്കുന്നു.)

ശങ്കർ: (അലച്ച്) കാലിറക്കി വെയ്യെടാ.

ജയദേവൻ: (ഭയന്നു കാലെടുത്തു്) ഡാഡീ!...

ജാനകിഅമ്മ: (മുന്നോട്ടു വന്നു്) പറിക്കെടാ നിൻെറ മീശ.

ജയദേവൻ: പ...റി...ക്കണോ...മമ്മീ?...

ജാനകിഅമ്മ: പറിക്കണം.

(ജയദേവൻ മീശ അടത്തിയെടുക്കുന്നു.)

ശങ്കർ: (നിലത്തുനിന്നും വലിയ മാസികയെടുത്തു നിവർത്തിക്കാണിച്ചു്) ഇതെന്താടാ?

ജയദേവൻ: (ശൃംഗാരം) ഓ...സ്വീററ്! അതു്...എലിസബത്ത് റ്റെയ്‌ലർ.

ശങ്കർ: (ഉച്ചത്തിൽ) ഇഡിയററ്!

ജയദേവൻ: (ഭയന്നു് അമ്മയുടെ പിന്നിലൊളിച്ചു്) മമ്മീ!...

ശങ്കർ: നീ ഇതൊക്കെ വായിച്ചു കാലംകഴിച്ചതുകൊണ്ടാണു മൂന്നു ചാൻസിലും പൊട്ടിയതു്.

ജാനകിഅമ്മ: ഇനി ഇതൊന്നും വായിക്കയുമരുതു്. ഒററക്കാശു ചോദിക്കയുമരുതു്.

ശങ്കർ: പോ, പോയി പഠിക്കടാ.

(ജയദേവൻ പോകുന്നു. പെട്ടെന്നു പരുങ്ങിപ്പരുങ്ങിനിന്നു് കലണ്ടർ കൈയിലെടുക്കുന്നു.)

(അലച്ച്) ഇടെടാ...അവിടെ!...

(ജയദേവൻ കലണ്ടർ ഇട്ടേച്ച് ഓടുന്നു.)

ജാനകിഅമ്മ: മോനെ പഠിപ്പിക്കുന്നതിലും നല്ലതു് പെണ്ണുകെട്ടിക്കുകയാണു്.

ശങ്കർ: കെട്ടിക്കാം, കെട്ടിക്കാം. അല്ലാ...ജാനു, അവനു വയസ്സ്...

ജാനകിഅമ്മ: ഹൊ—ഹൊ!...ഇങ്ങനെയൊരു...എന്നെക്കൊണ്ടു പറയിക്കണ്ട. പിന്നെ പിള്ളേരെങ്ങനെ നന്നാവും? (കുണുങ്ങിക്കുണുങ്ങി പോകുന്നു.)

(ശങ്കർ നോക്കിനില്ക്കുന്നു.)

(തിരിച്ച് അതേ സ്പീഡിൽ വന്നു്) ഇദ്ദേഹം എത്രാമത്തെ വയസ്സിലാ ഈ എന്നെ...

ശങ്കർ: (വിഷയം മാററി) ദേ...മില്ലിൽ പോകാറായി. വല്ലതും തരൂ...

(ജാനകിഅമ്മ രൂക്ഷമായി നോക്കിയിട്ടു പോകുന്നു. അരുന്ധതി പ്രവേശിക്കുന്നു.)

അരുന്ധതി: ഡാഡീ!...

ശങ്കർ: ഉം? എന്താ മോളേ?

(ജാനകിഅമ്മ ഒരു ഗ്ലാസ്സ് കാപ്പിയുമായി പ്രവേശിക്കുന്നു)

ജാനകിഅമ്മ: മോളെ എടുത്തോ...ആ മടീല് വെച്ച് പുന്നാരിച്ചോ...

അരുന്ധതി: (കൊഞ്ചിക്കൊണ്ടു്) ഈ മമ്മിക്കെന്താണു്?

ജാനകിഅമ്മ: മുഖത്തിട്ട് ഒരു കുത്തു തന്നാലുണ്ടല്ലോ. അസത്തു്! എന്നാ...ഈ തന്തയ്ക്കു് ഇതൊന്നു ചോദിച്ചൂടെ?

ശങ്കർ: (ഗൗരവം അഭിനയിച്ച്) അരു, ഇതെന്താണു്? (ഒരു പുസ്തകം താഴെനിന്നെടുത്തു കാണിക്കുന്നു.)

അരുന്ധതി: (നൃത്തം അഭിനയിച്ച്) അതൊരു നൃത്തക്കാരി, അറബിപ്പൊന്നു വഹിച്ച കഥ.

ജാനകിഅമ്മ: നിൻെറ തലമണ്ട! (തിരിച്ച് ശങ്കറി

നോട്ട്) അതല്ലാ...പുന്നാരമോളോട്ട് ഇതെന്താൺന്ന ന്നു ചോദിക്കു്. (വേറൊന്നെടുത്തു കൊട്ടക്കുന്നു.)

അരുന്ധതി: (കൈ കുടഞ്ഞു്) അയ്യയ്യോ!...(പരുങ്ങി പോകാൻ ആയുന്നു.)

ശങ്കർ: എടീ!...അവിടെ നില്ക്കാൻ!

(അരുന്ധതി നില്ക്കുന്നു.)

ജാനകിഅമ്മ: ഇങ്ങു തര്വ, ഇങ്ങു തര്വ. അതിൻെറ ഉള്ളിൽ (പുസ്തകം തുറന്നു്, എന്തോ കടലാസ്സെടുത്തു നോക്കുന്നു. താനേ ഭാവം മാറുന്നു.) എടീ!...

ശങ്കർ: എന്താതു്?

ജാനകിഅമ്മ: ദാ...നോക്കു...(കത്തു് ശങ്കറിനെ ഏല്പിക്കുന്നു.)

(അരുന്ധതി വലിയാൻ ശ്രമിക്കുന്നു.)

എടീ!...ഇങ്ങടുത്തു നില്ക്കാൻ.

(അരുന്ധതി മേശയോടടുത്തു നില്ക്കുന്നു.)

ശങ്കർ: ഇതാരുടെ കത്തു്? ഇതെവിടുന്നു്? കോളേജിൽ നിനക്കിതാണോ തൊഴിൽ?

ജാനകിഅമ്മ: കണ്ണിക്കണ്ട ആമ്പിള്ളേർക്കു കത്തെഴുതല്യ്! (തിരിഞ്ഞു പടത്തിൽ നോക്കി) എൻെറ ഗുരുവായൂരപ്പാ!...

അരുന്ധതി: (പകച്ചു്) മമ്മീ!...എന്തൊക്കെയാ ഈ പറയുന്നെ? അതു്...അതു്...

ജാനകിഅമ്മ: അതു്?

അരുന്ധതി: അതു മമ്മിയുടെ പഴയ പെട്ടിയിൽനിന്നും കിട്ടിയതാ.

ശങ്കർ: ഹെന്തു്!...

ജാനകിഅമ്മ: എടീ...എടീ...നുണപറഞ്ഞാല്യണ്ടല്ലോ. (കൈയും നിവത്തി അട്ടക്കുന്നു.)

(അരുന്ധതി, ഭയന്നു് ഒരടി മാറുന്നു.)

അരുന്ധതി: നുണയല്ലാ. നേരാ. പണ്ടു ഡാഡി, മമ്മി ക്കെഴുതിയ...എഴുത്താണതു്.

ജാനകിഅമ്മ: (എഴുത്തു തട്ടിപ്പറിച്ചു്) എടീ...എൻെറ പേരു് ജാനകി എന്നാണു്. അരുന്ധതിയെന്നല്ല.

(അരുന്ധതി പെട്ടെന്നു് വികൃതശബ്ദമുണ്ടാക്കി ആടിയാടി കസേരയിലേക്കു വീഴുന്നു.)

ശങ്കർ: (പതറി) അയ്യൊ!...അയ്യൊ!...ഹിസ്റ്റീരിയാ!...ഹിസ്റ്റീരിയാ...

ജാനകിഅമ്മ: മോളേ!...(കസേരയുടെ അടുത്തു കുനിഞ്ഞിരുന്നു മുഖം പിടിച്ചുനേരെയാക്കി) അരുന്ധതീ!... എൻെറ മോളേ!...(ശങ്കറിനോടു്) മിഴിച്ചുനില്ക്കാതെ ഡോക്ടർക്കു ഫോൺചെയ്യൂ.

ശങ്കർ: (പെട്ടെന്നു്) ഫോൺ...ഫോൺ...(ഉള്ളിലേക്കോടുന്നു.)

(ജയദേവൻ പ്രവേശിക്കുന്നു. തല കുരുവിക്കൂടുപോലെ വച്ചിരിക്കുന്നു.)

ജയദേവൻ: (ഒരു പോസിൽ നിന്നു്) എന്താ?.. മമ്മീ!...

ജാനകിഅമ്മ: എൻെറ മോനെ...ഇതൊക്കെ (പുസ്തകങ്ങൾ ചൂണ്ടിക്കാണിച്ചു്) എന്താണു് എന്നു ചോദിച്ചേയുള്ളൂ. ധും ടിനോന്നു് അങ്ങു വീണു.

ജയദേവൻ: പിന്നെങ്ങനെ വീഴാതിരിക്കും! ഹാർട്ടു് ഫെയ്ലിയർപോലും വരും.

ജാനകിഅമ്മ: മോനെ!...

ജയദേവൻ: (കയത്തു്) പിന്നെ...എങ്ങനെ വീഴാതിരിക്കും, മമ്മീം ഡാഡീം ഈ വെറും കൺട്രീ ബ്രൂട്ട്സ്കളുടെക്കൂട്ടു് പെരുമാറിയാൽ? റിയലീ...റിയലീ...അൺകൾച്ചേർഡ്...എക്സാക്റ്റ്! (പോസിൽ സ്റ്റൂളിൽ കാൽ കയറ്റിവെച്ചു സിഗരറ്റിനു തീപിടിപ്പിക്കുന്നു.)

(ശങ്കർ കടന്നുവരുന്നു.)

ശങ്കർ: ഫോൺ...ചെയ്തു...ചെയ്തു.

(ജയദേവൻ സിഗരററ് മറച്ച് ഉള്ളിലേക്കു പോകുന്നു. പോകുമ്പോഠം സാവധാനം കാലുകൊണ്ടു കലണ്ടർ നിരക്കിയെടുത്തു പെട്ടെന്നു മറയുന്നു.)

ജാനകിഅമ്മ: ഡോക്ടർ...എപ്പോൾ വരുമോ?

ശങ്കർ: അവിടെ ഡോക്ടറില്ല...ജാനു കുറച്ചുവെള്ളമെടുത്തു മുഖത്തു തളിക്കു.

(ജാനകിയമ്മ കൂജയിൽനിന്നും വെള്ളമെടുത്തു് അരുന്ധതിയുടെ മുഖത്തു തളിക്കുന്നു.)

ജാനകിഅമ്മ: (ദേഷ്യം) ഈ രാജ്യത്തു് ഒരു ഡോക്ടരേയുള്ളോ?

ശങ്കർ: അല്ലാ, അല്ലാ. ഇപ്പോൾ ഫോൺ ചെയ്യാം. (ഓടുന്നു.)

(അരുന്ധതി സാവധാനം കണ്ണു തുറക്കുന്നു.)

ജാനകിഅമ്മ: എന്റെ മോളേ! (അരുന്ധതിയുടെ കവിളിൽ തലചായ്ക്കുന്നു.)

അരുന്ധതി: (ക്ഷീണിതയെപ്പോലെ) മ...മ്മീ!...

ജാനകിഅമ്മ: എൻെറ മോളു് എത്ര പുസ്തകം വേണമെങ്കിലും വായിച്ചോളൂ. ആക്കുവേണമെങ്കിലും കത്തെഴുതിക്കോളൂ.

(ശങ്കർ തിരിച്ചുവരുന്നു.)

ശങ്കർ: ആ ഡോക്ടറുമില്ല.

ജാനകിഅമ്മ: എല്ലാവരും...ചത്തുപോയി! (അരുന്ധതിയേയും താങ്ങി ഉള്ളിലേക്കു പോകുന്നു.)

(ശങ്കർ അതേ കസേരയിൽ തളന്നിരുന്നു തലയ്ക്കു കൈകൊടുക്കുന്നു. കണ്ണൻ വരുന്നു. ചിതറിക്കിടക്കുന്ന പുസ്തകങ്ങഠം കണ്ടു തരിച്ചുനില്ക്കുന്നു....കാലുകൊണ്ടു നിരക്കി ഒരെണ്ണമെടുത്തു പിന്നോട്ടു നീങ്ങിത്തുറക്കുന്നു. പെട്ടെന്നു കണ്ണൻ അറിയാതെ 'ഹായ്!' എന്നൊരു ശബ്ദമുണ്ടാക്കുന്നു. ശങ്കർ പെട്ടെന്നു തിരിഞ്ഞുനോക്കുന്നു. കണ്ണൻ പുസ്തകം മറയ്ക്കുന്നു.)

ശങ്കർ: (എഴുന്നേററു്) കണ്ണൻ, മില്ലിൽപ്പോകാൻ നേരമായില്ലേ?...

കണ്ണൻ: ആയേ!...

ശങ്കർ: എന്നാൽ എല്ലാം എടുത്തു കാറിൽ വെയ്ക്കു.

കണ്ണൻ: (ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ ചൂണ്ടിക്കാണിച്ചു്) ഇതെല്ലാം വേണോ?...

ശങ്കർ: നിൻെറ തല!...ആ ഫയലും വാട്ടർബോട്ടിലും. (പോകുന്നു.)

(കണ്ണൻ തലയാട്ടി പുസ്തകങ്ങളെ സമീപിക്കുന്നു. ജയദേവൻ വരുന്നു. ഒരു സ്റ്റൈലിൽ നോക്കിനില്ക്കുന്നു. കണ്ണൻ പുസ്തകങ്ങ ഓരോന്നും എടുത്തു തുറക്കുന്നു. ഒരു പുസ്തകം തുറന്നു വായിക്കുന്നു.)

കണ്ണൻ: കൈതമുക്കു് കമ്പോണ്ടരുടെ പമ്പരംകറക്കം ഗസ്റ്റപ്പോ അറിഞ്ഞു. മഞ്ഞുമ്മ മങ്കേടെ ഈവനിങ്ങ് വാക്കു് നിത്തണം. നീണ്ടകഥാ! കറക്കുകമ്പനി കല്യാണി...തരക്കേടില്ലല്ലോടാ നിൻെറ കഥ.

ജയദേവൻ: വെരി ഗുഡ്!

(കണ്ണൻ ഞെട്ടുന്നു. പുസ്തകം കൈയിൽനിന്നു താനേ വീഴുന്നു.)

(കണ്ണൻെറ തോളിൽ തട്ടിയിട്ടു്) കൺഗ്രാജ്ജുലേഷൻ! കണ്ണൻ.

കണ്ണൻ: ഇല്ല കുഞ്ഞേ...ഞാൻ വെറുതെ...

ജയദേവൻ: കണ്ണൻ—എൻെറ ഡാഡിയെക്കാൾ കൾച്ചറുള്ള ആളാണു്. ഇതുമാതിരിയുള്ള ലിററേച്ചർ എത്ര കണ്ടിഷ്ടപ്പെടുന്നു. (ഒരു പുസ്തകമെടുത്തു കാണിച്ചു്) ഇതു കണ്ടോ?...ഇതാണു് റിയലിസം...എക്സാക്റ്റ്.

കണ്ണൻ: (വാങ്ങി വായിച്ചു്) ലേഡീ...റ്റൈപ്പിസ്റ്റ്... ങാ, നല്ല റ്റൈപ്പിങ്ങായിരിക്കും! അല്ലേ, കുഞ്ഞേ?...

ജയദേവൻ: എസ്...(പോസ്സിൽ) എക്സാക്ററ്!

കണ്ണൻ: എന്നാലും, ഈ എഴുതിവിടണവന്മാരുടെ തൊലിക്കട്ടിയോ!...ങാ...അവന്മാക്കു തൊലിയില്ലെന്നു

വെച്ചോ. ഈ പറയുന്ന വൃത്തികേടിന്റെയൊക്കെ ഡബിളാ, അവന്മാരു് കാട്ടണതു്.

ജയദേവൻ: (കണ്ണു പാതി കൂമ്പി) പിന്നെ...കണ്ണൻ!...

കണ്ണൻ: എന്താ കുഞ്ഞേ?...

ജയദേവൻ: കണ്ണൻ, ഇംഗ്ലീഷു പിക്ച്ചറുകൾ കാണാറുണ്ടോ?

കണ്ണൻ: എവിട്ന്നു കാണാനാ കുഞ്ഞേ? ഇവിടെ വരുമ്പോൾ അരുന്ധതിക്കുഞ്ഞു ചോദിക്കാറുണ്ട്. (ഗമയിൽ) 'എലിസബ്ബത്തു് റൈറലറെ കണ്ടിട്ടുണ്ടോ എന്നു്. ഞാനും 'അവരെപ്പോലെയല്ലേ' എന്നു്,

ജയദേവൻ: (ചിരിച്ചുകൊണ്ടു്) എലിസബ്ബത്തു്!... മണ്ടാ...എലിസബത്ത്...

കണ്ണൻ: ങാ...അതുതന്നെ.

ജയദേവൻ: ആരു്? കണ്ണനോ?

കണ്ണൻ: അല്ലാന്നേ...അരുന്ധതിക്കുഞ്ഞു് എലിസബത്തു് റൈറലറെപ്പോലെയല്ലേന്നു്?

ജയദേവൻ: ഓഹോ!...അങ്ങനെ. ഇതാ (കാശു കൊടുത്തു്) എന്നാൽ ഇന്നു സെൻട്രൽതിയേറ്ററിൽ 'ഹുയീസ് ദി കില്ലർ' എന്ന ബസ്റ്റ് പിക്ച്ചറാണു്. പോയിക്കാണു.

കണ്ണൻ: (ആർത്തിയോടെ കാശു വാങ്ങുന്നു) ഷുവർ! കുഞ്ഞും അച്ഛനേപ്പോലെ വല്യ ആളാകും.

ജയദേവൻ: വാട്ട് ബ്ലഡീ!...വല്യ ആൾ? ലൈഫ് സുഖിക്കണം, കണ്ണൻ! ഇവിടെ അതല്ലാ...വറീസ്സാണു്. മമ്മി പറയുന്നതു ഡാഡി ചെയ്യും. ഷെയ്ം...

കണ്ണൻ: അതു പിന്നെ...അവരുടെ ഇണക്കം.

ജയദേവൻ: വാട്ട് ഇണക്കം? രാജ്കപൂർസ്റ്റൈലിൽ ഹെയർ വെച്ചു്...

കണ്ണൻ: ഇതുപോലെ, എറക്കമില്ലാത്ത കാലൊറേമിട്ട്...

ജയദേവൻ: കാലുറയോ? പാൻ്റ്സ്... പാൻ്റ്സ്... കൗബോയ് പാൻ്റ്സ്.

കണ്ണൻ: തീപ്പെട്ടിക്കോലുകൊണ്ടു മീശേം വരച്ച്...

ജയദേവൻ: എൻ്റെ സിനിമാസ്റ്റൈലിലുള്ള യാത്ര കാണുമ്പോൾ ആരും ഒന്നു തിരിഞ്ഞുനില്ക്കും.

കണ്ണൻ: അമ്പലത്തിലിരിക്കുന്ന ഭഗവതികൂടെ പുറകേ വരും.

ജയദേവൻ: ഒന്നു കേൾക്കണോ? പ്രസിദ്ധ സിനിമാനടികൾ എനിക്കു കത്തയക്കും.

കണ്ണൻ: ഏതു കത്ത്?... ആ... അത്... പിടികിട്ടി.

ജയദേവൻ: വാട്ട് പിടികിട്ടി?...

കണ്ണൻ: ലൗ!... അരുന്ധതിക്കുഞ്ഞു പറയുന്ന ലൗ!...

ജയദേവൻ: എക്സാക്റ്റ്!... എക്സാക്റ്റ്! (ഒരു പോസിൽ നിന്നുകൊണ്ട്) കണ്ണൻ!...

കണ്ണൻ: എസ്സ്, കുഞ്ഞ്...

ജയദേവൻ: യൂ... കൺട്രീ! എസ് കുഞ്ഞെന്നല്ല. എസ് മാൻ.

കണ്ണൻ: കുഞ്ഞിനെ ഞാനെങ്ങനെ മാനെന്നും വൃമണെന്നും വിളിക്കും?

ജയദേവൻ: അതാണു മോഡേൺ കൾച്ചർ. ഇതാ, ഇങ്ങോട്ടു നോക്കു. ഞാനാരെപ്പോലെയുണ്ട്? (സ്റ്റൈലിൽ നില്ക്കുന്നു.)

കണ്ണൻ: (ആലോചിച്ച്) എല്ലൻകോരിയുടെകൂട്ടുണ്ട്.

ജയദേവൻ: വാട്ട്... ബ്ലഡീ!... എല്ലൻകോരി... അയാൾ ഒരു കവിയായിരുന്നു... പോയററ്.

കണ്ണൻ: അയാളെപ്പററിയല്ലാ പറഞ്ഞത്. ക്ഷയരോഗാ

ശുപത്രീലെ ചുവർപരസ്യമില്ലേ?...എല്ലുംകൂട്ട മാത്രം കാണിച്ചു് നെഞ്ചും തടവി ചുമയ്ക്കുണതേ?...അതു്.

ജയദേവൻ: യൂ...കൺട്രീ ഗ്രൂസ്! ഞാൻ ഏതു സിനിമാ നടൻെറകൂട്ടുണ്ടെന്നു പറയണം.

കണ്ണൻ: ഓഹോ!...എന്നു്! സത്യൻേറയോ, നസീറിന്റേയോ...കൊടവയറൻ ഭാസിയുടേയോ...ശിവാജിയുടേയോ...നാഗത്തിൻേറയോ...

ജയദേവൻ: തലമണ്ടേടെ! അതെല്ലാം ആക്കവേണം? ഹോളിവുഡ് പറയൂ. ഓ...ഇംഗ്ലീഷുസിനിമ കണ്ടിട്ടില്ലല്ലോ, അല്ലേ?

(അരുന്ധതി വന്നു് ഒരു പോസിൽ നില്ക്കുന്നു.)

അരുന്ധതി: കണ്ണാ, ഞാനാരെപ്പോലെയുണ്ട്? പറയൂ. മർലിൻ മൺട്രോ, എലിസബെത്ത്, ഷാർമിളാ ടാഗ്ഗൂർ, വൈജയന്തി ... ഇവരിൽ ആരെപ്പോലെയുണ്ടെന്നു പറയൂ...

കണ്ണൻ: അതു്...അതു്...അങ്കമുത്തുവിനെപ്പോലെ.

അരുന്ധതി: കൺട്രീ! ... ഞാനാരെപ്പോലെയുണ്ടെന്നു പറയൂ!

(ജാനകിഅമ്മ ചൂരത്തടിയുമായി വരുന്നു.)

ജാനകിഅമ്മ: നീ...താടകയെപ്പോലെയുണ്ടെടീ!...

(ജയദേവൻ ഉള്ളിലേക്കു വലിയുന്നു. അരുന്ധതി ആടിവീഴാൻ പോകുന്നു. ജാനകിഅമ്മ ചൂരത്തടി താഴെയിട്ടു താങ്ങുന്നു. കണ്ണൻ യാതൊന്നും അറിയാത്തമട്ടിൽ തലയൊടിച്ചു നില്ക്കുന്നു.)

(കർട്ടൻ)

## രംഗം രണ്ട്

[അതേ രംഗസജ്ജീകരണം. തിയ്യതി മാച്ച് എട്ട്. പൂവിൻെറ നിറം മാറിയിട്ടുണ്ട്. ജനൽകർട്ടൻ, ടേബിൾക്ലോത്ത് മുതലായവയും മാറിയിരിക്കുന്നു.

ശങ്കർ പ്രവേശിക്കുന്നു. പുറത്തു പോകാനുള്ള വേഷം. ടൈ കെട്ടിയതു് ഒന്നു പിടിച്ചിടുന്നു.]

ശങ്കർ: (കസേരയിൽ ഇരുന്നു് ഒരു സിഗരററിനു തീ പററിച്ച്) കണ്ണാ!...(സിഗരററ് ആഞ്ഞുവലിച്ച് എന്തോ ചിന്തിച്ചെന്നപോലെ ഇരുന്നു വീണ്ടും വിളിക്കുന്നു!) കണ്ണാ...(നിവന്നിരുന്നു്) ഇവനെ ഒരു സമയത്തും കാണുകയില്ല. എടാ!...കണ്ണാ!...

(കണ്ണൻ വിളികേട്ട് ഉള്ളിൽനിന്നും വരുന്നു.)

കണ്ണൻ: വിളിച്ചോ?

ശങ്കർ: (കോപം) ഇല്ലാ...ജപിച്ചു!

(കണ്ണൻ ചൂളുന്നു.)

ശരി, ശരി; കാർ റഡിയാണോ? എല്ലാം എടുത്തു വച്ചോ?

കണ്ണൻ: ഉവ്വേ!...

ശങ്കർ: പിന്നെ...(കൈകൊട്ടി അടുത്തു വിളിച്ച്) ആ അലമാരീടെ...അടിയിലെത്തട്ടിൽ...

കണ്ണൻ: (കൈകൊണ്ടു കുടിക്കുന്നതു കാണിച്ച്) ഓ!... ലവൻ!...

ശങ്കർ: (ഗജ്ജനം) നിൻെറ തല!...

(ജാനകിഅമ്മ എന്തോ മറച്ചുപിടിച്ചുകൊണ്ടു വരുന്നു.)

ജാനകിഅമ്മ: അവൻെറ തലയല്ലാ...എന്തിനു മക്കളെ പ്പറയുന്നു? ... തന്തതന്നെ തലകിഴക്കണാംപാടാ!...

(കണ്ണൻ വലിയുന്നു )

ശങ്കർ: ജാന്വ!...ജാന്വ!...നീ...നീ...

ജാനകിഅമ്മ: നീയുല്ലാ...ഞാനുല്ല...ദേ...ഇതിനല്ലേ കണ്ണുനോട്ട പറഞ്ഞതു്? (ഒരു ബ്രാണ്ടിക്കുപ്പി പുറകിൽനിന്നും എടുത്തു കാണിക്കുന്നു.)

ശങ്കർ: (പരുങ്ങിപ്പിടഞ്ഞു്) ജാനു!...അതു്...അതു്... എനിക്കല്ല. എനിക്കല്ല...ആ മാനേജക്കാ...മാനേജക്കാ...ഇന്നു് വിസിറ്റേഴ്സ് വരുന്നുണ്ടുപോലും... നോത്തിൻഡ്യൻസ്...

ജാനകിഅമ്മ: ഈ കണക്കിനു പൊറുതി വടക്കേ ഇൻഡ്യയിലേക്കാകും.

ശങ്കർ: ജാനു! നീ...നീ...

ജാനകിഅമ്മ: അതേന്നെ...എന്റെ തലേലെഴുത്തു്. (സങ്കടപ്പെട്ടു മൂക്കുപിഴിഞ്ഞു്) അമ്മാവൻ അന്നു പറഞ്ഞതാ, ഈ ബന്ധം വേണ്ടെന്നു്. പിന്നേം ഞാനീ മനുഷ്യനെ ഇഷ്ടപ്പെട്ടു.

ശങ്കർ: ഇഷ്ടപ്പെട്ടു, ഇഷ്ടപ്പെട്ടു. അതിനു്?...

ജാനകിഅമ്മ: അതിനതിനു്! എന്റെ തലേലെഴുത്തു്. മക്കളുടെ നോട്ടം മുഴവനും ഹോളീവുഡ്ഡിലേക്കു്. (അഭിനയിച്ച്) ഒരുത്തൻ കാർലോപോണ്ടിയാകുമ്പോൾ, ഒരുത്തി (നെഞ്ചു തള്ളിച്ച്, പൃഷ്ഠം തിരിച്ച് സെക്സപ്പീൽ കാണിച്ച്) മർലിൻമണ്ടി. അച്ഛനോ?...നോത്തിൻഡ്യാ...

ശങ്കർ: ഛരീ, ഛരീ...എന്താ ജാനു ഇതു്? ... (പുറത്തേക്കു പോകുന്നു.)

(ശങ്കർ മറയുമ്പോഠം കണ്ണൻ വരുന്നു. പുറകേ ഒന്നുമറിയാത്തതുപോലെ പോകുന്നു.)

ജാനകിഅമ്മ: (ഗൗരവത്തിൽ) കണ്ണാ!...

(കണ്ണൻ ഞെട്ടി നില്ക്കുന്നു.)

ഇവിടെ വരാൻ.

(കണ്ണൻ നിന്നനിലയിൽ പുറകോട്ടു നാലടി വയ്ക്കുന്നു.)

തിരിയാൻ.

(അററൻഷനായിട്ടു കണ്ണൻ തിരിയുന്നു.)

നീയാണദ്ദേഹത്തെ ചീത്തയാക്കിയതു്...

കണ്ണൻ: ഹേ? ഞാനോ? കണ്ണനോ?...

ജാനകിഅമ്മ: അല്ലാ, മൂക്കൻ...(ചിരിച്ചു്) കണ്ണാ!...

കണ്ണൻ: എന്തോ!

ജാനകിഅമ്മ: നീയേ...ഈ ബാട്ടിൽ കൊണ്ടുപോകേണ്ട. ഈ ഫ്ളാസ്ക്കു് കൊണ്ടുപോകൂ. (ഫ്ളാസ്ക്കു് കൊടുക്കുന്നു.)

കണ്ണൻ: ഇതു്?...

ജാനകിഅമ്മ: പാലു്...ശരീരബലത്തിനു്. (പോകുന്നു.)

(കണ്ണൻ ഫ്ളാസ്കെടുത്തു വടിപോലെ പോകുന്നു. ജയദേവൻ പിറകിൽനിന്നു് കൈ ഞൊടിക്കുന്നു. കണ്ണൻ തിരിഞ്ഞുനിന്നു നോക്കുന്നു. ജയദേവൻ വരുവാൻ ആംഗ്യം കാണിക്കുന്നു.)

ജയദേവൻ: കണ്ണാ!...

കണ്ണൻ: എസ് മാൻ...

(ജയദേവൻ ചെവിയിൽ അടക്കംപറയുന്നു.)

ഞാനിപ്പോൾ വന്നേക്കാം.

ജയദേവൻ: ഡാഡിയോടു പറയരുതു്.

കണ്ണൻ: ഡാഡിയോടു തലവേദന അഭിനയിക്കും.

ജയദേവൻ: വെരി ഗുഡ്!

(കണ്ണൻ നടക്കുന്നു. അരുന്ധതി വന്നു് 'ശ്ശൂ' എന്നു് ശബ്ദമുണ്ടാക്കുന്നു. കണ്ണൻ തിരിഞ്ഞുനോക്കുന്നു. അരുന്ധതി വരുവാൻ ആംഗ്യം കാണിക്കുന്നു. കണ്ണൻ വടിപോലെ നടന്നുവരുന്നു. അരുന്ധതി ഒററരൂപാനോട്ടു കൊടുത്തു് എന്തോ രഹസ്യംപറയുന്നു.)

കണ്ണൻ: ഓ...അവൻ! അവനല്ലേ? മുഖചിത്രം ഒരു തോക്കുംപിടിച്ചു നില്ക്കുന്ന മീശക്കാരനും, രക്തത്തിൽ കിടക്കുന്ന അർദ്ധനഗ്നയായ സുന്ദരിയും.

അരുന്ധതി: പതുക്കെപ്പറ...മമ്മി കേൾക്കും.

കണ്ണൻ: ശരി. പററിച്ചേക്കാം. (പോകുന്നു.)

ജയദേവൻ: (ഗൗരവത്തിൽ) അരൂ...നീ...സുവോളജിയല്ലേ എടുത്തിരിക്കുന്നതു്? വല്ല തവളയേയോ, മുയലിനേയോ മുറിച്ചു നോക്കാതെ സൈക്കോളജിയും ഡിററക്റററീവുമായിരുന്നാൽ?...

അരുന്ധതി: (അതേ ഗൗരവത്തിൽ) ചേട്ടൻ ഹിസ്റ്ററിയല്ലേ എടുത്തിരിക്കുന്നെ? അതിൽ വല്ല റിസേർച്ചും നടത്തി, താന്തിയാത്തോപ്പിയുടെ കാലഘട്ടമോ... കൈബർപാസ്സിലൂടെ ആരാണു് ഓടിയതെന്നോ പഠിക്കാതെ, ഈ വൃത്തികെട്ട പുസ്തകങ്ങളും സിനിമയുമായിക്കഴിഞ്ഞാൽ?...

ജയദേവൻ: ഞാൻ റിസേർച്ച് ചെയ്തിട്ടുണ്ടല്ലോ!... വൈ?...അക്ബർ സ്മാഷ്ഡ് അനാർക്കലി...കാര്യമുണ്ടു്. അക്ബർ സൗന്ദര്യാരാധകനായിരുന്നു. ഏററവും സൗന്ദര്യം കൂടിയ വസ്തു തനിക്കു വേണമെന്നായിരുന്നു. ആ കാലഘട്ടത്തിലെ സുന്ദരി അനാർക്കലിയായിരുന്നു. അതു തനിക്കു കിട്ടിയില്ലല്ലോ; മകൻ സലീമിനാണല്ലോ കിട്ടിയതു്—എന്ന ഒരൊററ ദേഷ്യമാണു്, അസൂയയാണു്, ആ ചിത്രവധം...ഹൗ ഈസ് ഇററ്...എങ്ങനെ?

അരുന്ധതി: വണ്ടർഫുൾ!...ചേട്ടനും ഇപ്പോൾ സലീം ആകും.

ജയദേവൻ: നോ! നോ! ഞാൻ (അഭിനയിച്ചു്) അനാർ, അനാർ എന്നും പറഞ്ഞു കല്ലറയെ സമീപിച്ച സലീമിനെപ്പോലെ മണ്ടനല്ലാ...ഒന്നു പോയാൽ അതിൽ വലിയ വേറൊന്നു്. ദാററീസ് ഓൾ!

അരുന്ധതി: ഇപ്പോൾ, സുല്യവും ഡാക്ടർ വാസുവുമായിട്ടാ.

ജയദേവൻ: യൂ...സ്ററുപ്പിഡ്! അതിനാ സുപ്രസിദ്ധയായിക്കൊണ്ടിരിക്കുന്ന ഒരു നടിയെ വലയിട്ടിരിക്കുന്നതു്. അവൾ ഇന്നിവിടെ വരും...

അരുന്ധതി: (ആശയ്യം അതിശയവും കാണിച്ച്) റിയലി?...

ജയദേവൻ: ഷ്വവർ! സിനി സ്റ്റാർ ജഗന്മോഹിനി... ഇന്നിവിടെ വരും...എന്നെക്കാണാൻ.

അരുന്ധതി: വെരി ഗുഡ്! ചേട്ടൻ, എൻെറ ചേട്ടൻ ഭാഗ്യവാനാണ്. ഈ ലോകം ഉള്ളതുവരെ ചേട്ടനും ഉണ്ടാകും.

ജയദേവൻ: എക്സാക്ററ്!...

അരുന്ധതി: ഞാൻ പോയി ഡ്രസ്സുചെയ്യട്ടെ. അതേ സ്റ്റൈൽ അനുസരിച്ചുവേണ്ടേ?

ജയദേവൻ: അതേ; യൂ ഗോ സൂൺ.

(അരുന്ധതി പോകുന്നു. ജയദേവൻ ഒരു സ്റ്റൈലിൽ സിഗരററു് കൊളുത്തുന്നു. കണ്ണൻ വരുന്നു.)

കണ്ണൻ: ആരും വന്നില്ലേ?

ജയദേവൻ: വരും! സമയമാകുന്നതേയുള്ളൂ. അതിനുമുമ്പ് നമുക്കു ചില ഒരുക്കങ്ങൾ...

കണ്ണൻ: എന്തൊരുക്കം?

ജയദേവൻ: ഞാൻ പ്രൊഡ്യൂസർ–കം–ഡയറക്ടർ.

കണ്ണൻ: ഞാൻ മാനേജർ.

ജയദേവൻ: മാനേജരോ? പ്രൊഡക്ഷൻഎക്സിക്കൂട്ടീവ്. പക്ഷേ, പ്രൊഡക്ഷൻ എക്സിക്കൂട്ടീവിനു് ഇതൊന്നും പോരാ. ഒരു ഐ. എ. എസ്. ഓഫീസറുടെ ഗമ. ഒരു തടിച്ച സ്റ്റെക്കു്. അല്ലെങ്കിൽ ഒരു എമ്മെല്ലെയെപ്പോലെയെങ്കിലും ഇരിക്കണം.

കണ്ണൻ: (രസിക്കാത്തമട്ടിൽ) അപ്പോൾ ഞാനാരാണെന്നാ പറയുന്നെ?

ജയദേവൻ: അതു്...അതു്...ഓർഡർലി...

കണ്ണൻ: (മുഖം വീപ്പിച്ചു്) അപ്പോൾ എല്ലായിടത്തും എൻെറ ജോലി ഒന്നുതന്നെ. ഈ ബംഗ്ലാവിലും ഓർഡർലി. ചുമ്മാ അഭിനയിക്കുന്നതും ഓർഡർലി. എൻെറ തലേലെഴുത്തു്.

ജയദേവൻ: സിനിമാക്കമ്പനികളിലെ ഓർഡർലികൾ സാധാരണക്കാരല്ലാ...

കണ്ണൻ: പിന്നെ? അവക്കു കൊമ്പുണ്ടോ? ഓ...ഞാൻ കണ്ടിട്ടുണ്ടു്. (അഭിനയിച്ചു്) വല്യ ഗമേല്യ് ചുരുട്ടും വലിച്ചിരിക്കുന്ന പ്രൊഡ്യൂസർ മൊതലാളി 'എടേ...' എന്നു തൊണ്ടേലുവെച്ചു വിളിക്കുമ്പം ചാടിപ്പെടഞ്ഞു ചെല്ലണം. ചെന്നു നില്ക്കുമ്പോൾ ഒരു കൈ തലക്കു പിറകിൽ ചൊറിയണം.

ജയദേവൻ: നോ, നോ!

കണ്ണൻ: അതേ...യെസ്സ്. ഡയറക്ടർസാറു് വിളിക്കുന്നതു കൂട്ടതൽ ഗമേല്യ്. അങ്ങേരുടെ കണ്ണു പാതിയേ തുറന്നിട്ടുണ്ടാവുകയുള്ളൂ. 'ഏ...ബായ്' എന്നൊരു വിളി. അപ്പോൾ പാദശബ്ദം ഉണ്ടാക്കാതെ ചെല്ലണം.

ജയദേവൻ: അപ്പ്-റ്റു-ഡേററ് മോഡേൺ ഓർഡർലി അങ്ങനെയൊന്നുമല്ല. ആദ്യത്തെ സല്യൂട്ട് അയാൾക്കു്. ചാൻസിനുവേണ്ടി വരുന്നവരുടെ മുമ്പിൽ ഓർഡർലി...രാജാവാണു്!—കിങ്ങ്!

കണ്ണൻ: ചാന്നീസ് ചോദിക്കണ പരട്ടകൾക്കു് ഞാൻ രാജാവോ? (തല ചൊറിഞ്ഞു്) എന്നാലും...

ജയദേവൻ: ഒന്നുമില്ല കണ്ണൻ. ഒരഭിനയം. ഇതാ, ഞാൻ

ആദ്യം ഒന്നു കാണിച്ചുതരാം. (കസേരയിൽ ഒരുവശം ചരിഞ്ഞുകിടന്നിട്ട്) ബായ്!...

(കണ്ണൻ നിശ്ചലനായി നില്ക്കുന്നു.)

ഛായ്!...(ചാടി എഴുന്നേററ്) ഈ കണ്ണനൊന്നുമറിഞ്ഞുകൂടാ.

കണ്ണൻ: ആദ്യം...എൻെറ പേരൊന്നു മാറ്റണം. സിനിമയില് വരുമ്പം എല്ലാരും പേരു മാററും. അബ്ദുൾക്കാതർ നസീറായി, പങ്കൻപിള്ള എസ്.പി.യായി, രാജശ്രീ ഗ്രേസിയായി...

ജയദേവൻ: പേര്...പേരു മാറ്റണം. (ആലോചിച്ച്) കൺ, കൺ—പോരെ?

കണ്ണൻ: എസ്, മതി. സന്തോഷം! എന്നാൽ സാറ് തൊടങ്ങിയാട്ടെ.

ജയദേവൻ: (പഴയപോലെ കിടന്ന്) കൺ!...

(കണ്ണൻ പ്രൊഡക്ഷൻബോയിയെപ്പോലെ അഭിനയിച്ചു വരുന്നു. ജയദേവൻ കൈകൊണ്ടു സിഗരററ് എന്നു കാണിക്കുന്നു. ജയദേവൻ ഒന്നെടുത്തു ചുണ്ടത്തു വയ്ക്കുന്നു എന്നു ഭാവിക്കുന്നു. കണ്ണൻ തീപ്പെട്ടിയുരച്ച്, ചുണ്ടത്തു സിഗരററിനു പററിക്കുന്നപോലെ പററിക്കുന്നു. ജയദേവൻ ചാടി ശബ്ദമുണ്ടാക്കുന്നു. പൊള്ളിയെന്ന് അഭിനയിക്കുന്നു.)

കണ്ണൻ: സാരമില്ല കുഞ്ഞേ! മധുരമുള്ള പൊള്ളലാ!

ജയദേവൻ: പൊള്ളിയാലും അഭിനയം എക്സലൻ്റായി. നീ തികഞ്ഞൊരു കലാകാരനാണ്, എക്സാക്ററ്!

കണ്ണൻ: (ഞെളിഞ്ഞ്) പണ്ട്, പിന്നെ എനിക്കെന്തായിരുന്നു പണി?

ജയദേവൻ: കഥകളിപ്പെട്ടി ചൊമക്കല്!

കണ്ണൻ: അത്ര കളിയാക്കാതെ, മാൻ. കഥകളിയെ ബീററുചെയ്യാൻ ഒരു സിനിമാസ്സും പററൂല്ല. (ഒരു ചെവി മൂടിപ്പിടിച്ച്) 'അയേ, ദമയന്തീ...ന്തീ...' എന്ന ഒററ പാട്ടു മതി...

ജയദേവൻ: മതി, മതി!... കൺടീ!...

കണ്ണൻ: നിത്തി. അതു മാത്രമോ? കേരളകല—ഓട്ടൻതുള്ളൽ. 'നോക്കടാ... നമ്മുടെ'—(നൃത്തംചവിട്ടുന്നു.)

ജയദേവൻ: ബോർ, ബോർ!

കണ്ണൻ: അതൊന്നുമല്ലായിരുന്നു എൻെറ പണി. റാമ, റാമയായിരുന്നു. ഞാൻ ശ്രീരാമനായിട്ടൊരു വരവുണ്ട്. ആ വില്ലും ശരവും പിടിച്ച് മാനിൻെറ പുറകെ ഒരു പോക്കുണ്ട്. (അഭിനയിക്കുന്നു.)

ജയദേവൻ: വണ്ടർഫുൾ! വണ്ടർഫുൾ! പിന്നെ... (സിഗരററ് കത്തിച്ച്) ജഗന്മോഹിനി ഇങ്ങു വരും. ഇങ്ങനെ—മന്ദം, മന്ദം... (അഭിനയിക്കുന്നു.) ഉടനെ ഞാൻ കൺ എന്നു വിളിച്ച്, ഇങ്ങനെ കാട്ടും. ഉടനെ കസേരയിട്ടുകൊടുക്കണം.

കണ്ണൻ: അതു ഞാനേററു.

ജയദേവൻ: പിന്നീട്ടു ഞാൻ കാണിച്ചപോലെ.

കണ്ണൻ: അതു കണ്ണനു കാണാപ്പാഠമാണ്. പിന്നെ, ഈ സിഗരററുടിന്നു മതിയോ?

ജയദേവൻ: ഓ, ഐ സീ, മാക്കററിൽ പഴയ ടിന്നുകൾ വില്ക്കുന്നേടത്തുനിന്നു് ത്രിബിൾ ഫൈവ് ഒരു ടിന്നു് നോക്കി വാങ്ങിച്ചുകൊണ്ടുവരണം.

കണ്ണൻ: അതിനു സമയമുണ്ടോ?

ജയദേവൻ: അതു ശരിയാ. (പോക്കററിൽനിന്നും ഒരു കത്തെടുത്ത്) ജഗന്മോഹിനി പതിനൊന്നുമണിക്കു വരുമെന്നാ പറഞ്ഞിരിക്കുന്നതു്. ആ സമയത്തു്... മമ്മി പോകുമോ എന്തോ!

കണ്ണൻ: ഉവ്വ് കുഞ്ഞേ, കൊച്ചമ്മ ഡാക്കരുടെ അടുത്തേക്കു പോകുന്നുണ്ട്.

(ടൈറ്റ്ഡ്രസ്സോടെ അരുന്ധതി വന്ന് ഒരു പോസിൽ നില്ക്കുന്നു. കണ്ണൻ മിഴിച്ചുനിന്നുപോകുന്നു.)

അരുന്ധതി: ചേട്ടാ, ഈ ഡ്രസ്സു മതിയോ? ജഗന്മോഹിനി എന്നെപ്പോലെ സുന്ദരിയാണോ?

ജയദേവൻ: അവൾ സുന്ദരിയാണോയെന്ന്! അവൾ 'ട്രോയി'യിലെ 'ഹെല'നാണ്! അവൾ...

അരുന്ധതി: അവൾ മണ്ണാങ്കട്ടയാണ്. ഈ ചേട്ടന് അസൂയയാ!...

കണ്ണൻ: കാര്യമൊക്കെ അതാണെങ്കിലും (നാണിച്ചു തല ചൊറിഞ്ഞ്) കുഞ്ഞിനെ കാണാനൊരിതുണ്ട്...

ജയദേവൻ: കണ്ണൻ, ഒരു കാര്യം. ഇടയ്ക്കിടെ ഫോൺ വന്നിരിക്കുന്നു, എന്നു പറയണം.

കണ്ണൻ: വിളിക്കുന്നതു് ആരാണെന്നു പറയണം?

അരുന്ധതി: നോർത്തിൻഡ്യൻ നടികൾ ആരെങ്കിലും. ഷർമിളാ ററാഗ്ഗൂർ...

കണ്ണൻ: എന്തു്? ചമ്മമില്ലാ ററാഗ്ഗുരോ?...

ജയദേവൻ: അതൊന്നും വേണ്ടാ. വല്യ പ്രൊഡ്യൂസേഴ്സ്, ബാങ്ക് ഓണേഴ്സ്, പ്രഭുക്കൾ...

അരുന്ധതി: അപ്പോൾ ഞാനെന്തു ചെയ്യണം? ഇങ്ങനെ വന്നു നിന്നാലോ? (ഒരു പോസു കാണിക്കുന്നു.)

കണ്ണൻ: ഹായ്! ഹായ്! രാമരാജ്യത്തിലെ സീത തന്നെ!

ജയദേവൻ: നോ, നോ! യൂ ഷുഡ് നോട്ട് കം. പ്രൊഡക്ഷൻ ആഫീസിൽ എൻെറ സിസ്റ്റർ വരാൻ പാടില്ല; അതും ഈ ഡ്രസ്സിൽ.

അരുന്ധതി: അപ്പോൾ ചേട്ടനും മോഡേണല്ലാ. നോർത്തിൻഡ്യയിൽ ഒരു പ്രൊഡ്യൂസർ മകളെത്തന്നെ

അവതരിപ്പിച്ചല്ലോ. (പോകുന്നു. തിരിച്ചുവന്നു്) കണ്ണാ, ബുക്കെവിടെ?

കണ്ണൻ: (ഷർട്ടിനുള്ളിൽനിന്നും ഒരു ബുക്കെടുത്തു കൊടുത്തു്) ഒരെണ്ണമേയുണ്ടായിരുന്നുള്ളു. എക്സ്ട്രാ പത്തു പൈസാ കൊടുത്തു.

അരുന്ധതി: (പുസ്തകം തിരിച്ചും മറിച്ചും നോക്കി) അന്തഃപുരത്തിലെ കൊല, മർഡർ ഇൻ മാൻഷൻ.

ജയദേവൻ: ലററ് മീ സീ.

അരുന്ധതി: നോ, നോ! (പോകുന്നു.)

ജയദേവൻ: അപ്പോൾ ഫോണിൽ വിളിക്കുന്നു എന്നു പറയുമ്പോൾ, നോ റൈറം... സമയമില്ലാ—പിന്നെ വിളിയ്ക്കാൻ പറയു.

കണ്ണൻ: അപ്പോൾ ഞാൻ പോയേക്കണം.

ജയദേവൻ: ഞാൻ ഉടൻ വിളിക്കും. ഇങ്ങനെ (സിഗരറ്റ് ചുണ്ടത്തുവെച്ച് പോസ് കാണിക്കുന്നു.) കൺ!...

(ജാനകിഅമ്മ ഒരു വിറകുകഷണവുമായി പ്രവേശിക്കുന്നു.)

ജാനകിഅമ്മ: കണ്ണല്ലാ, മൂക്കാ! എഴുന്നേല്ക്കടാ. ഇന്നു നേരം വെളുത്തിട്ടു കുളിച്ചിട്ടില്ലാ, ഒന്നും കഴിച്ചിട്ടില്ലാ. അവനും അവന്റെയൊരു പ്രൊഡക്ഷനും. കണ്ണാ!...

കണ്ണൻ: (ഭയന്നു്) എന്തോ?

ജാനകിഅമ്മ: ഇന്നു മില്ലിൽ പോയില്ലേ?

കണ്ണൻ: ഇല്ലേ...

ജാനകിഅമ്മ: കാരണം?

കണ്ണൻ: തലവേദന...

ജാനകിഅമ്മ: നിന്റെ തലയ്ക്കല്ല വേദന. തലച്ചോറിനാ.

(പെട്ടെന്നു മുഖംമൂടിയും കറുത്ത പുതപ്പും ധരിച്ച ഒരു രൂപം തോക്കും ചൂണ്ടി ചാടിവീഴുന്നു. കണ്ണൻ 'അയ്യോ' എന്നും പറഞ്ഞു് മേശയ്ക്കടിയിൽ പതുങ്ങുന്നു. ജാനകിഅമ്മ വായ്പൊളിച്ചുനില്ക്കുന്ന

ജയദേവൻെറ പിന്നിലേക്കു മാറിനിന്നു വിറയ്ക്കുന്നു. തോക്കു്, സത്വം കണ്ണനോടു് അടുപ്പിച്ചു പിടിക്കുന്നു.)

സത്വം: ഉം, പുറത്തു വരൂ.

കണ്ണൻ: (നിലവിളിച്ചു്) എന്റെ പൊന്നേ! അഞ്ചാറു പിള്ളേരും മക്കളും തള്ളകളും ഒള്ളതാണേയ്! വെടി വെയ്ക്കരുതേ! എന്നെ കൊല്ലല്ലേ!...

സത്വം: (ചിരിച്ചു്) പുറത്തു...വരൂ...

(ജാനകിഅമ്മ ആളെ മനസ്സിലാക്കി ചിരിക്കുന്നു.)

എന്തുകൊണ്ടു മില്ലിൽ പോയില്ലാ?

കണ്ണൻ: തലവേദന. പോയേക്കാം. ഇനി ഒരു നിമിഷം ഇവിടെ നിൽക്കുല്ലാ.

സത്വം: അപ്പോൾ പ്രൊഡക്ഷൻ?

കണ്ണൻ: മില്ലില്.

സത്വം: തിരിഞ്ഞുനോക്കാതെ, ഓട്ട്!

(കണ്ണൻ തിരിഞ്ഞുനോക്കാതെ ഓടുന്നു. സത്വം പുതപ്പും മുഖംമൂടിയും മാററി ചിരിച്ചു് ഒരു പോസിൽ നില്ക്കുന്നു—അരുന്ധതിയായിരുന്നു സത്വം.)

ജാനകിഅമ്മ: (വടി ഓങ്ങി) പ്രായമായ പെണ്ണിൻെറ ഒരു കളി! (അരുന്ധതിയെ സമീപിക്കുന്നു.)

(അരുന്ധതി അകത്തേക്കു് ഓടുന്നു. പുറകെ ജാനകിഅമ്മയും.)

ജയദേവൻ: വെരി ഗുഡ് ആക്ഷൻ!

ജാനകിഅമ്മ: (തിരിഞ്ഞു്) നിൻെറയൊരു ഭ്രാന്തു്!... ഞാൻ...

ജയദേവൻ: (പേടിച്ചൊഴിഞ്ഞു്) മമ്മീ!...

ജാനകിഅമ്മ: മര്യാദയ്ക്കു കുളിച്ചു വല്ലതും കഴിക്കാനാ പറഞ്ഞതു്. (പോകുന്നു.)

(ജയദേവൻ, ജാനകിഅമ്മ പോയ വഴിക്കു നോക്കി ഒരഭിനയം കാണിച്ചു തിരിയുന്നു. ഡോക്ടർ ഗോപി വരുന്നു. ഒരു ഡോക്ടർക്കു വേണ്ട വേഷം. ഡോക്ടർ ഗോപി പോക്കററിൽനിന്നും ഒരു കടലാസെടുക്കുന്നു.)

ഡോക്ടർ ഗോപി: ക്ഷമിക്കണം! നീയോലിത്തിക് പ്രൊഡക്ഷൻ...

ജയദേവൻ: (ഒരു പോസിൽ) ഏസ്, ഏസ്. ഇതാണ്—ദിസ് ഈസ് നീയോലിത്തിക്. (ഭയന്നു ചുറ്റും നോക്കുന്നു.)

ഡോക്ടർ ഗോപി: ഐ ആം ഡോക്ടർ ഗോപി. ജഗന്മോഹിനിയുടെ ബ്രദർ.

ജയദേവൻ: (ഭയന്നു്) ഓ, ഐ സീ, മൈ...മൈ ഗുഡ്നെസ്സ്! (പെട്ടെന്നു നിയന്ത്രിച്ച്) ഞാൻ പ്രൊഡ്യൂസർ–കം–ഡയറക്ടർ ദേവ്.

ഡോക്ടർ ഗോപി: (ഇരുന്നു കൈ പിടിച്ച ചിരിച്ച്) താങ്ക് യൂ! അഡ്വർറ്റൈസ്മെന്റ് കണ്ട അന്നുതന്നെ ഞാൻ... അല്ല, അല്ല...അവൾ...അവൾ, ജഗന്മോഹിനി കത്തെഴുതി. അപ്പോൾ അവൾ പറഞ്ഞു, ആദ്യം എന്നോട്ട് ഇവിടെ വന്നു പരിചയപ്പെടാൻ. അവൾക്കാണെങ്കിൽ വലിയ ഡിമാന്റും ബിസിയും.

ജയദേവൻ: ആക്ചചലി...ഫേമസ് ആർട്ടിസ്റ്റിനെല്ലാം അങ്ങനെയാണു്.

ഡോക്ടർ ഗോപി: ഔട്ട്ഡോർ, ഇൻഡോർ, എന്നു വേണ്ട...അശേഷം സമയമില്ല. അതാണു ഞാൻ വന്നേക്കാമെന്നു കരുതിയതും.

ജയദേവൻ: വെരി കൈൻഡ് ഓഫ് യൂ!

ഡോക്ടർ ഗോപി: ഞാൻ ബോർഡ് നോക്കി നടന്നു വിഷമിച്ചു. ഒരു പ്രസ്സ് കണ്ടു. ന്യൂ പ്രസ്സ്. അവിടെ കയറി ചോദിച്ചു.

ജയദേവൻ: കുടിക്കാൻ എന്താ വേണ്ടതു്? ഓവൽ ഓർ...ഏ ബായ്!...സോറി! അവൻ ബാങ്കിൽ പോയിരിക്കയാണു്.

ഡോക്ടർ ഗോപി: ഡോണ്ട് വറി! പിന്നെ, ഇതിനു മുൻപ് പിക്ചർ വല്ലതും എടുത്തിട്ടുണ്ടോ?

ജയദേവൻ: നോ, നോ, ഇതാണു ഫസ്റ്റ്. മിസ്സ് ജഗന്മോഹിനിക്ക് ഇതിൽ ഹീറോയിൻ ചാൻസ് കൊടുക്കാം.

ഡോക്ടർ ഗോപി: (ബാഗിൽനിന്നും ഫോട്ടോ എടുത്ത്) അവളുടെ ഫോട്ടോയാണിത്. (കൊടുക്കുന്നു.)

ജയദേവൻ: (ആർത്തിയോടെ വാങ്ങി) എക്സലന്റ്! ഫെയർ ബ്യൂട്ടി! ഗുഡ് ഫോട്ടോക്കട്ട്! എത്ര ചിത്രങ്ങളിൽ ആക്ററ് ചെയ്തിട്ടുണ്ട്?

ഡോക്ടർ ഗോപി: (ആലോചിച്ച്) ത്രിഭുവനസുന്ദരി കണ്ടിട്ടുണ്ടോ?

ജയദേവൻ: നോ, നോ! ഈ കൺട്രീ പിക്ച്ചറുകളൊന്നും ഞാൻ കാണുകേല.

ഡോക്ടർ ഗോപി: എന്റെ സിസ്റ്ററാണ് ഗുല്യമാല്യഗുണ്ടാ, ത്രിഭുവനസുന്ദരി, വീണയിൽ വീണ കത്തി, ആകാശപ്പൂവ്, റെറലിഫോൺപ്രണയം, മാക്ററ് ഗൈഡ് മുതലായ ചിത്രങ്ങളിൽ ഹീറോയിൻ.

ജയദേവൻ: ആക്ച്വലി വണ്ടർഫുൾ! ഗോപി... സോറി, സോറി...ഡാക്ടർ!...ഡാക്ടർ!...

ഡോക്ടർ ഗോപി: മിസ്റ്റർ ദേവ് എന്നെ ഗോപിയെന്നു വിളിച്ചാൽ മതി. അതാണെനിക്കിഷ്ടം.

ജയദേവൻ: താങ്ക് യൂ! പിന്നെ, എൻെറ ചിത്രം...

ഡോക്ടർ ഗോപി: ഓ, ചിത്രത്തെപ്പററി ഏതാർട്ടിസ്റ്റാ നോക്കുന്നെ? അവക്കു കാശുവേണം. അത്രതന്നെ. സംഗതി സൃഷ്ടിപരമായിരിക്കണമെന്നൊരു ബോധവുമില്ല. കലയ്ക്കു കല! കൊലയ്ക്കു കൊല—

ജയദേവൻ: എക്സാക്ററ്. അതെല്ലാം എൻെറ ചിത്രത്തിലുണ്ടാവും. റിയാലിററി ആൻഡ് ആർട്ട്.

ഡോക്ടർ ഗോപി: ജേംസ്ബോണ്ടിൻെറ കഥകൾ കണ്ടോ?

ജയദേവൻ: (ഗോപിയുടെ കൈപിടിച്ച്) യൂ റൂ ലൈക്ക് ഇംഗ്ലീഷ് പിക്ചേർസ്...

ഡോക്ടർ ഗോപി: വെരി ഗുഡ്! എനിക്കതേ വേണ്ടു. എൻെറ സിസ്റ്ററിനു് എത്ര ഷൂട്ടിംഗ്ബഹളമാണെങ്കിലും ഇംഗ്ലീഷ് സിനിമാ എന്നു കേട്ടാൽ ഭ്രാന്താണ്. ഇംഗ്ലീഷ് ലാംഗ്വേജോ?—ഷേക്സ്പീരിയൻ ലാംഗ്വേജ്.

(ജാനകിഅമ്മ പ്രവേശിക്കുന്നു.)

ജാനകിഅമ്മ: ജയാ, നിന്നോട്ട കുളിക്കാൻ!...(പെട്ടെന്നു ഗോപിയെക്കണ്ടു നാണിച്ചപോലെ) ഇദ്ദേഹം?...

ജയദേവൻ: (വിഷമിച്ച്) ഓ, ഐ ആം സോറി മമ്മീ! ഇദ്ദേഹമാണ് ഡോക്ടർ ഗോപി. എൻെറ ഫ്രണ്ട്.

(ജാനകിഅമ്മ തൊഴുന്നു. കൂടെ ഡോക്ടർ ഗോപിയും.)

ജാനകിയമ്മ: ഞാനെവിടെവച്ചോ കണ്ടിട്ടുണ്ട്.

ജയദേവൻ: നോ, നോ! വഴിയില്ല്യ. അദ്ദേഹം അമേരിക്കയിലായിരുന്നു. അല്ല്യെ, ഫ്രണ്ട് ഗോപീ?

ഡോക്ടർ ഗോപി: ഞാൻ, സുപ്രസിദ്ധ സിനിമാനടി...

ജയദേവൻ: (പെട്ടെന്നു്) സിനിമാനടി എലിസബത്തുറ്റെയ്‌ലറെ കണ്ടിട്ടുണ്ടന്നു്.

ജാനകിഅമ്മ: അമേരിക്കയിലെ ജീവിതം നന്നായിരിക്കും. ഭാഗ്യമുള്ളവരാണവിടെ പോകുന്നവർ!

ജയദേവൻ: മമ്മി!... കറക്റ്റ്!

ഡോക്ടർ ഗോപി: ഞാൻ കാലത്തെ ബഡ്ഡിൽ കഴിക്കു

ന്നതുതന്നെ ആപ്പിൾജ്ജൂസാ. അതു കഴിഞ്ഞു പല്ലു തേച്ചിട്ട്, ബ്രഡ് റോസ്റ്റും ഒരു നാലാംലറ്റും കഴിക്കും.

ജയദേവൻ: (ശ്രദ്ധിച്ച്) ഐ സീ!

ജാനകിഅമ്മ: ഗുരുവായൂരപ്പാ! ഡോക്ടറെ കണ്ടതേ ഭാഗ്യമാ!

ഡോക്ടർ ഗോപി: അതു കഴിഞ്ഞു നോക്കിയാൽ ഹാൾ നിറച്ച് ഗേൾഫ്രണ്ട്സായിരിക്കും. ഓരോരുത്തരും ഓരോ സമയം ഫിക്സ് ചെയ്യും.

ജാനകിഅമ്മ: എന്നിട്ട്?

ജയദേവൻ: ഏതെങ്കിലും ഗേൾഫ്രണ്ടിൻെറ കൈയ്യും കോർത്തു ജമ്മ്ന്നങ്ങു പോകും. (കാണിക്കുന്നു.)

ജാനകിഅമ്മ: എൻറീശ്വരാ! നാണമില്ലാത്തവഹ!

ഡോക്ടർ ഗോപി: എന്തിനു നാണിക്കുന്നു? ഇവിടെ മാത്രമേ ഈ സ്ത്രീപുരുഷവ്യത്യാസമുള്ളു. ഇതു കേൾക്കണോ? വൈകുന്നേരമായിക്കഴിഞ്ഞാൽ ബാററുകളുമായിട്ട് ഒരൊററ പോക്കാണ്, കാറില്!...

ജയദേവൻ: നമ്മുടെ കാറുപോലെയൊന്നുമല്ല!

ജാനകിഅമ്മ: ഇപ്പോൾ നമ്മുടെ കാറാണ് ഏററവും നല്ലതു്. •

ഡോക്ടർ ഗോപി: ഇതു കേൾക്കു. ഡോക്ടർ സിസ്സിലിയും ഞാനുംകൂടി ക്രിക്കറ്റുകളിക്കും. പ്രൊഫസ്സർ മാർഗ്രറ്റും ഞാനുംകൂടി റെന്നീസുകളിക്കും. രാത്രി അവരുടെ ബംഗ്ലാവുകളിൽ കുടിയും ഊണും ഉറക്കവും.

ജാനകിഅമ്മ: ശിവ! ശിവ!...ഇവിടെമറ്റോ ആണെങ്കിൽ കിടന്നുപൊറുക്കണോ? എന്നാലെ ദേവാ, നമ്മുടെ അരുന്ധതിയെ ഈ ഡോക്ടറെ കാണിക്കാം. മോളേ! അരു!

(അരുന്ധതി വരുന്നു. ഡോക്ടർ ഗോപിയെ കണ്ടു തുറിച്ചുനോക്കുന്നു.)

ജാനകിഅമ്മ: മോളേ! നമ്മുടെ നല്ലകാലം! ഇതു്, ഡോക്ടർ ഗോപിയാണു്. അമേരിക്കയിലായിരുന്നു... ഡോക്ടർ, ഇവൾ ഇടയ്ക്കിടെ തലകറങ്ങി വീഴും.

ഡോക്ടർ ഗോപി: മറ്റെന്തെങ്കിലും...?

അരുന്ധതി: (നാണിച്ചു്) ഇല്ല.

ഡോക്ടർ ഗോപി: അപ്പോൾ സാരമില്ല. ഒരു കാര്യം ചെയ്യു്. ഒരു മെഡിക്കൽചെക്കപ്പു വേണ്ടിവരും.

ജയദേവൻ: എക്സാക്ലറ്റി!

ഡോക്ടർ ഗോപി: എന്റെ മെഡിക്കൽഷോപ്പിലേക്കു്— അല്ല, നെഴ്സിംഗ് ഹോമിലേക്കു വരട്ടെ.

ജയദേവൻ: വെരി ഗുഡ്—അനതർ ക്യാമ്പ്—

ജാനകിഅമ്മ: എന്നാലങ്ങനെയാവട്ടെ. ഞങ്ങളിപ്പോൾ തന്നെ വരാം.

ജയദേവൻ: നോ, നോ! ഡോക്ടർ, ഇവിടെ ചെക്കു ചെയ്താൽ മതി ഡോക്ടർ.

ഡോക്ടർ ഗോപി: നോ, എനിക്കു ധൃതിയുണ്ടു്! അങ്ങോട്ടു വരൂ.

അരുന്ധതി: മമ്മീ, നമുക്കു പോകാം.

ജാനകിയമ്മ: നോ, നോ! കാറു വരട്ടെ. ഡാഡിക്കു് കാറയയ്ക്കാൻപറഞ്ഞു ഫോൺ ചെയ്യാം.

ഡോക്ടർ ഗോപി: എന്നാൽ, ഞാനിറങ്ങട്ടെ ദേവ്... പിന്നെ പ്രൊഡക്ഷൻ ...

ജയദേവൻ: (കുഴങ്ങി) പിന്നെ സംസാരിക്കാം.

ഡോക്ടർ ഗോപി: ഓക്കേ! (ഇറങ്ങിപ്പോകുന്നു.)

(ജാനകിഅമ്മയും അരുന്ധതിയും ഡോക്ടർ ഗോപി പോയ വഴിയെ എത്തിയെത്തി നോക്കുന്നു. ജയദേവൻ മുഖം ചുളിച്ചു് ഉള്ളിലേക്കു പോകുന്നു.)

(കർട്ടൻ)

## രംഗം മൂന്നു്

[അതേ രംഗം. തീയതി ഇരുപതു്. പൂക്കളും ജനൽക്കട്ടനും ടേബിറം ക്ലോത്തും മാറിയിരിക്കുന്നു. എന്തോ അഗാധമായലോചിച്ചു് ശങ്കർ കത്തിക്കുറിക്കുന്നു.]

ശങ്കർ: കണ്ണൻ!...കണ്ണാ!...

(കണ്ണൻ പ്രവേശിക്കുന്നു.)

കണ്ണൻ: എന്നെ വിളിച്ചോ?

ശങ്കർ: ഉവ്വു്. എവിടെ? എവിടെ?

(കണ്ണൻ ചുററുപാടും നോക്കി ആരുമില്ലെന്നു നിശ്ചയംവരുത്തിയിട്ടു്, ക്ലജാസ്റ്റാൻഡിനു കീഴിൽനിന്നും ഗ്ലാസ്സെടുത്തു്, കഴുകി ററേബിളിനോടടുക്കുന്നു. പെട്ടെന്നു് ഷൽട്ടിനുള്ളിൽ കൈയിട്ടു് ഒരു പരന്ന കുപ്പിയെടുത്തു് കോക്കു തുറന്നു് ഗ്ലാസിൽ പകന്നു ശങ്കറിനു കൊടുക്കുന്നു.)

കണ്ണൻ: സിൽവറാ...എ-വണ്ണാ!...പക്ഷേ, തീപിടിച്ച വിലയാ, അങ്ങുന്നെ!

ശങ്കർ: (ഗ്ലാസ്സു് ഒററവലിക്കു കുടിച്ചു് വീണ്ടും നീട്ടി) ഉം, ഒഴിക്കെടാ!

കണ്ണൻ: (ഒഴിച്ചുകൊണ്ടു്) അങ്ങുന്നേ, വീട്ടിൽപ്പോയിട്ടും നാളൊത്തിരിയായി. അവിടത്തെ കാര്യങ്ങൾ എഴുത്തുമൂലം മാത്രം അറിയാം.

ശങ്കർ: അതു മതി. (ഗ്ലാസ് നീട്ടുന്നു.)

(പെട്ടെന്നു് ജാനകി അമ്മ വന്നു ബോട്ടിൽ കണ്ണന്റെ കൈയിൽ നിന്നും തട്ടിപ്പറിക്കുന്നു.)

ജാനു!...ജാനു!...(ആർത്തിയോടെ എഴുന്നേററു്) ഒരു ഗ്ലാസ്സുകൂടി...

ജാനകിഅമ്മ: നിങ്ങളീ തീവെള്ളം വിഴുങ്ങി വിഴുങ്ങി ആ മില്ലുംകൂടി വിഴുങ്ങും. (കണ്ണനോടു തിരിഞ്ഞു്)

ഇവനെ ഇവിടന്നു് ആദ്യം പുറത്താക്കിയാലേ ഗുണം വരൂ!

കണ്ണൻ: ആരാനും കുറ്റംചെയ്യാൻ, പാവ തല്ലുകൊള്ളാൻ.

ജാനകിഅമ്മ: നിന്നെ തല്ലുകയല്ലാ വേണ്ടതു്, കൊല്ലണം! ഞാനെത്രപ്രാവശ്യമാ പറഞ്ഞിരിക്കുന്നു, അദ്ദേഹത്തിന്നു് ഈവക സാധനങ്ങൾ കൊടുക്കരുതു്, കൊടുക്കരുതു് എന്നു്. അദ്ദേഹത്തിന്നു് അതല്ലേ സുഖക്കേടു്?

കണ്ണൻ: ഏതു്? ഷുഗറോ, പ്രഷറോ?

ജാനകിഅമ്മ: നിൻെറ തല!...(കുപ്പിയുമായി കലുങ്ങി കലുങ്ങി പോകുന്നു.)

ശങ്കർ: (തളർന്നിരുന്നു്) അതും കൊണ്ടുപോയി. പുറത്തു് ആയാൽ സ്റ്റാററസ് പോകും. ഇവിടെ...

കണ്ണൻ: അങ്ങുന്നേ!...(ചുറ്റും നോക്കി) കൊച്ചമ്മ അതെന്തിനാ കൊണ്ടുപോയതെന്നറിയാമോ?...

ശങ്കർ: ഏതു്?

കണ്ണൻ: ആ മദ്യക്കുപ്പി.

ശങ്കർ: എടാ, പയ്യനെപ്പറയ്. വല്ലവരും കേൾക്കും. മരുന്നുകുപ്പിയാണതു് എന്നു നിനക്കെത്രപ്രാവശ്യം പറഞ്ഞുതന്നു.

കണ്ണൻ: ആം... അതെ, അതേ... മരുന്നുകുപ്പി.

ശങ്കർ: ജാനു അതു കൊണ്ടുപോയി തല്ലിപ്പൊട്ടിച്ചുകളയും.

കണ്ണൻ: ഉവ്വു്—തല്ലിപ്പൊട്ടിക്കും! കൊച്ചമ്മ അതു കുപ്പിയോടെ വിഴുങ്ങും...

ശങ്കർ: (എഴുന്നേററു്) കണ്ണാ!...

കണ്ണൻ: പാവം! അങ്ങുന്നിന്നു് ഒന്നുമറിഞ്ഞുകൂടാ! കൊച്ചമ്മ മില്ലും വിഴുങ്ങും, ഈ വീടും വിഴുങ്ങും.

(ജാനകിഅമ്മ റൂംത്തടിയുമായി വരുന്നു.)

ജാനകിഅമ്മ: എന്താടാ പറഞ്ഞെ?...

കണ്ണൻ: (ഈസിമട്ടിൽ) അല്ലാ, ഞാൻ പറയുവാരുന്നു. കൊച്ചമ്മേ, കൊച്ചമ്മയെ ഈ വീട്ടില് മാത്രമല്ലാ— നാട്ടിലും പേടിയാണെന്ന്.

ജാനകിഅമ്മ: (ഞെളിഞ്ഞു്) അതു് നിന്റെ ഈ അങ്ങുന്നിനറിയാമോ?

കണ്ണൻ: എവിടുന്നറിയാനാ?

ശങ്കർ: കണ്ണാ!...

കണ്ണൻ: അങ്ങുന്നിനെ കിട്ടിയ ഈ കുടുംബം ഭാഗ്യംചെയ്ത കുടുംബമാണു്.

ജാനകിഅമ്മ: (ചിരിച്ചു കുഴഞ്ഞു് ശങ്കറിൻെറ കസേരയോടു പററിനിന്നു്) അതും ശരിയാ കണ്ണാ!...കണ്ണാ! നീ ഉള്ളിലേക്കു ചെല്ലു്. അരുവിനു് എന്തോ പുസ്തകം വേണമെന്നു്. നീ അവളുടെ കൂടെ പോസൊന്നും കാണിച്ചു നില്ക്കരുതു്, കേട്ടോ? കോളേജിൽ പോകാറായി.

(കണ്ണൻ ഉള്ളിലേക്കു പോകുന്നു.)

ശങ്കർ: കണ്ണാ!...കൊള്ളരുതാത്ത പുസ്തകമൊന്നും വാങ്ങിക്കൊടുക്കരുതു്.

ജാനകിഅമ്മ: ഡാക്ടർ പറഞ്ഞതു കേട്ടില്ലേ?

ശങ്കർ: കേട്ടു, കേട്ടു.

ജാനകിഅമ്മ: എന്തു കേട്ടു?...എപ്പോൾ നോക്കിയാലും ഒരെഴുത്തു്!...

ശങ്കർ: (എഴുത്തു തുടൎന്നുകൊണ്ടു്) പറയൂ.

ജാനകിഅമ്മ: മോൾക്കു്—അരുന്ധതിക്കേയ്—മനസ്സിനു് വിഷമംതട്ടത്തക്ക രീതിയിൽ ഒന്നും പറയുകയോ പ്രവൎത്തിക്കുകയോ അരുതെന്നു്!

ശങ്കർ: അതെന്താ?

ജാനകിഅമ്മ: പെട്ടെന്നു് അസുഖം അധികമാകും. എന്തു് ഇഷ്ടമാണോ, അപ്പടി നടന്നേക്കണംപോലും.

ശങ്കർ: (ദൃഷ്ടി കടലാസിൽനിന്നും എടുക്കാതെ) ചുററുകയേ ഉള്ളൂ.

ജാനകിഅമ്മ: അസുഖം പൂൎണ്ണമായും മാറുന്നതുവരെ. (പേനയിൽ കടന്നുപിടിച്ചു്) ഇതെന്തൊരെഴുത്താ?

ശങ്കർ: പിന്നെ ഞാനെന്തുചെയ്യണം? ഡയറക്ടർബോഡിക്കു് റിപ്പോർട്ടു സമൎപ്പിക്കണം.

ജാനകിഅമ്മ: (പിണക്കം കാട്ടി) ഓ, അല്ലെങ്കിലും അങ്ങനെയാ. എന്നോടശേഷം സ്നേഹമില്ലാ!

ശങ്കർ: പിന്നെ, നീ ചെറുപ്പമല്ലേ!...

ജാനകിഅമ്മ: ഞാൻ വയസ്സായി എന്നായിരിക്കും. എന്നാലേയ് ഒരു കൊച്ചു പെണ്ണിനെ എടുത്തോളൂ. (തിരിയുന്നു.)

ശങ്കർ: ഓ, അപ്പോഴേക്കും പിണങ്ങിയോ? (എഴുന്നേറ്റു കൈപ്പിടിക്കുന്നു.)

(മോഡേൺ സ്റ്റൈലിൽ പെട്ടെന്നു് അരുന്ധതി വരുന്നു. ശങ്കർ യഥാസ്ഥാനത്തു് ഇരിക്കുന്നു.)

അരുന്ധതി: (കൊഞ്ചി) ഡാഡീ, കാറു വന്നില്ലാ!

ശങ്കർ: കാറു്, കാറു്...ഒരു ഫ്രണ്ടു കൊണ്ടുപോയിരിക്കുന്നു. ഇന്നു കണ്ണുനോട്ടു പറഞ്ഞു് ഒരു ടാക്സി പിടിച്ചു പൊയ്ക്കോളൂ.

ജാനകിഅമ്മ: ഹൊ! ഇന്നൊന്നു നടന്നുപോയാലെന്താണു് എന്നു നോക്കട്ടെ. രണ്ടു ഫർലോങ്ങു് നടക്കുമ്പോഴേക്കും കാലൊടിയുന്നെങ്കിൽ ഒടിയട്ടെ! (ഉള്ളിലേക്കു നടക്കുന്നു.)

അരുന്ധതി: (സന്തോഷിച്ചു്) റൈറ്റ്! നടന്നുപോകാം.

ഡാഡീ, റ്റാ–റ്റാ! മമ്മീ, റ്റാ–റ്റാ! (സ്റ്റൈലിൽ നടന്നു പോകുന്നു.)

(ജാനകിഅമ്മ തിരിച്ചുവരുന്നു.)

ശങ്കർ: (ചോദ്യാത്ഥത്തിൽ നോക്കിയിട്ട്) ഉം?... എന്താ?

ജാനകിഅമ്മ: അല്ലാ...മോൻെറ ഈ കിടപ്പെന്താ?

ശങ്കർ: കിടപ്പു മതിയാകുമ്പോൾ താനെ എഴുന്നേല്ക്കും.

ജാനകിഅമ്മ: എഴുന്നേല്ക്കുന്നതല്ലല്ലോ...ഷേവും ചെയ്യൂല, ഒന്നും കഴിക്കുകയും ഇല്ല...

ശങ്കർ: അതിനു ഞാനെന്തു വേണം?

ജാനകിഅമ്മ: കുറച്ചു പണം അവനങ്ങു കൊടുത്തേക്കണം. നമുക്കു കൊടുക്കാനും പറയാനും അതൊന്നല്ലേയുള്ളു?...

ശങ്കർ: ശരി. കൊടുക്കാം. അതിനെന്തിനാ പെട്ടെന്നു മുഖം വീർത്തതു്? പണം കൊടുക്കേണ്ടതായിരിക്കും. കൊടുക്കുന്നില്ല.

ജാനകിഅമ്മ: അതല്ല. ഒരച്ഛനെന്ന കടമയറിയാതെ...

ശങ്കർ: എന്തു വേണമെന്നാ?

ജാനകിഅമ്മ: മോളെ കണ്ടോ?

ശങ്കർ: ഉവ്വ്; അവളിപ്പോൾ കോളേജിലേക്കു പോയി. നിൻെറ ചെറുപ്പത്തിലേ ഉള്ള തനി പ്രകൃതവും കാണിച്ച്.

ജാനകിഅമ്മ: എന്തൊക്കെയാ ഈ പറയുന്നെ?

ശങ്കർ: നീ ചോദിച്ചതിനു സമാധാനം.

ജാനകിഅമ്മ: നല്ല സമാധാനമാ! പെണ്ണിനു വയസ്സെത്രയായി? ആരെയെങ്കിലും ഒന്നു നോക്കണ്ടെ?

ശങ്കർ: നോക്കണം, നോക്കണം...അല്ലാ, അതിപ്പോഴെങ്ങനെയാ? അവൾക്കു മെഡിക്കലിനു പോക

ണമെന്നല്ലേ പറഞ്ഞതു്? അതിനു് അഞ്ചാറുകൊല്ലം പിടിക്കും.

ജാനകിഅമ്മ: അപ്പോഴേക്കും നരയ്ക്കും!

ശങ്കർ: (പുസ്തകത്തിൽ ശ്രദ്ധിച്ചു്) നരയ്ക്കും, നരയ്ക്കും... അല്ലാ, നരച്ചാലെന്താ?

ജാനകിഅമ്മ: കുഴീല്യ വെയ്ക്കാം, അല്ലെങ്കിൽ, സാമൂഹ്യവുമായിട്ട നടക്കാം.

ശങ്കർ: ഇപ്പോഴെന്തു വേണമെന്നു പറയൂ.

ജാനകിഅമ്മ: പററിയ ഒരാളെ നോക്കണം.

ശങ്കർ: നോക്കണം, നോക്കണം... കണ്ണൻ!... കണ്ണാ!...

(കണ്ണൻ വിളികേട്ട വരുന്നു.)

കണ്ണൻ: അങ്ങുന്നിനെ ഫോണിൽ വിളിക്കുന്നു.

ശങ്കർ: ആരാ?

കണ്ണൻ: ഒരു സ്ത്രീയാ!

ജാനകിഅമ്മ: ങ്ഹാ! അങ്ങനെ വരട്ടെ. ആ ശകുന്തളയായിരിക്കും.

ശങ്കൻ: വെം—എ!...സ്ത്രീയോ?...സ്ത്രീയോ?...എന്നെയോ?...

ജാനകിഅമ്മ: അല്ലാ, പുരുഷൻ...ഇനിയും ഈ പണിനിത്താറായില്ല, അല്ലേ?

കണ്ണൻ: അതേന്നേ...

ശങ്കർ: സ്ത്രീകൾ...സ്ത്രീകൾ...എന്നെ...

ജാനകിഅമ്മ: ഞാൻതന്നെ പോയി നോക്കാം. (പോകുന്നു.)

(കണ്ണൻ പുറകേ പോകുന്നു.)

ശങ്കർ: ജാന്വ!...നോ, നോ!...(കസേരയിലിരിക്കുന്നു.)

കണ്ണൻ: (തിരിച്ചുവന്നു്) ശബ്ദം കേട്ടിട്ട്, ആ കുഞ്ഞുകുട്ടിയമ്മയാണെന്നാ തോന്നുന്നെ.

ശങ്കർ: (തലയ്ക്കടിച്ച്) എന്നാ...ഫോണിൽത്തന്നെ യുദ്ധം നടക്കും! രണ്ടും പോന്നതുങ്ങളാ! നിനക്കു ഞാനില്ലെന്നു പറയായിരുന്നില്ലേ?

കണ്ണൻ: കുററിവാഴപോലെ അങ്ങുന്നീ കസേരയിലിരിക്കുമ്പോൾ, ഞാനെങ്ങനെ ഇല്ലെന്നു പറയും?

ജാനകിഅമ്മ: (ചിരിച്ചുകൊണ്ടു വന്ന്) അതേ...ആ എക്സ്–എം.പീടെ ഭാര്യയാ. ഇന്നു വൈകുന്നേരം മഹിളാസമാജത്തിൻെറ മീററിങ്ങുണ്ടുപോലും. എന്നോട്ടു ചെല്ലണമെന്ന്.

ശങ്കർ: (ആശ്വാസത്തോടെ) അതേയോ?...

(അരുന്ധതി പ്രവേശിക്കുന്നു. മുഖം തുടുത്തു ചുവന്നിരിക്കുന്നു. കണ്ണുനീരൊഴുകുന്നു.)

ജാനകിഅമ്മ: അയ്യോ! എൻെറ മോക്കെന്തു പററി?

കണ്ണൻ: വല്ല നായും, പിന്നാലെ കുരച്ചുകൊണ്ടു വന്നോ?

അരുന്ധതി: നിൻെറ തല! ഡാഡീ, ഞാനിനി നടന്നു കോളേജിൽ പോകുല്ലാ. റോഡിലേക്കിറങ്ങിയപ്പോൾ തുടങ്ങിയതാ...

ശങ്കർ: എന്ത്?

അരുന്ധതി: ഒരുത്തൻ, 'പററിയ പേരാ'; വേറൊരുത്തൻ, 'അന്നനടയാ'; പിന്നൊരുത്തൻ, 'ആനന്ദഭൈരവിയാ'...പിന്നെ തുടങ്ങീ ഒരു പറച്ചില്! കൊറച്ചു കഴിഞ്ഞപ്പം ഒരുത്തൻ പുറകേ കൂടി, എന്നോട്ടു കിന്നാരംപറയാൻ. ഞാൻ ഭയന്നു നടന്നു.

ജാനകിഅമ്മ: എന്നിട്ട്?

അരുന്ധതി: അപ്പോൾ അവൻ പറയുകയാ, 'മാൻപേടയെപ്പോലെ ഭയപ്പെടാതെ പ്രിയേ' എന്ന്.

ജാനകിഅമ്മ: ഇവൻെറയൊക്കെ ഒരു ധൈര്യമേ!...

ശങ്കർ: ഇവിടെ മനുഷ്യർക്കു മാനംമര്യാദയായിട്ടു നടക്കാൻ

വയ്യന്നായല്ലോ! എടാ...ദേവ്!...ദേവ്! (വിളിക്കുന്നു.)

അരുന്ധതി: അപ്പോഴേക്കും ഒരു ടാക്സി വന്നു. ഞാനതിൽ ക്കയറി. അപ്പം ബസ്സ്സ്റ്റോപ്പില്യ നില്ക്കണ ഒരുത്തൻ പറയുകയാ, 'ചരക്കു ഫോറിനാ'ണെന്നു്!...

കണ്ണൻ: ശരിയാ; ആ പോക്കു കണ്ടപ്പോൾ എനിക്കും തോന്നി.

ജാനകിഅമ്മ: ഥൂ! നിനക്കും തോന്നിയോ?

(കണ്ണൻ ഉള്ളിലേക്കു വലിയുന്നു.)

ശങ്കർ: ഞാനിതിനൊരതിത്തിവരുത്തും. പോലീസ് കമ്മീഷണക്കു് ഇപ്പോൾത്തന്നെ ഫോൺചെയ്യണം.

ജനകിഅമ്മ: അതു പോരാ. ഐ. ജി.യോടു പറയൂ.

ശങ്കർ: ഇല്ല; മിനിസ്റ്ററക്കുതന്നെ കാൾ...(ഉള്ളിലേക്കു പോകുന്നു.)

(ജാനകിഅമ്മ കുറച്ചിട പിന്നാലെ പോകുന്നു. അരുന്ധതി ധാവണിത്തുമ്പുകൊണ്ടു കണ്ണീരൊപ്പിയിട്ടു് അടക്കിച്ചിരിക്കുന്നു. ജാനകിഅമ്മ പെട്ടെന്നു തിരിയുമ്പോഠം അരുന്ധതി ശോകഭാവം കാണിക്കുന്നു.)

ജാനകിഅമ്മ: വേറെ വല്ലതും പറഞ്ഞോടീ?

അരുന്ധതി: അമ്മേടെയല്ലെ മോള്! കുതിരസ്സു ജനിക്കുന്നതു കുതിരതന്നെയെന്നു്!

ജാനകിഅമ്മ: എരപ്പാളികള്! മോളിനി നടന്നുപോകണ്ട, കാറിൽ പോയാൽ മതി.

(ശങ്കർ വരുന്നു.)

ശങ്കർ: അവനെന്ത്യേ? ദേവൻ?...മിനിസ്റ്റർ വീട്ടിലേക്കു ചെല്ലാൻ പറഞ്ഞിരിക്കുന്നു. ദേവാ!...

ജാനകിഅമ്മ: ദേവാ!...എടാ ജയദേവാ!...

(കണ്ണൻ ജയദേവനെ പിറകിൽനിന്നും തള്ളിക്കൊണ്ടു വരുന്നു. കഴുത്തിൽ 'നിരാഗ്രഹസത്യാഗ്രഹം' എന്ന ഒരു വലിയ ബോഡ്

ളുണ്ടുന്നു. തലമുടി പാറിപ്പറന്ന്. ഷേവുചെയ്യിട്ടില്ല. പുലിപ്പുള്ളി കൈലിമുണ്ടും, അററത്തെ ഒരു ബട്ടൺ മാത്രമിട്ട സ്ലാക്കും വേഷം.)

ശങ്കർ: (പെട്ടെന്നു ചിരിക്കുന്നു) എന്താണിതു്?

കണ്ണൻ: (തിരിച്ചുനിർത്തി ബോർഡു ചൂണ്ടി) നിരാഹാര സത്യഗ്രഹം!

ശങ്കർ: എന്തിനു്?

അരുന്ധതി: പറ ചേട്ടാ.

ജാനകിഅമ്മ: എന്തിനെന്നു പറേടാ.

ജയദേവൻ: മമ്മിയുടേയും ഡാഡിയുടേയും ഈ ഫാസിസ്റ്റ് മോഡൽ മാററണം. ഞങ്ങളും ഈ കുടുംബത്തിലെ മെമ്പേഴ്സാണെന്നും, ചില അവകാശങ്ങളും അധികാരങ്ങളുമുണ്ടെന്നും അംഗീകരിക്കണം. ആളുണ്ടായിരുന്നെങ്കിൽ ഘെരാവോ ചെയ്തേനെ...ഞാൻ മാത്രം എങ്ങനെ ഘെരാവോ ചെയ്യും?

ജാനകിഅമ്മ: എന്താ നിനക്കംഗീകരിക്കേണ്ടതു്? പറയൂ.

ശങ്കർ: ഉം! പറയൂ!

കണ്ണൻ: അങ്ങു പറ, മാൻ...

ജയദേവൻ: എനിക്കു്...ഡെട്രോൺ, ടെർലിൻ, റെഡി മെയ്ഡ് മുതലായ ക്ലോത്ത്സ്, പോക്കററ്മണി, ഒരു സ്കൂട്ടർ, ട്രാൻസിസ്റ്റർ...

അരുന്ധതി: കോസ് മെററിക്സ്.

കണ്ണൻ: ഒരു ഗേൾഫ്രണ്ടും.

ജാനകിഅമ്മ: കണ്ണാ!

ശങ്കർ: ഇത്രയേ ഉള്ളോ? സാംക്ഷൻഡ്! എന്താ മന്ത്രിണീ?

ജാനകിഅമ്മ: സാംക്ഷൻഡ്!

ജയദേവൻ: (പെട്ടെന്നു ബോർഡ് ഊരി എറിഞ്ഞു്)

ഡാഡീ–മമ്മീ സിന്ദാബാദ്! ഡാഡീ–മമ്മീ സിന്ദാബാദ്! (ഉള്ളിലേക്കു പോകുന്നു.)

(കൂടെ കണ്ണനും പോകുന്നു.)

അരുന്ധതി: (കൊഞ്ചി) ഡാഡീ!...

ശങ്കർ: ഇനി നിനക്ക് സൈക്കോളജിക്കൽ ബ്രിക്സ്.

ജാനകിഅമ്മ: അല്ല; കുററാന്വേഷണം. എന്നിട്ടുവേണം തലചുററിവീഴാൻ. ഇപ്പഴാ ഓർത്തെ! ഡാക്ടരുടെയടുത്തു പോകണ്ടേ?

ശങ്കർ: എന്തിനാ? ഹിസ്റ്റീരിയാ...

ജാനകിഅമ്മ: അവളുടെ ഈ സുഖക്കേടിനു് ഇൻജക്ഷൻ കൊടുത്തു മാററാമെന്നു് ഡോക്ടർ ഗോപി പറഞ്ഞു.

ശങ്കർ: ഡോക്ടർ ഗോപി! അതേതു ഡോക്ടർ? ഞാനറിയുകയില്ലല്ലോ!

ജാനകിഅമ്മ: ഈയിടെ അമേരിക്കയിൽനിന്നും വന്നിരിക്കുന്ന ആളാ.

അരുന്ധതി: വണ്ടർഫുൾ ഡോക്ടർ, ഡാഡീ!

ശങ്കർ: ഇവിടെ പ്രാക്ടീസ് ആരംഭിച്ചിട്ട് എന്നെ വന്നു കണ്ടില്ലാ!

ജാനകിഅമ്മ: ഇവിടെ വന്നിരുന്നു. പൊന്നുംകൊടുത്ത ഡാക്ടർ!

അരുന്ധതി: ഇഞ്ചക്ഷനു കൈമസ്സിൽ പിടിക്കുമ്പോൾ തന്നെ ശരീരം തരിച്ചുകേറും. പാതി സുഖക്കേടു പോയപോലെ. (പോകുന്നു.)

(ശങ്കർ എഴുത്താരംഭിക്കുന്നു.)

ജാനകിഅമ്മ: (പേന പിടിച്ചുവാങ്ങിച്ച്) എന്തൊാരെഴുത്താ?...

ശങ്കർ: ഇതൊന്നു തീർക്കട്ടെ ജാന്വേ!...

ജാനകിഅമ്മ: പിന്നെ!...ഇനിയാ നോവലെഴുതി സമ്പാദിക്കാൻപോകുന്നെ!...

ശങ്കർ: ഇതു നോവലല്ല,

ജാനകിഅമ്മ: ഞങ്ങളുടെ അടുത്ത് ഒരു എഴുത്തുകാരനുണ്ടായിരുന്നു. മുപ്പതുനാഴികേം കുടിക്കുകേം, വലിക്കുകേം എഴുതുകയുമാ പതിവ്.

ശങ്കർ: അതെന്തിനാ എപ്പോഴും കുടിക്കുന്നെ?

ജാനകിഅമ്മ: ദേവൻറച്ഛനെന്തിനാ കുടിച്ചേ?

ശങ്കർ: ചുമ്മാതെ.

ജാനകിഅമ്മ: ചുമ്മാതല്ല; ഭാവന വരാൻ.

ശങ്കർ: അതൊരുതരം സുഖക്കേടാ!...

ജാനകിഅമ്മ: അതെന്തെങ്കിലുമാകട്ടെ. ഇപ്പോഴീക്കാര്യമെന്തു പറയുന്നു?

ശങ്കർ: ഏതു കാര്യം? എന്തു പറയണം?

ജാനകിഅമ്മ: (മേശമേൽ കൈമുട്ടു കുത്തി) ഇതാ പറഞ്ഞെ, നിങ്ങൾക്കു കുടുംബമെന്ന ധാരണയില്ലെന്നു്.

ശങ്കർ: ഇല്ല, ഇല്ല. എന്താ പറഞ്ഞേ? കുടുംബധാരണയില്ലെന്നോ? മറെറല്ലാ ധാരണപോലെ അതും ഉണ്ടു്.

ജാനകിഅമ്മ: കളിയാക്കാൻ മിടുക്കനാ! കാര്യം പറയൂ. നമ്മുടെ അരുവിനു വയസ്സെത്രയായി? ഒരാലോചന നടത്തി ആക്കെങ്കിലും പിടിച്ചുകൊടുക്കണ്ടേ?

ശങ്കർ: കൊടുക്കണം, കൊടുക്കണം; ആക്കെങ്കിലും പിടിച്ചുകൊടുക്കണം.

ജാനകിഅമ്മ: എന്നാൽ പിടിച്ചുകൊടുത്തോളു വല്ല കഴുതയ്ക്കും. (മുഖം വീപ്പിച്ചു നടക്കുന്നു.)

ശങ്കർ: ഏ, അവിടെ നിൽക്കൂ; അങ്ങനെ ദേഷ്യപ്പെടാതെ...അതിനു ഞാനെന്തു ചെയ്യണം?

ജാനകിഅമ്മ: തലകുത്തി നില്ക്കണം!

ശങ്കർ: ശീഷ്ാസനം...നില്ക്കാം. (ത്രാറുപാച്ചിക്ക്ത്തി തയ്യാറെടുക്കുന്നു.)

ജാനകിഅമ്മ: (ചിരിച്ച്) ഒന്നു ചുമ്മാതിരിക്കൂ, ഭ്രാന്തു കാണിക്കാതെ.

ശങ്കർ: പിന്നെ ഞാനെന്തു വേണം? ഭവതി ആജ്ഞാപിച്ചാലും!

ജാനകിഅമ്മ: ഏതെങ്കിലും ഒരു മൂന്നാമനോട്ട് ഈ കാര്യം പറഞ്ഞാൽ അയാൾ ശരിപ്പെടുത്തും.

ശങ്കർ: ശരി. കണ്ണാ!...കണ്ണാ!...

(കണ്ണൻ വിളികേട്ടുകൊണ്ടു പ്രവേശിക്കുന്നു.)

കണ്ണൻ: എന്തോ?...

ശങ്കർ: നിനക്കു മൂന്നാമൻമാരെ വല്ലവരേയും അറിയാമോ?

കണ്ണൻ: ഓ, അറിയാമല്ലോ. കറാച്ചിസൈസ് വേണോ? പൊള്ളാച്ചിസൈസ് വേണോ?

ജാനകിഅമ്മ: എന്തോന്നാടാ...

കണ്ണൻ: കറവുള്ളതു വേണോ? മച്ചി വേണോ?

ജാനകിഅമ്മ: നിൻെറ തല!...

ശങ്കർ: വിഡ്ഢി!...എന്തോന്നാടാ?

കണ്ണൻ: പശു...

ജാനകിഅമ്മ: ഹൊ! ഹൊ! ഈ പടി കേറുന്നവനൊക്കെ ലൂസ്സാ!

കണ്ണൻ: അതെയതെ!

ശങ്കർ: അതേന്നോ? അപ്പം എനിക്കും ലൂസ്സാടാ?

കണ്ണൻ: കൊച്ചമ്മയാ പറഞ്ഞെ...

ജാനകിഅമ്മ: കണ്ണാ!...നിന്നോടു ചോദിച്ചതു് അതല്ലാ. ഈ സംബന്ധക്കാര്യം ആലോചിക്കുന്ന മൂന്നാമൻെറ കാര്യമാ. നമ്മുടെ അരുന്ധതിക്കു് ഒരു കൊച്ചൻെറ കാര്യത്തിനാ.

കണ്ണൻ: ഹം...അതോ...അതിനാളുണ്ട്. പിന്നെ കൊച്ചമ്മേ...(വിരലെണ്ണി) ഐ. എ. എസ്. വേണോ, ഐ. ആർ. എസ്. സി. വേണോ? ഡാക്ടർ, എഞ്ചിനീയർ, ററക്നീഷ്യൻ, കമ്പനിമാനേജർ, കമ്പനി ഓണർ, സിനിസ്റ്റാർ, ഡയറക്ടർ, പ്രൊഡ്യൂസർ, ലാൻഡ് ലോർഡ്...

ശങ്കർ: നിത്തടാ!

കണ്ണൻ: നിത്തി. അപ്പോൾ ലാൻഡ്ലോർഡ്. ശരി. ചേരും. അതും ഇവിടുത്തെക്കാളും ഗണ്ഡൻ പണം ആയിരിക്കണം. (ആലോചിച്ച്) ഹാം! ശരി.

ജാനകിഅമ്മ: എന്തു ശരി?

കണ്ണൻ: അല്ലാ കൊച്ചമ്മ, മൂന്നാമൻമാരു പലവിധത്തിലുണ്ട്. പരട്ടകള്, ഡീസൻറുകള്...

ശങ്കർ: (ചിരിച്ച്) അതെന്താടാ?

കണ്ണൻ: അതു്...പരട്ടകൾ എന്നു പറഞ്ഞാൽ, ഈ അണ്ഡനും അടകോടനും സെററു്...എന്നുവെച്ചാൽ. (വയർ വീത്തു കാണിച്ച്) ഇതായിക്കഴിഞ്ഞാൽ കയററി ഏല്ക്കുന്ന വഗ്ഗം, താലി കെട്ടിയേച്ച് ഇട്ടേച്ചു പോണതു്, പെണ്ണിനെ കെട്ടിയിട്ട് അവിടത്തെ ചെലവുംപററികെടക്കണതു്...

(ജാനകിഅമ്മയും ശങ്കറും ചിരിച്ചുമറിയുന്നു.)

ജാനകിഅമ്മ: ഇവനെക്കൊണ്ടു തോററു...

കണ്ണൻ: ഇതൊന്നുമല്ല കൊച്ചമ്മേ, വേറൊരു സൈസുണ്ട്. മദ്ധ്യമം. 'ഉത്തമം, മദ്ധ്യമം പാത്താൽ' എന്നാ പ്രമാണം. അതായതു്, പ്രേമനൈരാശ്യക്കാർ, തൈക്കിഴവികൾ...

ശങ്കർ: കണ്ണാ!... (ചിരിച്ച്) എന്തു നൈരാശ്യമെങ്കിലുമാട്ടെ. ഇവിട്ടത്തെ പെണ്ണിനു ചേന്നതു്.

കണ്ണൻ: ഞാനിപ്പോൾ പററിച്ചേക്കാം. (ആലോചിച്ച്) നമ്മുടെ മണിയൻപിള്ള ആശാനില്ലേ? കല്യാണവിഷയത്തിൽ മിട്ടക്കൻ മൂന്നാമനാ... (ജപിച്ചുകൊണ്ട പോകുന്നു.) ലാൻഡ് ലോർഡ്, ലാൻഡ് ലോർഡ്...

(കർട്ടൻ)

# രംഗം നാല്

[തീയതി ഇരുപത്തിമൂന്ന കാണിക്കുന്ന കലണ്ടർ. മററെല്ലാം പഴയതു പോലെതന്നെ.

കണ്ണൻ കസേരയും സെററിയും എല്ലാം തുടച്ച് വൃത്തിയാക്കി ഒരുക്കുന്നു.

അൻപതോടടുത്ത മൂന്നാമൻ മണിയൻ പിള്ള ആശാൻ വരുന്നു. ഒരു കൈ സ്വാധീനക്കുറവാണ്.]

മണിയൻപിള്ള ആശാൻ: നമസ്തെ!...

കണ്ണൻ: ആര്? ആശാനോ? നമസ്തെ! നമസ്തെ! ഇങ്ങോട്ടിരുന്നാട്ടെ, ഇരുന്നാട്ടെ...ഇങ്ങോട്ട്, ഇങ്ങോട്ട്. (സെററി തുടച്ചുകൊടുക്കുന്നു.)

മണിയൻപിള്ള ആശാൻ: മുതലാളി...?

കണ്ണൻ: അങ്ങുന്ന് ബാത്ത്റൂമിലാണ്. കൊച്ചമ്മ പൂജാമുറിയിലും.

മണിയൻപിള്ള ആശാൻ: പിന്നെ, കണ്ണൻകുഞ്ഞു പറഞ്ഞതുപോലെ ഒരു സ്ഥലത്തു സംഗതി ഒപ്പിച്ചിട്ടുണ്ട്. ചെറുക്കൻ എം. എ., എൽഎൽ. ബി.യാണ്. ഭയങ്കര പണക്കാരനാണ്. അവർ എട്ട് ആൺമക്കളാ.

കണ്ണൻ: അപ്പോൾ ഭയങ്കരമാ!

മണിയൻപിള്ള ആശാൻ: എന്താ അത്?

കണ്ണൻ: (രസിക്കാത്ത മട്ടിൽ) ഫാമിലിപ്ലാനിങ്ങില്ലാ!

മണിയൻപിള്ള ആശാൻ: എന്നുവെച്ചാൽ?

കണ്ണൻ: ഒരാണും ഒരു പെണ്ണുമേ പാടുള്ളൂ ഒരമ്മയ്ക്കും ഒരച്ഛനും, എന്നാണ് സക്കാരും അറിവുള്ളവരും പറയുന്നത്.

മണിയൻപിള്ള ആശാൻ: എന്നു പറഞ്ഞാൽ പററുമോ

കുഞ്ഞേ? ഈശ്വരൻ തരുന്നതു് എത്രയാണെങ്കിലും കൈ നീട്ടി വാങ്ങിക്കണം.

കണ്ണൻ: അതൊക്കെ ശരിയാ. പക്ഷേല്യ്, അതുപോലെ നാട്ടിലും തിന്നാനുള്ള സാധനങ്ങളൊണ്ടാകണമെന്നാ ഇന്നാള് ഒരാള പ്രസംഗിച്ചതു്.

മണിയൻപിള്ള ആശാൻ: അതൊക്കെ ഈശ്വരകല്പിതം. വായ കീറീട്ടുണ്ടോ? ഇരയും കല്പിക്കും.

കണ്ണൻ: അതൊക്കെ പണ്ടത്തെ പറച്ചിലാ.

മണിയൻപിള്ള ആശാൻ: പണ്ടൊള്ളതിൽ പതിരില്ലാ... അറിയുമോ കുഞ്ഞിനു്? സ്ത്രീയാം അബലാം എന്ന പുരാണം ശരിയല്ലെ? ശരിയാ. ഇന്നും പെമ്പിള്ളേരുടെ മനസ്സിനു് ഇളക്കമാ.

കണ്ണൻ: ഇളക്കമെന്നോ? ഭയങ്കര ഇളക്കമാ! ആശാൻ ഇളക്കമൊക്കെ കൊറെ കണ്ടുകാണും!

മണിയൻപിള്ള ആശാൻ: കണ്ടിട്ടുണ്ടെന്നോ? ഗുരുവായൂരപ്പാ! ഇനി എന്തെല്ലാം കണ്ടിട്ടാ ഈ കണ്ണുകൾ അടയേണ്ടതു്?

കണ്ണൻ: ഞാൻ ചത്താലും കണ്ണടയുല്ലാ. കാരണം, എനിക്കൊരുപാടു കാണണമെന്നു മോഹം.

മണിയൻപിള്ള ആശാൻ: നല്ല മോഹമാ! എന്റെ പിള്ളേ, കണ്ടതൊക്കെ മതി. മതിയേ മതി. പിന്നെ, അന്നു വന്നിട്ടും ഇവിടുത്തെ പെങ്കൊച്ചിനെ ഞാൻ കണ്ടില്ല്യാ. അവരു ചോദിച്ചു, 'പെണ്ണെങ്ങനെയുണ്ടു്?' എന്നു്?

കണ്ണൻ: അതു പറയാൻ വല്ലതുമുണ്ടോ? ഉഡുരാജമുഖീ, മൃഗരാജകടീ, ഗജരാജവിരാജിതമന്ദഗതീ... അതായതു്, ചന്ദ്രനെപ്പോലെ മുഖം പപ്പടവട്ടത്തിൽ. സിംഹത്തിന്റെ കടി. ഭയങ്കര കടിയാ!... ഒററ പല്ലേ

ററാൽ മതി. (അഭിനയിക്കുന്നു.) പിന്നെ ആനയുടെ നട...ഇങ്ങനെ—മന്തൻ, കാല്യ വലിച്ചുവെയ്ക്കുന്നതു പോലെ...

(അരുന്ധതി വരുന്നു.)

അരുന്ധതി: ആരാ കണ്ണാ?...

(മണിയൻപിള്ള ആശാൻ മിഴിച്ചുനോക്കുന്നു.)

കണ്ണൻ: കുഞ്ഞിനു് നൂറുവയസ്സാ! ഇപ്പോൾ പറഞ്ഞേയുള്ളു...ഇങ്ങോരെ അറിയുമോ? തേർഡ് പേഴ്സൺ, മണിയൻപിള്ളയാശാൻ.

അരുന്ധതി: പുസ്തകം കിട്ടിയോ?

കണ്ണൻ: ഹല്ലാ! പുസ്തകത്തിൻെറ കാര്യമാ ഇപ്പഴ്. ഇതു കേൾക്കു്. ആശാൻ, കുഞ്ഞിനു് ഒരു കാര്യവും കൊണ്ടു വന്നിരിക്കുകയാ.

അരുന്ധതി: എന്തു കാര്യമാ?

കണ്ണൻ: ഈ കുഞ്ഞിനൊന്നുമറിഞ്ഞുകൂടാ! (ചിരിക്കുന്നു.)

അരുന്ധതി: ചുമ്മാ ചിരിക്കാതെ, കാര്യം പറയൂ കണ്ണാ.

കണ്ണൻ: കല്യാണക്കാര്യം.

അരുന്ധതി: (നാണിച്ചു്) ഈ കണ്ണനെന്താ! (മണിയൻപിള്ള ആശാനെ ഒളികണ്ണിട്ടിട്ടു പോകുന്നു.)

കണ്ണൻ: ഈ നാണമൊക്കെ പോകുമേ... (പെട്ടെന്നു ചാടുന്നു.) തേള്! തേള്!...(ചെരുപ്പെടുത്തടിക്കുന്നു) ഇവനെവിടുന്നു വന്നു?

മണിയൻപിള്ള ആശാൻ: കൊല്ലു്, കൊല്ലു്! വൃശ്ചികസ്യ വിഷം പുച്ഛേ—എന്നാ പ്രമാണം.

കണ്ണൻ: എന്നുവച്ചാൽ?

മണിയൻപിള്ള ആശാൻ: തേളിനു വാലിനററത്തു വിഷം.

കണ്ണൻ: അപ്പോൾ, ഈ പെണ്ണുങ്ങള്ക് അതിലും കൂടിയ ജന്തുക്കളാ!

മണിയൻപിള്ള ആശാൻ: കാരണം?

കണ്ണൻ: അവക്കു് കൺതുമ്പിലാ വിഷം.

(ശങ്കർ വരുന്നു. മണിയൻപിള്ള ആശാൻ എഴുന്നേററു തൊഴുന്നു.)

ശങ്കർ: ആശാൻ വന്നിട്ടു്, ഒത്തിരിനേരമായോ?

മണിയൻപിള്ള ആശാൻ: ഇപ്പോൾ വന്നേയുള്ളു.

ശങ്കർ: കണ്ണാ, ആശാനു് കാപ്പികൊടുത്തില്ലേ? കൊച്ചമ്മ പൂജകഴിഞ്ഞു വന്നില്ലേ?

കണ്ണൻ: പൂജകഴിയാൻ താമസിക്കും.

മണിയൻപിള്ള ആശാൻ: ഉം? അതെന്താ?

കണ്ണൻ: ആ മുറീല്, മുപ്പത്തിമുക്കോടി ദേവന്മാരുമൊണ്ടു്. എല്ലാം, കുന്തോം കോലും വാളും ഗതേം ഒക്കെ പിടിച്ചതുങ്ങളാ!

(ജാനകിഅമ്മ കടന്നുവരുന്നു.)

ജാനകിഅമ്മ: എന്താ കണ്ണൻെറ പ്രസംഗം? അകത്തു ചെന്നു് ആശാനു വല്ലതും കൊണ്ടുവന്നു കൊടുക്കാൻ നോക്കു്.

കണ്ണൻ: ചായ–കാപ്പി–ഒർലിക്സ്, പരിപ്പുവട–പുട്ടു്–പഴം ചപ്പാത്തി–കുറുമ...ഏതു വേണം ആശാനു്?

മണിയൻപിള്ള ആശാൻ: ഹേ! എനിക്കു് ഒന്നും വേണ്ട.

ശങ്കർ: വെറും, ഒരുഗ്ലാസ്സ് കാപ്പിയെങ്കിലും...

മണിയൻപിള്ള ആശാൻ: അവിടുന്നു പറഞ്ഞാൽ പിന്നെ ആകാം...

(കണ്ണൻ നടന്നുമറയുന്നു. മണിയൻപിള്ള ആശാൻ എത്തിയെത്തി നോക്കുന്നു. ശങ്കറും ജാനകിഅമ്മയും ശ്രദ്ധിക്കുന്നു.)

ജാനകിഅമ്മ: ആശാനെന്താ നോക്കുന്നെ?

മണിയൻപിള്ള ആശാൻ: അല്ലാ, കണ്ണൻ പോയോ എന്നു നോക്കിയതാ.

ജാനകിഅമ്മ: എന്തിനാ?

മണിയൻപിള്ള ആശാൻ: ആ പരിപ്പുവടയൊണ്ടെങ്കിൽ ഒരഞ്ചാറെണ്ണം. അല്ലാ...എനിക്കല്ലാ...പിള്ളേർക്കു തിന്നാനാ.

ജാനകിഅമ്മ: ഇവിടെ പരിപ്പുവടയൊന്നുമില്ല ആശാനെ. അവൻ ചുമ്മാ പറഞ്ഞതാ. പിള്ളേർക്കു തിന്നാൻ, നല്ല കേക്കും ബിസ്ക്കറ്റും തരാം.

മണിയൻപിള്ള ആശാൻ: മതിയേ!...

ശങ്കർ: ആശാന് എത്ര കുട്ടികളാ?

മണിയൻപിള്ള ആശാൻ: അഞ്ച്! പഞ്ചപാണ്ഡവരാ...

ശങ്കർ: വെരി ഗുഡ്.

ജാനകിഅമ്മ: ആശാനെ, കാര്യം എവിടത്തോളമെത്തി?

മണിയൻപിള്ള ആശാൻ: ആള്, മല്ലിക്കലദ്ദേഹത്തിൻെറ മൂത്തമകനാ. കണ്ടാൽ, ചന്ദ്രൻ ഉദിച്ചുവരുന്നതുപോലെയാ. അതും, എം. എ., എൽ്എൽ. ബി. ക്കാരൻ. ഭയങ്കര സ്വത്തും. എപ്പോഴും പെട്ടിയിൽ ഒന്നൊണ്ടാകും.

ശങ്കർ: (വേറെ അർത്ഥത്തിൽ) ഒന്നെന്നു വെച്ചാൽ?

മണിയൻപിള്ള ആശാൻ: ഒരു ലക്ഷം.

ശങ്കർ: ഓഹോ!...

(കണ്ണൻ കാപ്പി കൊണ്ടുവരുന്നു.)

കണ്ണൻ: ഈ ചൂടൊള്ള വെള്ളം ഉള്ളിലോട്ടങ്ങു ചെല്ലട്ടെ.

ജാനകിഅമ്മ: പിന്നെ, അവരെന്തു പറഞ്ഞു?

മണിയൻപിള്ള ആശാൻ: വേറൊന്നും അവരു പറഞ്ഞില്ല. നമ്മുടെയും അവരുടെയും നിലയ്ക്കനുസരിച്ച

വേണം എല്ലാം നടക്കാൻ. അവർ (കലണ്ടറിൽ നോക്കി) നാളെ, ഇരുപത്തിനാല്—വ്യാഴം. ഹം! നാളെ വരും.

ജാനകിഅമ്മ: (പരിഭ്രമിച്ച്) അയ്യൊ!...ദേവ്!...കണ്ണാ!...

കണ്ണൻ: ഞാനിവിടേണ്ട്.

ജാനകിഅമ്മ: എടാ, നീയിതു കേട്ടുകൊണ്ടു നില്ക്കണില്ലെ?

ശങ്കർ: അവനെന്തുവേണം?

ജാനകിഅമ്മ: അവനെന്തുവേണമെന്നോ? ഒരു കടമയില്ലാത്തതുപോലെ!...

ശങ്കർ: കടമയില്ലാത്തതുപോലെ...കണ്ണാ, നീയിതു കേട്ടു നില്ക്കുന്നില്ലേ?

(കണ്ണൻ ഓടുന്നു. മണിയൻപിള്ള ആശാൻ ഇതെല്ലാം സാക്ഷ്യം വഹിച്ച് മിഴിച്ചു നില്ക്കുന്നു. അരുന്ധതി വരുന്നു.)

അരുന്ധതി: മമ്മീ!...

ജാനകിഅമ്മ: (തലയിൽ തടവി) എന്റെ കുഞ്ഞിന് ദൃഷ്ടി പററരുത്! ആശാനെ, ഇതാണെന്റെ ഒന്നേ ഒന്ന്.

മണിയൻപിള്ള ആശാൻ: കണ്ടേ...

ജാനകിഅമ്മ: ആശാന് ഇഷ്ടപ്പെട്ടോ?

മണിയൻപിള്ള ആശാൻ: എനിക്കിഷ്ടപ്പെട്ടുന്നതല്ലല്ലോ കാര്യം.

ശങ്കർ: എന്നാലും, പല കാര്യങ്ങളും ആശാൻ നടത്തിയതുകൊണ്ട്, അവരേം അറിയാം.

മണിയൻപിള്ള ആശാൻ: നെയ്ത്തിരി കത്തിച്ചതുപോലെയല്ലെ!...

അരുന്ധതി: എന്താ മമ്മീയിതെല്ലാം?

ജാനകിഅമ്മ: മോക്കട കല്യാണം...

അരുന്ധതി: കല്യാണം...മാരിയേജ്...ഐ സീ!... ഐ സീ!...(തലകറങ്ങാൻതുടങ്ങുന്നതുപോലെ.)

ശങ്കർ: ജാനു!...

(ജാനകിഅമ്മ അരുന്ധതിയെ താങ്ങി ഉള്ളിലേക്കു കൊണ്ടുപോകുന്നു. കണ്ണൻ തലയിൽ ഒരു ചുടുകട്ടയും പേറി ഓടിക്കിതച്ചു വരുന്നു. നിന്നു് ശങ്കറിനെ നോക്കുന്നു.)

എന്താടായിതു്? ഏഹ്?

കണ്ണൻ: 'ഇതു കേട്ടിട്ടു ചുമ്മാതെ നില്ക്കുന്നല്ലോ' എന്നു് അങ്ങുന്നു ചോദിച്ചില്ലെ? അതിനു് ഈ ചുടുകട്ടയും തലയിൽ വെച്ചു് ഈ ബംഗ്ലാവിനു് ഒരു വലത്തു വെച്ചു.

ശങ്കർ: ഹോ! ഞാനീ വിഡ്ഢിയെക്കൊണ്ടു തോററു!

മണിയൻപിള്ള ആശാൻ: അതിനു്...ഈ ചുടുകട്ട?...

കണ്ണൻ: ഹതോ? (താഴത്തിറക്കിവെച്ചു ചിരിക്കുന്നു) ഇതു്...പെണ്ണെന്നു പറഞ്ഞാൽ ഒരു മഹാഭാരമാ, അതും ഡീസൻറ് ഫാമിലിക്കു്. അപ്പോൾ ആ ഭാരമിറക്കിവയ്ക്കുന്നതു കാണിച്ചു് അങ്ങുന്നിനും കൊച്ചമ്മയ്ക്കും സന്തോഷം വരുത്തണം. ഈ കല്ലു് പെണ്ണു് എന്നു സങ്കല്പം.

(ശങ്കർ ചിരിച്ചുകൊണ്ടു് അകത്തേക്കു പോകുന്നു.)

മണിയൻപിള്ള ആശാൻ: അല്ലെങ്കിലും, ഇപ്പോഴത്തെ പെണ്ണുങ്ങളൊക്കെ കല്ലിലും കഷ്ടമാ!

കണ്ണൻ: അതെന്താ നിരാശയോടെ പറയുന്നെ? വീട്ടിൽ...

മണിയൻപിള്ള ആശാൻ: (ഒന്നു ഭയന്നപോലെ) ഓ... ഒന്നുമില്ല. ഞാനിപ്പോൾ അങ്ങോട്ടു ചെന്നാൽ എന്റെ മടിക്കുത്തിനൊരു പിടുത്തമുണ്ടു്.

03216/9

കണ്ണൻ: (മണിയൻപിള്ള ആശാന്റെ മടിക്കുത്തിനു പിടിച്ച്) ഹേം... ഇങ്ങനെ...

മണിയൻപിള്ള ആശാൻ: (അപേക്ഷ) കണ്ണാ, കണ്ണാ, എൻെറ കണ്ണനല്ലെ! ഒന്നു വിട്ട...

(ജാനകിഅമ്മ കടന്നുവരുന്നു.)

ജാനകിഅമ്മ: കണ്ണാ!...കണ്ണാ!...(കൈയിലെ പൊതി മാററിപ്പിടിച്ച്) എന്തായിതു്?

(കണ്ണൻ പിടിവിടുന്നു.)

മണിയൻപിള്ള ആശാൻ: ഞാൻ വീട്ടിൽ ചെല്ലുമ്പം എൻെറ ഭാര്യ ഇങ്ങനെ ഒരു പിടി പിടിക്കുമെന്നു പറഞ്ഞുപോയി.

ജാനകിഅമ്മ: അതെന്തിനാ കുത്തിനു പിടിക്കുന്നെ?

മണിയൻപിള്ള ആശാൻ: കാശിനു്. അതു മാത്രമോ? ഈ കൈയിനു രണ്ടു്. ഈ കൈയിനു രണ്ടു്. തോളത്തു് ഒരുത്തൻ ചാടിക്കയറിയിരിക്കും.

കണ്ണൻ: (ഗൗരവത്തിൽ) ഘെരാവോ...ഞാനതിൽ പ്രതിഷേധിക്കുന്നു.

ജാനകിഅമ്മ: നീ പ്രതിഷേധിച്ചാൽ ആശാനു ചുക്കാ! നീ ഉള്ളിലേക്കു ചെല്ലു്. ഉം, ചെല്ലു്.

(കണ്ണൻ മിലിറ്ററിസ്റ്റൈലിൽ പോകുന്നു.)

UNIVERSITY ... MAR 2009 ... CHENNAI 600 005

ജാനകിഅമ്മ: അതെന്തിനാ ആശാനെ ഈ ബഹളമൊക്കെ?

മണിയൻപിള്ള ആശാൻ: മക്കൾക്കു തിന്നാനുള്ള വല്ലതും കാണും എന്ന വിചാരംകൊണ്ടു്. ഭാര്യയ്ക്കു കാശെന്ന വിചാരം.

ജാനകിഅമ്മ: (ചിരിച്ച്) അപ്പോൾ വല്യ പാടാണല്ലോ, ആശാനെ!

മണിയൻപിള്ള ആശാൻ: വലിയ പാടാണെന്നോ?

(തൊണ്ടയിടറി) അഞ്ചാറെണ്ണത്തിൻെറ വയറു കഴിയണ്ടെ കൊച്ചമ്മേ?

ജാനകിഅമ്മ: ശരിയാ. പിന്നെ, ആശാനെ, നാളെ അവർ വരുമല്ലോ? വീട്ടം അറിയും...

മണിയൻപിള്ള ആശാൻ: മല്ലിക്കലദ്ദേഹത്തിനു് ഈ വീട്ട നല്ലവണ്ണമറിയാം.

(ശങ്കർ കടന്നുവരുന്നു.)

ശങ്കർ: ഓഹോ! അപ്പോൾ, നാളെ അവരുടെ വരവു് ഷുവർ. ആശാനും വരുല്ലെ?...

മണിയൻപിള്ള ആശാൻ: നാളെ, പരപരാന്നു വെളുക്കുമ്പൊ ഞാനിവിടൊണ്ടു്.

ശങ്കർ: ഓൾറൈറ്റ്, ദാ, ഇതു് ആശാനു ‚പോക്കററ് മണി.

(മണിയൻപിള്ള ആശാൻ വാങ്ങുന്നു.)

ജാനകിഅമ്മ: (പൊതി നീട്ടി) ആശാനെ, ഇതു കുഞ്ഞുങ്ങൾക്കു കൊട്ടത്തേക്കു.

(മണിയൻപിള്ള ആശാൻ ആർത്തിയോടെ വാങ്ങുന്നു.)

മണിയൻപിള്ള ആശാൻ: കൊട്ടക്കാമേ!...

അരുന്ധതി: (അകത്തു്) "മമ്മീ!—"

ജാനകിഅമ്മ: ദേ വരുന്നു മോളേ!...

(ജാനകിഅമ്മയും ശങ്കറും പോകുന്നു മണിയൻപിള്ള ആശാൻ പൊതിയഴിച്ചു നോക്കുന്നു. കണ്ണൻ വരുന്നു.)

കണ്ണൻ: കോളടിച്ചോ ആശാനെ?

മണിയൻപിള്ള ആശാൻ: ഓ! എന്തു കോളടിക്കാൻ? (അടുത്തു് അടക്കത്തിൽ) കണ്ണാ, ആ പെങ്കുട്ടിയെന്താ കറങ്ങിവീഴാൻപോയതു്?

കണ്ണൻ: ഓ...ആരു്? അരുക്കുഞ്ഞോ? ഹൊ! അതു്...

മണിയൻപിള്ള ആശാൻ: ചുഴലിയാണോ?

കണ്ണൻ: ഏ...അതു്, ഹിസ്റ്റി...ഹിസ്റ്ററി!

മണിയൻപിള്ള ആശാൻ: ആ, അതുതന്നെ—ഹിസ്റ്ററിയ എന്ന സുഖക്കേട്...

കണ്ണൻ: അല്ലാ! ആശാന് ഇംഗ്ലീഷറിയാമോ?

മണിയൻപിള്ള ആശാൻ: പിന്നെ, പണ്ടു ഞാൻ വാദ്ധ്യാരായിരുന്നില്ലേ? അതുകൊണ്ടു ജീവിക്കാൻപററാഞ്ഞിട്ടാ ഈ ബിസിനസ്സിനിറങ്ങിയതു്.

(ശങ്കർ പ്രവേശിക്കുന്നു.)

ശങ്കർ: വരൂ ആശാനെ, എന്റെ കാറിൽപ്പോകാം. അങ്ങു വീട്ടുവരെ നടക്കേണ്ട.

മണിയൻപിള്ള ആശാൻ: ബദ്ധപ്പാട്...

ശങ്കർ: ഇല്ല; എനിക്കു ബദ്ധപ്പാടൊന്നുമില്ല. ഞാനാ വഴിക്കു പോകുന്നുണ്ടു്.

മണിയൻപിള്ള ആശാൻ: (എത്തിനോക്കി) അമ്മച്ചിയെ കണ്ടില്ല, യാത്രചോദിക്കാൻ...

കണ്ണൻ: യാത്രചോദിച്ചെന്നു ഞാൻ പറഞ്ഞോളാം...

(ശങ്കറും മണിയൻപിള്ള ആശാനും പോകുന്നു. കണ്ണൻ ഷട്ടിനുള്ളിൽ നിന്നു് ഒരു പുസ്തകം എടുത്തു് നിവത്തുന്നു. ജയദേവനും ഡോക്ടർ ഗോപിയും വരുന്നു. കണ്ണൻ പെട്ടെന്നു് പുസ്തകം മറയ്ക്കുന്നു )

ജയദേവൻ: കൺ!...

കണ്ണൻ: യെസ് മാൻ!...

(ജയദേവൻ 'സിഗരററ്' എന്നു് ആംഗ്യംകാണിക്കുന്നു.)

കണ്ണൻ: സിഗരററു വാങ്ങിച്ചിട്ടു വേണം.

ജയദേവൻ: യൂ നോൺസെൻസ്!...(പോകുന്നു.)

ഡോക്ടർ ഗോപി: ദേവ്, എൻെറ കൈയിലുണ്ടു്.

കണ്ണൻ: ഡാക്ടർസാറിന്റെ അനുജത്തിക്കു സുഖമാണോ?

ഡോക്ടർ ഗോപി: ആക്കു്?

കണ്ണൻ: സുപ്രസിദ്ധ സിനിമാഗാനകോകിലകോടാലി ജഗന്മോഹിനിക്കു്...

ഡോക്ടർ ഗോപി: ഓ! അതു്...ഏ—ഏ—ഏന്താ പറഞ്ഞതു്? കോടാലിയോ?

കണ്ണൻ: ഡോക്ടർസാർ ആകാശകോടാലി കേട്ടിട്ടണ്ടോ? അതു് ആകാശത്തിനും മേലേ പാഞ്ഞുപോകും. അതുപോലെ സിനിമാലോകത്തെ മേലേക്കിട.

ഡോക്ടർ ഗോപി: ഓ!...എന്നു്.

കണ്ണൻ: പിന്നെ... സാറെ, ഞങ്ങടെ അരുന്ധതിക്കുഞ്ഞിന്റെ സുഖക്കേട്ടു്...

ഡോക്ടർ ഗോപി: അതു മാറുന്ന സുഖക്കേടാ...ഈസി.

കണ്ണൻ: മാറും, മാറും...

ഡോക്ടർ ഗോപി: ഏ? അതെന്താ? ജാനകിഅമ്മ വല്ലതും പറഞ്ഞോ?

കണ്ണൻ: ഹേയ്! ദെവസോം ഇഞ്ചക്ഷൻ എടുക്കണെമെന്നു പറഞ്ഞു.

(ജയദേവൻ വരുന്നു.)

ജയദേവൻ: (സിഗരററ്ടിൻ നീട്ടി) ഹാവ് യുവർ സിഗരററ്.

ഡോക്ടർ ഗോപി: (സിഗരറ്റെടുത്തു്) താങ്ക് യൂ!

ജയദേവൻ: കൺ, സിഗരററ് തീൎന്നു. ചെന്നു വാങ്ങിച്ചുകൊണ്ടുവരൂ—ത്രിബിൾ ഫൈവ്. ഇല്ലെങ്കിൽ, കാസിൽ വാങ്ങിക്കു്.

കണ്ണൻ: എസ് മാൻ! (കാശു വാങ്ങിച്ചു പോകുന്നു.)

ജയദേവൻ: ദെൻ...ഗോപീ, ദാ, പേപ്പറെല്ലാം ഉണ്ടു്. റേഡിയോ ഓൺചെയ്തേക്കാം. ഞാനൊന്നു കുളിച്ചിട്ടു വരാം.

ഡോക്ടർ ഗോപി: അപ്പോൾ ഫിലിംചേമ്പറിൽ പോകണ്ടേ?

ജയദേവൻ: ഞാൻ കുളിച്ചിട്ടു വരാം. (പോകുന്നു.)

(ഡോക്ടർ ഗോപി പേപ്പർ മറിച്ചുനോക്കുന്നു. റേഡിയോഗാനം ഉയരുന്നു. അരുന്ധതി വരുന്നു.)

അരുന്ധതി: ഓ! ഡോക്ടർ!...

ഡോക്ടർ ഗോപി: (എഴുന്നേറ്റു കൈയ്യു പിടിച്ചു മെല്ലെ അടുത്തേക്കു ചേർക്കുന്നു.) ഡിയർ അരു! എന്നെ എന്തിനു ഡോക്ടർ എന്നു വിളിക്കുന്നു? ഗോപിയേട്ടാ എന്നു വിളിക്കു്.

അരുന്ധതി: (കൊഞ്ചി) എൻെറ രോഗം മാറ്റിത്തരുന്ന ആളല്ലേ?

ഡോക്ടർ ഗോപി: ഐ സീ! സുഖക്കേട്ട് എങ്ങനെയുണ്ട്?

അരുന്ധതി: ഇന്നും ഒരു ചെറിയ അസുഖമുണ്ടായി.

ഡോക്ടർ ഗോപി: ഉം? അതെന്താ? ഇങ്ങനെ സുഖക്കേടു കാട്ടിക്കാട്ടി കൈയും കാലും ഒടിക്കരുതു്.

അരുന്ധതി: എങ്ങനെ സുഖക്കേട്ട് അഭിനയിക്കാതിരിക്കും! എനിക്കു് ഇഷ്ടമില്ലാത്ത സംഗതിയിൽനിന്നും രക്ഷപ്പെടുവാൻ അതേ ഒരു മാർഗ്ഗമുള്ളു—ഹിസ്റ്റീരിയാ!

ഡോക്ടർ ഗോപി: രക്ഷപ്പെട്ടല്ലോ!...ഇഷ്ടമുള്ളതു കിട്ടുകയും ചെയ്തു.

അരുന്ധതി: (കസേരയുടെ കൈയിൽ കയറിയിരുന്നു്) എൻെറ ഗോപിയേട്ടനെ എനിക്കു കിട്ടി.

ഡോക്ടർ ഗോപി: (ഫ്ളവർവേസിൽനിന്നൊരു പൂവെടുത്തു് അടിക്കുന്നു) കള്ളീ!...(കവിളിൽ നുള്ളുന്നു.)

അരുന്ധതി: (താഴെയിറങ്ങി) ഗോപിയേട്ടാ!...സംഗതിയാകെ മാറിമറിയുകയാണു്.

ഡോക്ടർ ഗോപി: (പരിഭ്രമം) ഉം? എന്താ? എനിക്കു നെഴ്സിംഗ് ഹോം ഇല്ലെന്നറിഞ്ഞോ?

അരുന്ധതി: ഹേയ്! അതൊന്നുമില്ല. അന്നത്തെ ലെച്ചറിൽ അമ്മ വീണുപോയില്ലേ! ഇവിടെ വന്നിട്ട് ഡാഡിയോടു പറയുകയാ 'മുട്ടൻ ഒരാശുപത്രി'യെന്നു്.

ഡോക്ടർ ഗോപി: ഐ സീ!...

അരുന്ധതി: ഗോപിയേട്ടാ! കല്യാണക്കാര്യം...

ഗോപി: (ഭയന്നു്) ഹേയ്! എനിക്കോ? എനിക്കു വേണ്ട.

അരുന്ധതി: അല്ലെന്നു്... എനിക്കു്. എനിക്കൊരു കല്യാണക്കാര്യം വന്നിരിക്കുന്നു. അതിനാണു് ഇന്നു തലകറക്കം വന്നതു്.

ഡോക്ടർ ഗോപി: ഐ സീ! അതു വേണ്ടതാണു്.

അരുന്ധതി: എനിക്കു കല്യാണമോ? അപ്പോൾ ഗോപിയേട്ടനു് എന്നോടിഷ്ടമില്ലേ?

ഡോക്ടർ ഗോപി: എന്നു ഞാൻ പറഞ്ഞില്ലല്ലോ?

അരുന്ധതി: ഗോപിയേട്ടാ, എനിക്കു കല്യാണം വേണ്ട. നമുക്കു വല്ലയിടത്തും പൊയ്ക്കളയാം.

ഡോക്ടർ ഗോപി: നാടുവിട്ടോ?

അരുന്ധതി: (ഡോക്ടർ ഗോപിയുടെ തൊട്ടടുത്തു് കൈമുട്ടുകൾ ഊന്നിനിന്നു്) അതു്...എന്താ...ഭയമാണോ?

(ജാനകിഅമ്മ കടന്നുവരുന്നു.)

ജാനകിയമ്മ: അല്ലാ! ഡാക്ടർ!

(ഡോക്ടർ ഗോപി പിടഞ്ഞെഴുന്നേല്ക്കുന്നു. അരുന്ധതി വിളർത്തു പോകുന്നു.)

ഡോക്ടർ ഗോപി: അരുന്ധതീ! പിൽസ്...

അരുന്ധതി: (പരിഭ്രമം) പിൽസ് കഴിക്കാം,

ജാനകിഅമ്മ: എന്തു പിൽസാ?...ആട്ടെ, ഡാക്ടർ വന്നിട്ട് ഒരുപാടു നേരമായോ?

ഡോക്ടർ ഗോപി: നോ, നോ! ഇപ്പോൾ വന്നേയുള്ളു.

ദേവൻ വിളിച്ചപ്പോൾ വരാതിരിക്കാൻ പററുമോ? രോഗികൾ നെഴ്സിംഗ്ഹോമിൽ നിറഞ്ഞു.

(അരുന്ധതി വിരൽചൂണ്ടി, 'നുണ ഞാൻ പൊളിക്കും'മെന്നു് ആംഗ്യം കാണിക്കുന്നു.)

ജാനകിഅമ്മ: എന്നിട്ടു്, ഡാക്ടർക്കു കാപ്പി കൊടുത്തോടീ?

അരുന്ധതി: ദേ, ഇപ്പോൾ... (പോകുന്നു.)

ഡോക്ടർ ഗോപി: നോ, നോ! അര്രൂ, കാഫി വേണ്ട.

ജാനകിഅമ്മ: ഓ, ഒരു ഗ്ലാസ്...

ഡോക്ടർ ഗോപി: ഇപ്പോൾ വേണ്ട.

ജാനകിഅമ്മ: അനുജത്തി വന്നില്ലേ?

ഡോക്ടർ ഗോപി: ആരു്?

ജാനകിഅമ്മ: ജഗന്മോഹിനി.

ഡോക്ടർ ഗോപി: ങാ... അവൾ... അവൾ ഔട്ട്ഡോർ ഷൂട്ടിംഗിനു പോയിരിക്കുന്നു. ആറു പടത്തിന്റെ ഔട്ട്ഡോർ ഒന്നിച്ചാ... ഇന്നലെ കത്തുണ്ടായിരുന്നു. ഇപ്പോൾ 'വഴിപിഴച്ച പോക്കു്' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗാ.

ജാനകിഅമ്മ: പിന്നെ, ഡോക്ടർ എന്തിനാ സിസ്റ്ററെ സിനിമയിലേക്കു വിട്ടതു്?

ഡോക്ടർ ഗോപി: അതിനെന്താ? ആർട്ടു്—കല. അവൾ കലയെ ഇഷ്ടപ്പെടുന്നു. വാസനയുള്ളോത്തു വേണ്ടേ നയിക്കാൻ?

ജാനകിഅമ്മ: എന്നാലും... ആളുകൾ അതുമിതും പറയും. ഈ സിനിമയിൽ ഉള്ളവരെല്ലാം പിഴകളാണെന്നാ പറച്ചിലു്.

ഡോക്ടർ ഗോപി: നോ, നോ! നുണ—പച്ചനുണ.

നല്ല സംസ്കാരവും മനുഷ്യത്വവും വേണമെങ്കിൽ ആ മണ്ഡലത്തിൽത്തന്നെ പോകണം.

(ജയദേവൻ പ്രവേശിക്കുന്നു.)

ജയദേവൻ: ഹലോ! ഗോപീ! പോകാം?

ജാനകിഅമ്മ: എന്താടാ ഇതു്? ഒരു കാപ്പിപോലും... അരു കാപ്പി കൊണ്ടുവരുന്നുണ്ടു്.

(ജയദേവൻ ഡോക്ടർ ഗോപിയെ നോക്കുന്നു.)

ഡോക്ടർ ഗോപി: ഇപ്പോൾ അല്പം ധൃതിയുണ്ടമ്മേ. ഞാൻ പിന്നെ വരാം.

ജയദേവൻ: ഞങ്ങൾക്കു ഫിലിംചേമ്പറിൽ പോകണം. കൂടാതെ രണ്ടു സ്റ്റാർസിനേ ബുക്കുംചെയ്യണം.

ഡോക്ടർ ഗോപി: അതും...രണ്ടു് എക്സ്ട്രസ്...മേനകാ ആൻഡ് പ്രിയംവദ.

ജയദേവൻ: എക്സാക്റ്റ്! രണ്ടു നല്ല പെൺകുട്ടികൾ. (പോകുന്നു.)

ജാനകിഅമ്മ: ഈശ്വരനറിയാം! പെണ്ണും പിടകക്കോഴിയും!

(കർട്ടൻ)

## രംഗം അഞ്ച്

[തീയതി നവമ്പർ ഒന്ന്. ഒരുക്കങ്ങൾ മാറിയിട്ടുണ്ട്.
കണ്ണൻ കസേരയിൽക്കിടന്നു് കൂക്കംവലിച്ചുറങ്ങുന്നു. അരുന്ധതി സാവധാനം വന്നു് പുസ്തകം മുഖത്തുവെച്ചു് ശബ്ദമുണ്ടാക്കുന്നു. കണ്ണൻ കൈയിൽ കടലാസുമായി ചാടിയെഴുന്നേററു് കത്തി ഊരി അരുന്ധതിയെ സമീപിക്കുന്നു. അരുന്ധതി പേടിച്ചു നിലവിളിച്ചു് ഓരോ അടി പിന്നോട്ടു വെയ്ക്കുന്നു.]

കണ്ണൻ: വഞ്ചകീ!...ഹ—ഹ്ഹ—ഹ!...ഈ കഠോര കുഠാരത്തിന്റെ പിടിവരെ നിൻെറ നെഞ്ചിലിറക്കും ഞാൻ! ഹാ...ഹാ! ജീവിതത്തിൽ ഒരേയൊരു പ്രാവശ്യം എൻെറ ഹൃദയം നിനക്കുവേണ്ടി കാഴ്ചവെച്ചു. അതു നീ തട്ടി—ക്കശക്കി എറിഞ്ഞു. ഹ—ഹ്ഹ—ഹ! (അട്ടഹസിക്കുന്നു.)

അരുന്ധതി: (ഭയന്നു്) മമ്മീ...ചേട്ടാ...മമ്മീ...ഡാഡീ...

കണ്ണൻ: (സങ്കടം) എൻെറ ജീവിതം നീയാകുന്ന ബലിക്കല്ലിൽ തല്ലിയുടഞ്ഞു. ഞാൻ കണ്ട സ്വപ്നങ്ങൾ വൃഥാവിലായിപ്പോയി. (തിരിഞ്ഞു്) ഹ—ഹ്ഹ—ഹ! നിന്നെ ഞാൻ...കൊല്ലും! ചുണ്ടിൽ പുഞ്ചിരിയും, നെഞ്ചിൽ വഞ്ചനയുമായി നടക്കുന്ന നിന്നെ ഞാൻ...(കത്തി ഓങ്ങുന്നു.)

(അരുന്ധതി പേടിച്ചു. വല്ലാതെ നിലവിളിക്കുന്നു. ജയദേവൻ പെട്ടെന്നു ചാടിവീണു് കണ്ണനെ കത്തിയോടെ പിടിച്ചുമാററി തോളത്തടിക്കുന്നു.)

ജയദേവൻ: നിനക്കവളെ കൊല്ലണോ?

കണ്ണൻ: (മിഴിച്ചു്, തല കുടഞ്ഞു്, ജയദേവനേയും അരുന്ധതിയേയും വല്ലാതെ നോക്കി) അരുക്കുഞ്ഞു്!... യെസ് മാൻ!...

ജയദേവൻ: നിൻെറ തലമണ്ട! (ഒന്നുകൂടി അടിക്കുന്നു.)
കണ്ണൻ: (കാലുപിടിച്ചു്) കുഞ്ഞേ... കുഞ്ഞേ, ഇതു നാടകമാ!...
അരുന്ധതി: നാടകം!...കത്തികൊണ്ടാ കുത്താൻ വന്നതു്. ചേട്ടൻ വന്നില്ലായിരുന്നുവെങ്കിൽ എന്നെ കൊന്നേനെ!

(ജാനകിഅമ്മ കടന്നുവരുന്നു.)

ജാനകിഅമ്മ: എന്താടാ ഇവിടെ? ഹെം?...
ജയദേവൻ: മമ്മീ! ഇവൻ കത്തിയും നിവർത്തിക്കൊണ്ടു്...
ജാനകിഅമ്മ: എടാ!...ഇവനെ ഇപ്പം പുറത്താക്കണം. കളിച്ചു കളിച്ചു് കത്തിമേലായോ?
കണ്ണൻ: (കരഞ്ഞു തൊഴുതു്) ഇല്ലാ കൊച്ചമ്മ, ഞാൻ... ഞാൻ നാടകം പഠിക്കുവാരുന്നു. ദേ, ഇതു് (കടലാസ് കാണിക്കുന്നു.) ഞാൻ നാടകത്തിലെ വില്ലനാണു്. ഈ കടലാസിലെഴുതിയതു വായിച്ചു്, പഠിച്ചു്, ഉറങ്ങിപ്പോയി. ഉറക്കത്തിൽ...ഞാൻ ഡ്രാമായിലഭിനയിക്കുന്നതായി സ്വപ്നം കണ്ടു.
ജയദേവൻ: സ്വപ്നംകണ്ടതിനു കത്തിയെടുക്കുന്നോ?
കണ്ണൻ: ഓ, കത്തി! ഇതു മരക്കഷ്ണമാ...ഈയക്കടലാസ് പൊതിഞ്ഞതാ...
ജാനകിഅമ്മ: (ചിരിച്ചു്) ഈ മണ്ടി അതു കണ്ടു കരയാനും.
ജയദേവൻ: അല്ലെങ്കിലും, ഇവനിത്തിരി കൂടുന്നൊണ്ടു്.
കണ്ണൻ: അതു കുഞ്ഞുപറഞ്ഞതു് എന്തുകൊണ്ടാണെന്നു് എനിക്കറിയാം.
ജയദേവൻ: എന്താടാ? ഫൂൾ!...അർത്ഥംവെച്ചു്...
കണ്ണൻ: കൊച്ചമ്മോ, ഇന്നലെ ഒരു കത്തെഴുതിത്തന്നിട്ടു്

ആ ലേഡീസ് ഹോസ്റ്റലിലെ ബിയാട്രീസിനു കൊണ്ടു കൊട്ടക്കാൻ പറഞ്ഞു. ഞാൻ പറഞ്ഞു, എൻെറ മുതുകു കളയാൻ വയ്യെന്നു്. അതാണു കാരണം.

ജയദേവൻ: കള്ളം പറയുന്നോ?... (അടുക്കുന്നു.)

കണ്ണൻ: കുഞ്ഞേ, ഞാൻ മററതും പറയും...

ജാനകിഅമ്മ: ജയാ, വഴക്കുകൂടാതെ അകത്തു പോകൂ.

ജയദേവൻ: നിന്നെ ഞാൻ... നോക്കിക്കോ... (പോകുന്നു.)

അരുന്ധതി: കണ്ണാ, നാടകത്തിൻെറ പേരു്...?

ജാനകിഅമ്മ: നിൻെറ തലമണ്ട. മര്യാദയ്ക്കു പോയിരുന്നു പാഠം വായിക്കു പെണ്ണേ. കണ്ണാ, നീ പോയി ആ ആശാനെ ഒന്നന്വേഷിക്കു്. അവരു വന്നിട്ടുപോയിട്ടു റിസൽറ്ററിഞ്ഞില്ല.

കണ്ണൻ: കൊച്ചമ്മേ, എം. എ.ക്കാരൻ കൊച്ചൻ അരുക്കുഞ്ഞിനു നല്ലോണം ചേരും, ഇല്ലേ?

അരുന്ധതി: (കൊഞ്ചി) മമ്മീ!...

ജാനകിഅമ്മ: ചുമ്മാതിരി കണ്ണാ!... (ചിരിച്ചുകൊണ്ടു പോകുന്നു.)

(കണ്ണൻ മുഖംവീപ്പിച്ചു നില്ക്കുന്നു. അരുന്ധതി അടുത്തു ചെല്ലുന്നു.)

അരുന്ധതി: കണ്ണാ!...

(കണ്ണൻ മുഖം വീപ്പിച്ചു മാറുന്നു.)

കണ്ണാ!...

കണ്ണൻ: ഉം... ഞാൻ മിണ്ടൂലാ...

അരുന്ധതി: കണ്ണാ, നാടകത്തിൻെറ പേരെന്താ?

കണ്ണൻ: (സന്തോഷിച്ചു്) കപാലകുണ്ഡലീ—മഹോദര നടനസഭയുടെ കപാലകുണ്ഡലീ—സംഗീതനൃത്തനാടകം.

അരുന്ധതി: (ചിരിച്ചു്) മഹോദരനടനസഭയല്ലാ, മഹോദയനടനസഭയാണു്.

കണ്ണൻ: എന്തു കുന്തമാണോ? അതിലു് ഞാൻ വില്ലനാണു്. വിക്രമരാജു്. എന്നെ ഒരു സ്ത്രീ സ്നേഹിക്കുന്നു. വിശ്വരൂപിണി. പ്രിയേ!...(കൈ നീട്ടി അടുക്കുന്നു.)

(അരുന്ധതി പേടിച്ചകലുന്നു.)

(പെട്ടെന്നു ഭാവം മാറി) അവൾ, എന്നെക്കാൾ നല്ല ഒരുത്തനെ കണ്ടപ്പോം പററു് അങ്ങോട്ടാക്കി. ഞാൻ തകന്നു. തകന്നു. പകപോക്കാൻ ഞാൻ തക്കംനോക്കി നടന്നു, കത്തിയുമായി. സന്ദർഭം കിട്ടിയപ്പോൾ കുത്തി മലത്തുന്നു. (കത്തിയുമായി ചാടുന്നു.)

അരുന്ധതി: കണ്ണാ!...ഇതു ഞാനാ...

കണ്ണൻ: (ഇളിച്ചു്) ഞാൻ വികാരവിവശനായിപ്പോയി. ഞങ്ങളുടെ ഡയറക്ടറു് പറയുന്നപോലെ എമോഷണൽ ആക്ഷൻ.

(മണിയൻപിള്ള ആശാൻ വരുന്നു. അരുന്ധതി ഉള്ളിലേക്കു പോകുന്നു—ശപിച്ചുംകൊണ്ടു്. കണ്ണൻ വീണ്ടും സ്ക്രിപ്ററ് വായിക്കുന്നു. മണിയൻപിള്ള ആശാൻ വന്നിരിക്കുന്നതു് അറിയുന്നില്ല.)

കൊല്ലും! ഞാൻ കൊല്ലും! (അലറുന്നു.)

(മണിയൻപിള്ള ആശാൻ ചാടിയെഴുന്നേററു് ഭയന്നു നില്ക്കുന്നു. കണ്ണൻ, മണിയൻപിള്ളആശാനെ കണ്ടു് അടുത്തു ചെല്ലുന്നു.)

മണിയൻപിള്ള ആശാൻ: (കരഞ്ഞു്) കണ്ണാ!...എന്നെ കൊല്ലല്ലേ...ഞാൻ അഞ്ച്യ പിള്ളേരടെ തന്തയാ... ഭാഗ്യവിക്കു ഞാൻ ചത്താൽ ആരുല്ല്യാ!...

കണ്ണൻ: (ചിരിച്ചു്) അപ്പോൾ...എൻെറ അഭിനയം ഹിററായി. എമോഷണൽ ആക്ഷൻ. റിയലിസ്റ്റിക്.

മണിയൻപിള്ള ആശാൻ: മൂത്ത ചെറുക്കൻ കോളേജിലേക്കായേ ഒള്ളു, കണ്ണാ...

കണ്ണൻ: ആശാനെ, ഇതു ഡ്രാമയാ—നാടകം...
മണിയൻപിള്ള ആശാൻ: നാടകമോ?...എന്തായാലും നീയെന്നെ കൊല്ലരുതു്.
കണ്ണൻ: കൊല്ലൂല്ല; അവിടിരിക്കു...(തലകുനിച്ചു് ഇരിക്കുന്നു.) ചെറുക്കൻ വന്നു കണ്ടിട്ടു് അങ്ങോക്കു പെണ്ണിനെ പിടിച്ചോ?...പിന്നെ പെണ്ണിനെ പിടിക്കാതിരിക്കുമോ? അരുന്ധതിക്കുഞ്ഞു മോശാ? എസ്മാൻ പറയുന്നതുപോലെ (അഭിനയിച്ചു്) ട്രോയിയിലെ, ഹെലൻ, ക്രിയോപ്രാറ്റാ...(സൂക്ഷിച്ചു്) എന്താ, ഒന്നും ഉരിയാടാത്തെ?...(ആശാൻ മിണ്ടാത്തതുകൊണ്ടു്) എന്താ? എന്റെ അഭിനയം കണ്ടു പേടിച്ചായിരിക്കും? ഒന്നു മിണ്ടെന്നേയ്...
മണിയൻപിള്ള ആശാൻ: എന്തു മിണ്ടാനാ?
കണ്ണൻ: (കീഴേ സൂക്ഷിച്ചു നോക്കി) ഹങ്ങനെ വരട്ടെ!... നോട്ടം ഇതിലാ...(പുസ്തകം എടുത്തു്) പാതി തൊറന്നിട്ട ബ്ലൗസും, നീണ്ട കണ്ണെഴുത്തും കണ്ടാൽ ആരാ നോക്കാത്തെ?...
മണിയൻപിള്ള ആശാൻ: ഞാൻ അതു നോക്കി ഇരിക്കപെല്ലാ...
കണ്ണൻ: പിന്നെ, മിണ്ടാതെ, കൊക്കു് മീൻപിടിക്കാനിരിക്കുംപോലിരുന്നാലോ?...
മണിയൻപിള്ള ആശാൻ: എന്തു മിണ്ടാനാ?... (തല ഉയർത്താതെ) മിണ്ടിയിതൊക്കെ മതി.
കണ്ണൻ: എന്താ? എം. എ.ക്കാരനു പെണ്ണിനെ പിടിച്ചില്ലേ?
മണിയൻപിള്ള ആശാൻ: പിടിച്ചില്ലേന്നു്!...ആ പണ്ടാരക്കാലമ്മാരൊക്കെക്കൂടി എന്റെ എല്ലൊടിച്ചുകളയുമായിരുന്നു.

കണ്ണൻ: എന്തിനാ ആശാനെ?...

(ജാനകിഅമ്മ അകത്തുനിന്നും, ശങ്കർ പുറത്തുനിന്നും വന്നു പെട്ടെന്നു നില്ക്കുന്നു.)

മണിയൻപിള്ള ആശാൻ: എന്തിനാന്നു ചോദിച്ചാൽ... ഞാനവരെ ചതിക്കാൻ നോക്കിയെന്നു്.

കണ്ണൻ: ഹെഹം!...എങ്ങനെ?...

മണിയൻപിള്ള ആശാൻ: പെണ്ണിനേയ്...ചൊഴലി ദീനമാണെന്നു്.

ജാനകിഅമ്മ: ആശാനെ!...

(ശങ്കർ തലകുനിച്ചു നേരെ ഉള്ളിലേക്കു പോകുന്നു. എല്ലാവരും അതുതന്നെ നോക്കിനില്ക്കുന്നു. മണിയൻപിള്ളആശാൻ പരുങ്ങി പ്പരുങ്ങി പോകാനൊരുങ്ങുന്നു. കണ്ണൻ 'നില്ലെന്നേയ്' എന്നു് ആംഗ്യം കാണിക്കുന്നു. രംഗം മൂകം. ജാനകിഅമ്മ സാവധാനം ഗുരുവായൂരപ്പന്റെ ഫോട്ടോവിനുനേരെ നോക്കി കൈക്കൂപ്പുന്നു.)

കണ്ണൻ: ചുഴലീ...ചൊ—ഴ—ലീ...ആ തെണ്ടികളോട്ടു പോകാൻ പറ. ഇവരല്ലെങ്കിൽ മഹാരാജാക്കന്മാരു വരും—ചക്രവത്തിമാരു്...ഹാം...

മണിയൻപിള്ള ആശാൻ: അതല്ല...അതല്ലാ...

(ശങ്കർ വരുന്നു.)

ശങ്കർ: ഇരിക്കു ആശാനെ.

മണിയൻപിള്ള ആശാൻ: (ഇരുന്നു്, അറച്ചു്) പിന്നെ...

ശങ്കർ: വേണ്ട, ഞാനെല്ലാം കേട്ടു.

മണിയൻപിള്ള ആശാൻ: ഞാനിന്നു് വേറൊന്നു് ഉണ്ടാക്കിയിട്ടുണ്ടു്.

കണ്ണൻ: അതിനി...

ശങ്കർ: ഉം, ഉള്ളിൽ പോകു...

(കണ്ണൻ പരുങ്ങി പോകുന്നു. ജാനകിഅമ്മ ശങ്കറിനു സമീപം നില്ക്കുന്നു.)

ശരി ആശാനെ. ഏതായാലും വരുന്ന ഡിസമ്പറിൽ നടത്തണം. ഇതിപ്പോൾ...ഒരപമാനം...

മണിയൻപിള്ള ആശാൻ: ഓ...അത്രസ്സൊന്നുമില്ലെണ്ണ്.

ശങ്കർ: ഉണ്ടാശാനെ...എൻെറ തലച്ചോറിലേക്ക് ഇപ്പോഴാണ് എന്തോ നുഴഞ്ഞുകയറുന്നതു്. ഏതു കുടുംബവുമാകട്ടെ; ചെറുക്കനു പഠിപ്പുണ്ടാകണം.

മണിയൻപിള്ള ആശാൻ: അതു ഞാനേററു. നാളെ, ഞാൻ കണ്ട, കൂട്ടരോട്ട വരാൻ ഏപ്പ്പാടുചെയ്യാം... പെണ്ണു കാണാൻ.

ശങ്കർ: എന്താ ജാനു?...

ജാനകിഅമ്മ: നാളെ...ശനിയാഴ്ച!

ശങ്കർ: ശനിയും...ഞായറും...നാളെത്തന്നെ ആകട്ടെ ആശാനെ. (ഉള്ളിലേക്കു പോകുന്നു.)

മണിയൻപിള്ള ആശാൻ: ഇതെന്താ, ഒരിടംതിരിച്ചല്യ്?...

ജാനകിഅമ്മ: ഇത്രയും ഘനത്തില്യ് സംസാരിക്കാറില്ല.

മണിയൻപിള്ള ആശാൻ: ആ, ഇവിടെ ഒരു മാററം ആവശ്യമാണ്. ആക്കും ഇവിടെ ചുമതലാബോധമില്ലെന്നാ കാണുന്നേ...

(രണ്ടുകപ്പു കാപ്പിയുമായി ശങ്കർ വരുന്നു.)

ശങ്കർ: ശരിയാ ആശാൻ പറഞ്ഞതു്. ഇപ്പോഴാണതു ഞാൻ മനസ്സിലാക്കുന്നതു്.

(മണിയൻപിള്ളആശാനും ശങ്കറും കാപ്പി കുടിക്കുന്നു. ജാനകിഅമ്മ പിണങ്ങി ഉള്ളിലേക്കു പോകുന്നു.)

മണിയൻപിള്ള ആശാൻ: ഇപ്പോൾ കണ്ടിരിക്കുന്ന സ്ഥലം പററിയതാ. ചെറുക്കൻ ഫോറിൻ സ്റ്റഡി കഴിഞ്ഞതാ. 'ഇന്ദുകലാധരമോഹനൻ' എന്നാ പേരു്.

ശങ്കർ: എങ്ങനെയായാലും, അടുത്ത മാസത്തിൽ കാര്യം നടക്കണം...ദേ, ഇതിരിക്കട്ടെ. (ഒരു പത്തുരൂപാനോട്ടെടുത്തു കൊടുക്കുന്നു.)

മണിയൻപിള്ള ആശാൻ: ഇതെങ്കിലും...ഈശ്വരൻ സഹായിക്കും. എന്നാൽ ഞാനിറങ്ങട്ടെ! (തൊഴുതിട്ടു പോകുന്നു.)

(ജാനകിഅമ്മ ഒരുകെട്ടു കത്തുകളുമായി വരുന്നു. ശങ്കർ തലയ്ക്കു കൈകൊടുത്തു കുനിഞ്ഞിരിക്കുന്നു.)

ജാനകിഅമ്മ: ദേ, പോസ്റ്റും വന്നു.

ശങ്കർ: ഉം...(തല നിവർത്തുന്നു.)

ജാനകിഅമ്മ: എന്താ...ഇങ്ങനെ...?

ശങ്കർ: (ഗൗരവത്തിൽ) എങ്ങനെ? ഇപ്പോഴാണു് ഈ കുടുംബത്തെപ്പററി പുറമേയുള്ള മതിപ്പറിയുന്നതു്.

ജാനകിഅമ്മ: അതിനു്?...

ശങ്കർ: ഉം, ശരി!... (കത്തുകൾ വാങ്ങി) ഇന്നു് ഒരുപാടുണ്ടല്ലോ!...(ഒന്നു തുറന്നു്) ശ്രീ രാമുലുവിൻെറ മകളുടെ കല്യാണം! (അഞ്ചാറെണ്ണം മാററി വെച്ചു്) എല്ലാം കല്യാണക്കത്തുകൾ. (തെല്ലിട നിശ്ചലനായിരിക്കുന്നു. ഒരു കവറെടുത്തു പൊട്ടിച്ചു ശ്രദ്ധിച്ചു വായിക്കുന്നു. തന്നത്താൻ) ശരിയാണു്...(ചിന്തിച്ചിരിക്കുന്നു.)

ജാനകിഅമ്മ: എന്തു ശരി?

(ശങ്കർ, കത്തു ജാനകിഅമ്മയുടെ കൈയിൽ കൊടുക്കുന്നു. ജാനകിഅമ്മ വായിക്കുന്നു.)

ശങ്കർ: ഇങ്ങു തരൂ. (എഴുത്തു വാങ്ങി, തിരിച്ചും മറിച്ചും നോക്കിയിട്ടു്) ഇതു കേട്ടോളൂ. ശ്രദ്ധിച്ചു കേൾക്കണം. എൻെറ സുഹൃത്തു് ആൻറണി എഴുതിയതാണു്.

ജാനകിഅമ്മ: കഴിഞ്ഞാഴ്ചയിൽ വന്ന, ആ കഷണ്ടിക്കാരനോ?

ശങ്കർ: ഹും...എഴുതിയിരിക്കുന്നതു കേൾക്കൂ. 'എനിക്കു മിസ്റ്റർ ശങ്കറിനോടു കടപ്പാടുള്ളതുകൊണ്ടു് ഇത്രയും

കുറിക്കാതിരിക്കാൻ വയ്യ. നേരെ പറയാം. ഞാന വിടെ വന്നപ്പോൾ നിങ്ങളുടെ കുടുംബജീവിതം ഉറ ച്ചതാണെന്നു തോന്നിയില്ല. എല്ലാവക്കും മാനസിക മായ തകരാറുണ്ട്. അതിനു്, ഞാൻ നിങ്ങളേയും മിസ്സസ്സിനേയും കുററപ്പെടുത്തും!'

ജാനകിഅമ്മ: എന്നയോ?

ശങ്കർ: ഇതു കേൾക്കു...'എന്നെപ്പോലെ രണ്ടു കുഞ്ഞുങ്ങ ളുടെ പിതാവാണു നിങ്ങളും. എന്നാൽ എന്റെ രണ്ടു കുട്ടികൾ അച്ചടക്കത്തോടെ വളൻ്റു നല്ല നിലയിലെ ത്തി. നിങ്ങളുടെ കുട്ടികളെ കണ്ടപ്പോൾ ഞാൻ വി ഷമിച്ചുപോയി. ആ ദുഃഖം ഇനിയും ബാക്കിയുണ്ടു്.'

ജാനകിഅമ്മ: എന്താണന്നു്, ഒരു അച്ചടക്കക്കുറവു്?

ശങ്കർ: നീ, കേൾക്കു്...'നിങ്ങളുടെ കുട്ടികൾക്കു്, ദുവ്വാ സനകളാണു കൂടുതൽ. കുട്ടികൾക്കു വിലക്കപ്പെട്ട താണു് അവക്കാവശ്യം. ചീത്ത പുസ്തകങ്ങളും... മററും...മററും. ഇതു നിങ്ങളിൽനിന്നും പഠിക്കുന്നതാ ണു്. കുട്ടികൾക്കു സാമാന്യ അറിവുവയ്ക്കുമ്പോൾ, അ വരുടെ മുമ്പിൽവെച്ചു്, മാതാപിതാക്കൾ ചാപല്യ ങ്ങൾ കാട്ടാതിരിക്കുക, നിഷിദ്ധസാധനങ്ങൾ ഉപ യോഗിക്കാതിരിക്കുക.'

ജാനകിഅമ്മ: നിങ്ങളല്ലെ ബ്രാണ്ടീം വിസ്കീം സിഗ രററും പിള്ളേരുടെ മുമ്പിൽവെച്ചു കഴിക്കുന്നതു്.

ശങ്കർ: (എഴുന്നേററു്) നീ കുടിക്കാറില്ല, അല്ലെ? നിൻെറ പോക്കാണു മക്കൾക്കു മാഗ്ഗദശനം.

ജാനകിഅമ്മ: അവനവൻെറ തെററു് മറയ്ക്കുണം. അത ല്ലേ...(പോകാൻ തുടങ്ങുന്നു.)

ശങ്കർ: (അലച്ച്) നില്ക്കവിടെ. എൻെറ കുററവുമുണ്ടു്.

ഇതിൽ പറഞ്ഞിരിക്കുന്നതു് അക്ഷരംപ്രതി ശരിയാണ്. ഇപ്പോഴാണു് എൻെറ കണ്ണു തുറന്നതു്. ഞാൻ നിന്നെ, അതിരററു സ്നേഹിച്ചുപോയി. ദുസ്സ്വാതന്ത്ര്യം തന്നുപോയി. മക്കളെ അളവററു ലാളിച്ചുപോയി. ഇന്നു ഞാനതിനു വേദനിക്കുന്നു...സമയം വൈകിയിട്ടെങ്കിലും.

ജാനകിഅമ്മ: (കണ്ണീർ തുടച്ച്) ഞാൻ മക്കളെ ശാസിക്കുമ്പോൾ, നിങ്ങൾ തട്ടത്തുതുടങ്ങി. അപ്പോൾ നിങ്ങൾക്കിഷ്ടമില്ലാത്തതു ചെയ്യരുതെന്നു കരുതി...

ശങ്കർ: ഞാൻ മക്കളെ ശിക്ഷിക്കുമ്പോൾ നീ ഇടയിൽ വരുന്നു. നിനക്കു വേദനയുണ്ടാകുന്നതു ചെയ്യരുതെന്നു കരുതി ഞാൻ എല്ലാവരോടുംകൂടി ചേർന്നു.

ജാനകിഅമ്മ: ഇപ്പോൾ, അതിനിവിടെ എന്തു സംഭവിച്ചു?

ശങ്കർ: സംഭവിക്കാനെന്തിരിക്കുന്നു? ഇപ്പോൾ, ആശാൻ വന്നിട്ടു കേട്ടില്ലേ പറഞ്ഞതു്? ഒരു മകനുള്ളതാണെങ്കിൽ...എന്തിനു പറയുന്നു?...

ജാനകിഅമ്മ: എല്ലാം...കുററം എനിക്കു്.

ശങ്കർ: കുററമല്ലാ...നമ്മുടെ കുടുംബമാണു്. അതു തകരരുതു്. കുടുംബത്തിൻെറ താക്കോൽ സ്ത്രീയുടെ കൈയിലാണു്. നീ പിടിപ്പുള്ളവളാണെന്നു കരുതി.

ജാനകിഅമ്മ: അതിനിപ്പോൾ എന്തുചെയ്തു?

ശങ്കർ: നീയെന്തിനു് നിൻെറ പേരിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടിൽനിന്നും അമ്പതിനായിരം രൂപായെടുത്തു?

ജാനകിഅമ്മ: ജയനുവേണ്ടി.

ശങ്കർ: ഹും...ജയനുവേണ്ടി. അവനാരു്?...ഒരു വിദ്യാർത്ഥി. അവനെന്തിനു് അമ്പതിനായിരം?

ജാനകിഅമ്മ: അവനു് ഒരു സിനിമാപ്രൊഡക്ഷനു്. ഡോക്ടറും അവനും പങ്കായിട്ടു്.

ശങ്കർ: ആരാണീ ഡോക്ടർ?...ഥൂ! സിനിമാപോല്യം... ആ വൃത്തികെട്ട രംഗത്തേക്കു നിൻെറ മകനെ ഇറക്കി വിട്ടു. നശിക്കാൻ.

ജാനകിഅമ്മ: ഞാനിറക്കിവിട്ടില്ല...നിങ്ങളെ കണ്ടാണു് അവൻ പഠിച്ചതു്. നിങ്ങളുടെ മേശ തുറന്നു നോക്കു? നൂറുകണക്കിന്നു സുന്ദരികളുടെ ഫോട്ടോകൾ, പലയിനം സിഗരററുകൾ, വിദേശമദ്യക്കുപ്പികൾ, ചീത്തപ്പുസ്തകങ്ങൾ...ഇതെല്ലാം നിങ്ങളുടെ മക്കൾക്കറിവില്ലെന്നു കരുതിയോ?

ശങ്കർ: ജാന്തു!...

(ജാനകിഅമ്മ കുലുങ്ങികുലുങ്ങി നടന്നുപോകുന്നു. ശങ്കർ കുഴഞ്ഞിരിക്കുന്നു. അരുന്ധതി കടന്നുവരുന്നു.)

അരുന്ധതി: ഡാഡീ, ഫോൺ.

ശങ്കർ: ആരാണെന്നു ചോദിക്കു.

അരുന്ധതി: ജനറൽ മാനേജർ.

ശങ്കർ: ഞാൻ പുറപ്പെട്ടന്നെന്നു പറയൂ...കണ്ണാ!...കണ്ണനോട്ടു്, ആ തോക്കു് ഓവർ ഓയിലിങ്ങ് കഴിഞ്ഞോ എന്നന്വേഷിക്കാൻ പറയൂ... (എഴുന്നേററു പുറത്തേക്കു പോകുന്നു.)

(ജയദേവൻ പ്രവേശിക്കുന്നു.)

ജയദേവൻ: ഡാഡി പോയോ?

അരുന്ധതി: പോയി. (പോകുന്നു.)

(ഡോക്ടർ ഗോപി വന്നു് ഫ്ളവർവാസിൽനിന്നും ഒരു പൂവെടുക്കുന്നു. ജയദേവൻ, ഡോക്ടർ ഗോപിയെ കാണുന്നു.)

ജയദേവൻ: ഹലോ! ഗോപീ!...

ഡോക്ടർ ഗോപി: യെസ് ദേവ്, എല്ലാം റഡിയായി.

നാളെ ലൊക്കേഷൻ ഫിക്സ്ചെയ്യാൻ പുറപ്പെടണം. ബാക്കി പണവും.

ജയദേവൻ: പണം, ഇനി ഡാഡി തന്നേ പററു. ഗോപിയുംകൂടി ഉണ്ടെങ്കിലേ, ഡാഡിയെ പറഞ്ഞു ശരിപ്പെട്ടത്താൻ പററൂ.

ഡോക്ടർ ഗോപി: അമ്പതിനായിരം രൂപകൊണ്ടു്, ഒന്നും ചെയ്യാൻ പറ്റുകയില്ല. എന്റെ കൈയിൽനിന്നും, ഒരു രൂപതിനായിരമായി. ഇനി പണം വേണമെങ്കിൽ സിസ്റ്റർ വരണം.

ജയദേവൻ: സിസ്റ്റർ എന്നത്തേക്കു വരും?

ഡോക്ടർ ഗോപി: (ഒരു കവറെടുത്തു കൊടുത്തു്) ഇതാ... ഒരു കത്തുണ്ടു്. മൂന്നാഴ്ചയെങ്കിലും പിടിക്കുമെന്നു്.

ജയദേവൻ: (കവർ തുറന്നു്) ഇതു്...(എഴുന്നേറ്റു് അത്ഭുതത്തോടെ) റിയൽ ബ്യൂട്ടി. യൂണിവേർസൽ ബ്യൂട്ടി. ഇതു്...?

ഡോക്ടർ ഗോപി: സിസ്റ്ററിൻെറ ഇപ്പോഴത്തെ ഫിലിമിൻെറ സ്റ്റിൽസാണു്...ബീജാപ്പൂർ.

ജയദേവൻ: ആഹാ! വാട്ട് എ വണ്ടർഫുൾ ബ്യൂട്ടി! എന്തൊരു സൗന്ദര്യം! എന്തൊരു പോസ്! ഇതെന്റെ കൈയിലിരിക്കട്ടെ.

(കണ്ണൻ വരുന്നു.)

കണ്ണൻ: വളരെ നന്നായി.

ജയദേവൻ: (രൂക്ഷമായി നോക്കുന്നു) എന്തു്?

കണ്ണൻ: ഡയലോകു്...കുഞ്ഞിപ്പം പറഞ്ഞ ഡയലോകു മാതിരി ഞങ്ങളുടെ റാമേലൊണ്ടു്. (അഭിനയിച്ചു്) ഹാ! എന്തൊരു പൊരുത്തം! നിൻെറ മാദകസൗന്ദര്യത്തിൽ മതി...

ജയദേവൻ: (അലച്ച്) നിത്തടാ!...

(കണ്ണൻ പെട്ടെന്നു നിൽക്കുന്നു.)

ഡോക്ടർ ഗോപി: (കണ്ണൻെറ തോളിൽ തട്ടി) കണ്ണൻ നല്ല കലാകാരനാണല്ലോ!...

കണ്ണൻ: ആണല്ലോന്നു്! അതിന്റെ ഗന്ധം അറിയാവുന്ന വക്കല്ലേ അറിഞ്ഞുകൂട്ടു. അല്ലാ, ഡോക്ടർസാർ സിംഹത്തിൻെറ അഭിനയം കണ്ടിട്ടുണ്ടോ?

ഡോക്ടർ ഗോപി: സിംഹമോ? (ചിരിയടക്കുന്നു.)

(ജയദേവൻ ആ സമയമത്രയും ഫോട്ടോയിൽത്തന്നെ നോക്കിനില്ക്കുന്നു.)

കണ്ണൻ: അതേന്നേയ്...മാലസിംഹം...

ഡോക്ടർ ഗോപി: അതു് മാലാ സിൻഹ എന്ന നടിയെപ്പററിയല്ലെ...

കണ്ണൻ: അപ്പം അതു പെണ്ണാണോ? ഇതാക്കറിയാം!... ഇന്നാള്, അരുന്ധതിക്കുഞ്ഞു പറേണ കേട്ട...(പോകുന്നു.)

ഡോക്ടർ ഗോപി: (കുറച്ചുനേരം ദേവൻെറ വിക്രിയകൾ വീക്ഷിച്ചിട്ടു്) ദേവ്!...

(ജയദേവൻ ഞെട്ടുന്നു.)

ദേവൻ ലൊക്കേഷൻ കാണാൻ വരുന്നില്ലേ?

ജയദേവൻ: ഇല്ല. ഡാഡിയെ കൺവിൻസ് ചെയ്തു പണം വാങ്ങണം. സിസ്റററിനോടു നമ്മുടെ പ്രൊഡക്ഷനെപ്പററി പറഞ്ഞിട്ടുണ്ടോ?

ഡോക്ടർ ഗോപി: പറഞ്ഞിട്ടുണ്ടോ എന്നോ? വണ്ടർഫുൾ! ദേവനെപ്പററിയും ശരിയായി കത്തിൽ വിശദീകരിച്ചിട്ടുണ്ടു്. പൊക്കവും വണ്ണവും...ഈവൺ പെഴ്സനാലിററി. പിന്നെ, അന്നെടുപ്പിച്ച പുതിയ പോസിലുള്ള ഫോട്ടോയും അയച്ചിട്ടുണ്ടു്.

ജയദേവൻ: ഓ, ഐ സീ! അപ്പോൾ ഞാൻ അറിയപ്പെട്ടു?

ഡോക്ടർ ഗോപി: അതു മാത്രമല്ലാ, ഫിലിമിൽ അവളുടെകൂടെ 'ഹീറോ' ആയിട്ടു ദേവൻതന്നെ അഭിനയിക്കണമെന്നാണവളുടെ നിർബ്ബന്ധം. നല്ല ഫെയിസാണുപോലും...ഫോട്ടോജിനിക്.

ജയദേവൻ: അതെയതെ...ഫോട്ടോജിനിക് ഫെയ്സാണെനിക്കു്. (പോസിൽ നില്ക്കുന്നു.)

ഡോക്ടർ ഗോപി: അതു മാത്രമല്ലാ...

ജയദേവൻ: പറയൂ....റെറൽ മീ ഗോപീ...

ഡോക്ടർ ഗോപി: ഞാൻ...ഞാനവളുടെ ബ്രദറല്ലെ? എങ്ങനെ പറയും?

ജയദേവൻ: നെവർമൈൻഡ്. നാമെല്ലാം മോഡേൺ ഏജിലല്ലെ? ചുമ്മാ പറയൂ...

ഡോക്ടർ ഗോപി: ദേവനെ കാണുവാൻ ധൃതിയായിപോലും...

ജയദേവൻ: (നാണിച്ചു്) ഈസിററ്. ഈസിററ്... സോ?

(അരുന്ധതി വരുന്നു.)

അരുന്ധതി: ഓ...ഡാക്ടർ!...

ഡോക്ടർ ഗോപി: എസ് അത്രു...അസുഖം എങ്ങനെ?

(ജയദേവൻ പടത്തിൽത്തന്നെ കണ്ണുംനട്ടിരിക്കുന്നു.)

അരുന്ധതി: കുറവുണ്ടു്.

(ജാനകിഅമ്മ വരുന്നു.)

ജാനകിഅമ്മ: ഡോക്ടർ, മോൾക്കു തല ചുററിനു കുറവുണ്ടു്. പക്ഷേ, ഡോക്ടറുടെ മരുന്നു് അകത്തുചെന്നതിൽപ്പിന്നെ വല്ലാത്ത ക്ഷീണം.

ഡോക്ടർ ഗോപി: അതു സാരമില്ലാ...കുറച്ചുകഴിഞ്ഞാൽ മാറും.

ജാനകിഅമ്മ: ഇവനെന്താ നോക്കുന്നെ? (ഫോട്ടോവിലേക്കു് എത്തിനോക്കുന്നു.)

അരുന്ധതി: (ഫോട്ടോ തട്ടിപ്പറിച്ച്) ഹായ്! ഹായ്!... എന്തൊരു സൗന്ദര്യം!...വാട്ട് ഏ ബ്യൂട്ടീ!

ജയദേവൻ: മിസ്സ് ജഗന്മോഹിനി, ദി സ്റ്റാർ ഓഫ് യൂണിവേഴ്സ്—ലോകസൗന്ദര്യം.

ജാനകിഅമ്മ: ഒരു കൊച്ചുമിടുക്കിയാണേയ്!...

അരുന്ധതി: ഗോപിച്ചേട്ടൻെറ, അല്ലാ, ഡോക്ടരുടെ സിസ്റ്ററാ...

ജാനകിഅമ്മ: അങ്ങനെ വരട്ടെ. അല്ലാ, ഡോക്ടറെ കണ്ടാൽ മോശമാണോ?

ഡോക്ടർ ഗോപി: താങ്ക് യൂ എന്നാൽ ഞാൻ വരട്ടെ, ദേവ്!...

ജാനകിഅമ്മ: അപ്പോൾ...ഇവളുടെ മനംപുരട്ടലിനു്...

ഡോക്ടർ ഗോപി: ഉച്ചതിരിഞ്ഞു്, അങ്ങോട്ടു വരട്ടെ... അതിനും മരുന്നുകൊടുത്തയയ്ക്കാം. (പോകുന്നു. തിരിഞ്ഞു്) ദെൻ, ദേവ്!...

ജയദേവൻ: ഓക്കേ...

(ഡോക്ടർ ഗോപി പോകുന്നു.)

(ഫോട്ടോ പിടിച്ചുവാങ്ങി) അതു മുഷിച്ചുകളയല്ലെ.

ജാനകിഅമ്മ: എടാ...ഇനി അതുംകൊണ്ടു നടന്നോ. (പോകുന്നു.)

അരുന്ധതി: (അടുത്തുചെന്നു്) ആ സൗന്ദര്യം കണ്ടു ബോധം കെട്ടുവീഴല്ലേ...(പോകുന്നു.)

(കണ്ണൻ വരുന്നു. കൈയിൽ സ്ക്രിപ്റ്റ്. എത്തിനോക്കുന്നു.)

കണ്ണൻ: വനദേവതയാണോ?

ജയദേവൻ: (വികാരത്തോടെ) അല്ലാ...ഇന്ദ്രാണി, രംഭ, ഹെലൻ, എലിസബത്ത്...

കണ്ണൻ: എന്തൊരു എലിയാണോ! ഇതു് ആളെത്തന്നെ കരണ്ടുതിന്നും.

ജയദേവൻ: യൂ ഡാം! ഇതെന്റെ ജീവനാണ്. ക്ലിയോപാട്രപോലും ഈ സൗന്ദര്യത്തിനു മുന്നിൽ നാണിക്കും.

കണ്ണൻ: പിന്നെ! ഇത്തരം വേഷത്തിൽ നിന്നാൽ ആരാനാണിക്കാത്തതു്?

ജയദേവൻ: കൺ, പോയി, എയർ ലൈൻസിലേക്കു് ഫോൺചെയ്യു്, ബീജാപ്പൂർക്കു ഫ്ളൈറ്റുണ്ടോ എന്നു ചോദിക്കു്.

കണ്ണൻ: ഫ്ലൈറേറാ!...ഓ, ഓ! പിഞ്ഞാണി...ബീജാപ്പൂർ പിഞ്ഞാണി. നല്ല ഉറപ്പാ...

ജയദേവൻ: എന്റെ മണ്ടാ, വിമാനം, വിമാനം...(പടത്തിൽ നോക്കി) ഡിയർ, നിനക്കെന്നെക്കാണുവാൻ ധൃതിയായെന്നറിയാം. ഞാനിതാ വരുന്നു. പറന്നു്, പറന്നു് ആകാശത്തുകൂടി പറന്നു്...(പടവും നോക്കി ഉള്ളിലേക്കു പോകുന്നു.)

കണ്ണൻ: ഇതീ കണക്കിനു ഭ്രാന്താ, മുത്തൻ ഭ്രാന്താ!...

(കർട്ടൻ)

## രംഗം ആറ്

[തിയ്യതി നവമ്പർ ഏഴ്. സാധാരണ സജ്ജീകരണങ്ങൾ. മൂല യിൽ ഒരു തോക്ക ചാരിവെച്ചിരിക്കുന്നു. സ്റ്റേജിൽ ഒരു വലിയ കുട വെച്ച് കണ്ണൻ അതിൽ ഒതുങ്ങിയിരിക്കുന്നു. പുറത്തു നായ് കുരയ്ക്കുന്നു.

മണിയൻപിള്ളആശാൻ വരുന്നു. വന്ന് ഉള്ളിലേക്ക് എത്തിനോക്കുന്നു. തോക്ക കണ്ട് ഞെട്ടുന്നു.]

മണിയൻപിള്ള ആശാൻ: ഇവിടെ ആരുമില്ലേ?... ജാനകിഅമ്മേ!...

കണ്ണൻ: ആരാണീ അറുകൊലവിളിക്കുന്നത്? ഓ, ആശാനോ? സോറി! ഇരിക്കാശാനെ.

മണിയൻപിള്ള ആശാൻ: പുറത്ത് നായയോട്ട് ഒരു യുദ്ധം കഴിച്ചു. (തോക്കിൽ ഭയത്തോടെ നോക്കുന്നു.)

കണ്ണൻ: ഇന്ന് നായയെ ആരോ അവിടെ കൊണ്ടുപോയി പൂട്ടി.

മണിയൻപിള്ള ആശാൻ: പൂട്ടിയിട്ടേക്കുകയാണോ? ആട്ടെ, നീയെന്താണ്വിവിടെ ഒറ്റയ്ക്ക്...? (കണ്ണു തോക്കിൽ.)

കണ്ണൻ: (കുട നിലത്തുകുത്തി) ഞാൻ ഇവനെയൊന്നു ശരിയാക്കുകയായിരുന്നു. സെൻററിലേക്കുള്ള ഇവന്റെ കണക്ഷനു് ഒരു ചെറിയ തകരാറ്. സെൻററീന്ന് അങ്ങനെ ഓരോന്നും വിട്ടുപോയാൽ പിന്നെ കൊടയുണ്ടോ?

മണിയൻപിള്ള ആശാൻ: കമ്പി വിട്ടുപോയാൽ പിന്നെ, കൊടയുണ്ടോ? വിട്ടുപോയ കമ്പി പിന്നെ പപ്പടം കുത്താൻ കൊള്ളാം. എന്നിട്ട ശരിയായോ?

കണ്ണൻ: ശരിയായില്ല. അപ്പോഴേക്കുമാ ആശാന്റെ വിളി.

മണിയൻപിള്ള ആശാൻ: എങ്ങോട്ടു പോയി എല്ലാവരും?

കണ്ണൻ: അതെന്തിനു പറയുന്നു? (ശോകം) ഈ കല്യാണാലോചന തുടങ്ങിയതിൽപ്പിന്നെ ഈ ബംഗ്ലാവ് ഉറങ്ങിപ്പോയി. കൊച്ചമ്മ, ആലോചിച്ചാലോചിച്ചു കിടപ്പുതന്നെ. അങ്ങുന്ന് എപ്പൊ നോക്കിയാലും ഭാരം തലയിലേറ്റിയപോലെയാണ്. അതോ...ഇവിടെയൊക്കെ പറന്നുനടന്നിരുന്ന അരുന്ധതിക്കുഞ്ഞിന്, ഓക്കാനോം ഛർദ്ദീം നട്ടവുവേദനയും തന്നെ!

മണിയൻപിള്ള ആശാൻ: (സംശയിച്ച്) പുളിയോടും കാന്താരിമുളകിനോടും ആ കുഞ്ഞിന് ഇഷ്ടമാണോ? (നോട്ടം തോക്കിൽ.)

കണ്ണൻ: (ചീറി) ദേ...ആശാനെ, കന്നംതിരിവു പറയരുത്, കേട്ടോ? കണ്ണൻ ആള് പെശകാ...

മണിയൻപിള്ള ആശാൻ: ശ്ശെടാ!...അതിനു ഞാൻ വല്ലതും പറഞ്ഞോ? ദഹനക്കേടുള്ളവക്ക് ഇഞ്ചി, കാന്താരിമുളക്, പച്ചപ്പുളി ഇവയോടു പ്രീതികാണും. കാരണം, പിത്തംകൊണ്ടാണു ദഹനക്കേടുണ്ടാവുന്നത്.

കണ്ണൻ: അതും കണ്ണനു മനസ്സിലായി—ദഹനക്കേട് എന്നു പറഞ്ഞത്, ഈ വഴീലൊക്കെ പെമ്പിള്ളേരടെ പുറകേ വെള്ളോമെറക്കി നടക്കണ ഏമ്പോക്കികളുടെ ഭാഷയാ...അവന്മാരടെ പുസ്തകങ്ങളും, ആഴ്ചപ്പതിപ്പിലും അതേ ഭാഷയാ...

മണിയൻപിള്ള ആശാൻ: ഈ അർത്ഥവും വ്യാകരണവും തുടങ്ങിയാൽ ഞാൻ ചുററുകയേ ഉള്ളു. (പിണങ്ങിയപോലെ ഇരിക്കുന്നു.)

കണ്ണൻ: ആശാൻ പറഞ്ഞതിലും, ഒരുവിധം വാസ്തവമുണ്ട്. ഇക്കാലത്തെ പെമ്പിള്ളേരെ വിശ്വസിക്കാ

നൊക്കുമോ? ഇതു കേക്കണോ?...ഞാനിവിടെ ഉദ്യോഗത്തിനു വരുന്നതിനു മുമ്പ് ഒന്നു് ബോംബവരെ പോയി.

മണിയൻപിള്ള ആശാൻ: ജോലി അന്വേഷിച്ചാണോ?

കണ്ണൻ: അല്ലന്നേയ്. ഞങ്ങടെ, വടക്കേലെ ശാരദയ്ക്കു് ഒരാൾ ജോലി വാങ്ങിച്ചുകൊടുക്കാമെന്നു പറഞ്ഞു പോലും. പെണ്ണിനെ ഒററയ്ക്കു വിടാൻ പററ്വാ? ആ പെണ്ണും തള്ളേംകൂടി എൻെറ ദേഹത്തുകൂടി.

മണിയൻപിള്ള ആശാൻ: (എഴുന്നേററു്) എന്നിട്ടു്... ഒഴിഞ്ഞൊ?...

കണ്ണൻ: (മണിയൻപിള്ള ആശാനെ പിടിച്ചിരുത്തി) ഒന്നിരുന്നു കേക്കാശാനെ. ഒടുവിൽ ഞാൻ പെണ്ണിനെറകൂടെ പോയി. എനിക്കൊണ്ടോ പാഷ അറിയണു? അഡ്രസ്സ് കാട്ടി ഒരു വിധം എത്തി. ചെന്നു നിന്നതു് എവിടെയാണെന്നറിയാമോ?

മണിയൻപിള്ള ആശാൻ: (എഴുന്നേററു്) എവിടെയാ?

കണ്ണൻ: ഒരു കൂററൻ ബംഗ്ലാവിൻെറ മുമ്പിലു്. പുറത്തു കാളിംഗ് ബെല്ലു്...ഏകദേശം ഇവിടുത്തെ അറേഞ്ചുമെൻറ്.

മണിയൻപിള്ള ആശാൻ: ഇവിടെ കാളിംഗ്ബെല്ലില്ലല്ലോ...

കണ്ണൻ: അതു ചത്തു കെടക്വാ ആശാനെ. എന്നിട്ടു്, ഇതു കേക്കു്. ഒരാനത്തടിച്ചി വല്യേമ്മ ഇങ്ങു വന്നു. ഉം...? എന്തു വേണമെന്നു് എന്നോടു ചോദിച്ചു. ഞാൻ ഭയന്നു പിന്നോട്ടുമാറി. അപ്പോഴാണു ശാരദയെ കണ്ടതു്. അപ്പോൾ അവരുടെ ഒരു ചിരി കാണണം. മണ്ഡോദരി ചിരിച്ചപോലെ.

മണിയൻപിള്ള ആശാൻ: (എഴന്നേററ്) നീ ആളെ കൊല്ലാതെ കാര്യം പറ.

കണ്ണൻ: (മണിയൻപിള്ള ആശാനെ പിടിച്ചിരുത്തി) ഒന്നിരുന്നു കേക്കാശാനെ. പേരെന്താന്നു ചോദിച്ചു. ശാരദയെന്നു പറഞ്ഞതും, 'വാ മോളെ! എന്നുംപറഞ്ഞു് അവളേ കൂട്ടിക്കൊണ്ടങ്ങുപോയി.

മണിയൻപിള്ള ആശാൻ: നീ പുറത്തും...

കണ്ണൻ: കേക്കാശാനെ. കുറച്ചു കഴിഞ്ഞപ്പഴണ്ടേ...ഒരിരുന്നൂറുരൂപ വെലയൊള്ള സാരീം ചുറ്റിച്ചു് അവളെ ഇങ്ങു കൊണ്ടുവന്നു—ശാരദയെ. ഭൂലോകരംഭപോലെയാ! ഞാൻ കണ്ണുതിരുമ്മി നോക്കി. എനിക്കു വിശ്വസിക്കാൻ പററേവാ? കയ്യാലയ്ക്കലെ പീക്രിപ്പെണ്ണു് ശാരദ തപസ്സിരുന്നാൽ അതുപോലൊന്നുട്ടക്കാൻ പറ്റേവാ?...

മണിയൻപിള്ള ആശാൻ: അവളു ചെയ്ത ഭാഗ്യമേ!... (എഴന്നേല്ക്കുന്നു.)

കണ്ണൻ: (മണിയൻപിള്ള ആശാനെ പിടിച്ചിരുത്തുന്നു. (എന്നെ ഉള്ളിലേക്കു ക്ഷണിച്ചു. ഞാൻ നൈസാമിനെപ്പോലെ ഒരു നടേം നടന്നങ്ങു ചെന്നു. അപ്പോഴാ കണ്ടതു്, ഓരോ മുറീലും ഓരോന്നു്...

മണിയൻപിള്ള ആശാൻ: എന്തോന്നു്?...

കണ്ണൻ: പെമ്പിള്ളേരു്...

മണിയൻപിള്ള ആശാൻ: അതെന്തിനാ?

കണ്ണൻ: ഇതൊരു മണ്ടൂസാശാനാണു്. ഇത്രേം പറഞ്ഞിട്ടും മനസ്സിലായില്ലേ?

മണിയൻപിള്ള ആശാൻ: ശ്ശെൻെറ ഗുരുവായൂരപ്പാ!... അപ്പോൾ, ഈ നാട്ടുവിട്ടുപോയപെമ്പിള്ളേരൊക്കെ...

കണ്ണൻ: ഓ...അങ്ങനെ ഒട്ടുക്കു പറയണ്ട. ഞാൻ പറയു

ന്നതു്, വെളിനാട്ടിൽ പോണ പെമ്പിള്ളേർക്കു സുര ക്ഷിതത്വമുണ്ടോ എന്ന് ഇടയ്ക്കിടയ്ക്കു വീട്ടുകാരനന്വേഷി ക്കണം.

മണിയൻപിള്ള ആശാൻ: ആ, അതേ മാർഗ്ഗമുള്ളൂ. (തോ ക്കിൽ നോക്കുന്നു.)

കണ്ണൻ: ആശാൻ തോക്കു കണ്ടു ഭയന്നോ? (തോക്കെടു ത്തു്) ഇവനെ ഓവർ ഓയിലിങ്ങു കഴിച്ചു കൊണ്ടു വന്നു വെച്ചിരിക്കയാ. അങ്ങുന്ന് എസ്റ്റേററിൽ പോ കുമ്പോഴാ, ഇവനു കോളു്! ആന, കരടി, പുലി, മാൻ, മ്ലാവ്...(ആശാന്റെ നേരെ തോക്കു നീട്ടിയിട്ട്) ഈ കാഞ്ചിയങ്ങു വലിച്ചുവിട്ടാൽ മതി...

മണിയൻപിള്ള ആശാൻ: (ഭയന്നു വിറച്ച്) കണ്ണാ... അരുതെ...എൻെറ കണ്ണാ!...നാലഞ്ചു പിള്ളേരും... തള്ളേം...

(ജാനകിഅമ്മ പ്രവേശിക്കുന്നു.)

ജാനകിഅമ്മ: എന്താടാ ഇവിടെ? ഹെം?...

(കണ്ണൻ തോക്കു മൂലയിൽത്തന്നെ വയ്ക്കുന്നു.)

മണിയൻപിള്ള ആശാൻ: പുറത്തു നായ്, അകത്തു തോക്ക്.

ജാനകിഅമ്മ: കണ്ണാ, ആ നായിനെ അഴിച്ച് അപ്പുറ ത്തു പൂട്ട്.

കണ്ണൻ: കോളിംഗ്ബെല്ലു ചത്തു കെടക്കുകയാ കൊച്ച മ്മേ. നായയുണ്ടെങ്കിൽ ആളു വരുന്നതറിയാം...

ജാനകിഅമ്മ: (ശാസന) പറഞ്ഞതനുസരിക്കാൻ!

(കണ്ണൻ മുഖംവീർപ്പിച്ചു പോകുന്നു.)

പിന്നെന്താണാശാനെ അതിൽപ്പിന്നെ ഇങ്ങോട്ടു കണ്ടില്ലാ?...

മണിയൻപിള്ള ആശാൻ: ഞാനെങ്ങനെ വരാനാ?

(പുറത്തു നായ് കുരയ്ക്കുന്നു. ശങ്കറും അരുന്ധതിയും വരുന്നു. മണിയൻപിള്ളആശാൻ എഴുന്നേററു തൊഴുന്നു. അരുന്ധതി നേരെ ഉള്ളിലേക്കു പോകുന്നു.)

ശങ്കർ: ങാ! ആശാനെ, ഇരിക്ക്. (ജാനകിഅമ്മയോട്ട്) ജയൻ എങ്ങോട്ടു പോയി?

(ജാനകിഅമ്മ തല കുനിച്ചു നില്ക്കുന്നു.)

(ശാസന) പറയാൻ...

ജാനകിഅമ്മ: അവൻ... അവൻ... സിനിമയുടെ ഔട്ട് ഡോറിന്.

ശങ്കർ: ഔട്ട്ഡോറും ഇൻഡോറും!...അവൻ പോയതു് ബീജാപ്പൂർക്ക്. നീ, നുണ പറഞ്ഞു് മക്കൾക്കു കൂട്ടു നിന്നു.

ജാനകിഅമ്മ: ഒരു പെററമ്മയ്ക്കു് അച്ഛൻെറ മുന്നിൽ അതേ പററൂ...

മണിയൻപിള്ള ആശാൻ: അതു ശരിയാ!...എൻെറ ഭാഗ്ഗവീ!...

ശങ്കർ: അങ്ങനെ, അവരെ നീ നശിപ്പിച്ചു. കണ്ണാ!... കണ്ണാ!...

(ഉള്ളിൽ കണ്ണൻ വിളികേൾക്കുന്നു.)

ഉം...പണം ആരു കൊടുത്തു?

ജാനകിഅമ്മ: ഞാൻ കൊടുത്തു. അയ്യായിരം രൂപ.

ശങ്കർ: ബീജാപ്പൂർ പോകുന്നതിന്നു് അയ്യായിരം.

(കണ്ണൻ വന്നു വിനീതനായി നില്ക്കുന്നു.)

കാട്രിഡ്ജ് എവിടെ?

(കണ്ണൻ മിഴിച്ചുനില്ക്കുന്നു.)

എടാ തോക്കിൻെറ തോട്ട എവിടെയെന്നു്?

കണ്ണൻ: ഓ...അവൻ...മേശയിലിട്ടേ...

ശങ്കർ: ശരി; ഇന്നു് എസ്റ്റേററിൽ പോകണം. നീ പോയി, ഡാക്കരുടെ അടുത്തുനിന്നു് ആ മെഡിക്കൽ റിപ്പോർട്ടു വാങ്ങിയിട്ടുവാ...ഡോക്ടർ ഹെൻറി.

(കണ്ണൻ പോകുന്നു.)

പിന്നെ, ആശാൻ...(സിഗരററു കത്തിക്കുന്നു.)

മണിയൻപിള്ള ആശാൻ: ഞാൻ കുറച്ചുനേരമായി വന്നിട്ട്.

ശങ്കർ: മകൾക്കു കുറച്ചുനാളായി ഒരസുഖം. ഒന്നു ഡാക്കുറുടെ അടുത്തുവരെ കൊണ്ടുപോയി. ഒരു എക്സ്-റെ എടുക്കണമെന്നു പറഞ്ഞു. അതു കഴിഞ്ഞപ്പോൾ നേരമായി. മെഡിക്കൽ ചെക്കപ്പ്, കാലത്തെ കഴിച്ചു. അതിന്റെ റിപ്പോർട്ടാണ് കണ്ണനോടു വാങ്ങിക്കൊണ്ടു വരാൻ പറഞ്ഞത്.

(ജാനകിഅമ്മ പോകുന്നു.)

മണിയൻപിള്ള ആശാൻ: വരാതിരിക്കുന്നതെങ്ങനെയാണെന്നുദ്ദേശിച്ചാ...

ശങ്കർ: (സിഗരററ് ആഞ്ഞുവലിച്ച്) അതെന്താ?...

മണിയൻപിള്ള ആശാൻ: അങ്ങനെയാ അങ്ങുന്നേ... പറയാൻ എനിക്കു മടിയാ...

ശങ്കർ: പറഞ്ഞോളൂ...എന്തും സഹിക്കാനുള്ള മനക്കട്ടി എനിക്കുണ്ടായിക്കഴിഞ്ഞു ആശാനെ.

മണിയൻപിള്ള ആശാൻ: ചെറുക്കൻെറ വീട്ടുകാർക്കു പെണ്ണിനെ ഇഷ്ടപ്പെട്ടു. പക്ഷേ,...

ശങ്കർ: പക്ഷേ?...പറയൂ...

മണിയൻപിള്ള ആശാൻ: ആരോ...നുണ പറഞ്ഞുണ്ടാക്കി.

ശങ്കർ: എന്ത്?...എന്തു നുണ?...പറയൂ...

മണിയൻപിള്ള ആശാൻ: പെണ്ണിന്...

ശങ്കർ: പെണ്ണിന്...? മടിക്കേണ്ട...

മണിയൻപിള്ള ആശാൻ: നല്ലനടത്തയല്ലെന്ന്.

(ശങ്കർ നിശ്ചലനായി നില്ക്കുന്നു. ജാനകിഅമ്മ കാപ്പിയുമായി വരുന്നു. ഇതു കേട്ട് ഗ്ലാസ്സു രണ്ടും കൈയിൽനിന്നും താഴെ വീഴുന്നു. ശബ്ദം കേട്ട് അരുന്ധതി ഡോർകർട്ടൻ മാററി എത്തിനോക്കുന്നു.

ശങ്കറും ജാനകിഅമ്മയുമായി നടക്കുന്ന സംഭാഷണത്തിനനുസരിച്ച് അരുന്ധതിയുടെ ഭാവങ്ങൾ മാറുന്നു. ഇടയ്ക്കിടയ്ക്ക് ശങ്കറിന്റെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ ഡോർകർട്ടൻ വലിച്ചിട്ട് മുഖം മറയ്ക്കുന്നു.)

ശങ്കർ: (അതേനില്പിൽ തലതിരിച്ച്) കേൾക്ക്!...

മണിയൻപിള്ള ആശാൻ: ഡോക്ടർ ഗോപിയെന്ന് ആരെങ്കിലുമുണ്ടോ? അയാളുടെ തോളിൽ കൈയുമിട്ടു നടക്കുകയാണെന്നാ പറച്ചില്.

ശങ്കർ: ഡോക്ടർ ഗോപി!...(കൈ ഞെരിച്ച്) അവൻ രക്ഷപ്പെട്ടു...ശരി, ആശാൻ എന്നെ നാളെ വന്നു കാണു.

മണിയൻപിള്ള ആശാൻ: കാണാമേ,...(പോകുന്നു.)

ശങ്കർ: (തിരിഞ്ഞു് ജാനകിഅമ്മയോടു്) തൃപ്തിയായോ? നിന്റെ തുള്ളൽ! ഈ ഡോക്ടർ ഗോപി ആരാണെന്നറിയാമോ?...ഒരു തട്ടിപ്പുകാരൻ. ഇവിടെ നേഴ്സിംഗ് ഹോമുണ്ടു് എന്ന ഒരു നാടകം അയാൾ നടത്തി ജയിച്ചു. പോലീസന്വേഷിക്കുന്ന തട്ടിപ്പുകാരൻ. നീ തുള്ളിച്ചുകൊണ്ടു നടന്നില്ലേ?

ജാനകിഅമ്മ: ഞാൻ തുള്ളിച്ചൊന്നുമില്ല...

ശങ്കർ: (അലച്ച്) ജാന്വ!...ഞാൻ എല്ലാം അറിയുന്നുണ്ടു്. ഗോപിയെന്ന തട്ടിപ്പുകാരൻ ഭയങ്കരനാണ്.

ജാനകിഅമ്മ: അതിനു ഞാനെന്തുവേണം?...

ശങ്കർ: അവൻ പലരേയും കുടുക്കി. നിന്റെ ദേവിനോട്ട് അമ്പതിനായിരം, വേറൊരിടത്തു് ഒരു ലക്ഷം, ജോലി വാങ്ങിക്കൊടുക്കാമെന്നും പറഞ്ഞു് ആയിരക്കണക്കിനു്...

ജാനകിഅമ്മ: (ഗുരുവായൂരപ്പനെ നോക്കി) എന്റെ ഗുരുവായൂരപ്പാ!...

ശങ്കർ: നിന്റെ മകൻ കോളേജിൽ പോയിരുന്നില്ല. കണ്ണിക്കണ്ട...(ചുവരിലേക്കു നോക്കി) ഹെന്തു്!

വിവേകാനന്ദന്റെ ചിത്രം?...(നടന്നുചെന്നു്, ആണിയിൽ തൂങ്ങുന്ന നടിയുടെ ചിത്രം കൈയിലെടുക്കുന്നു.) ജഗന്മോഹിനി! (തറയിലെറിയുന്നു.) ഇതാരാ അവിടെ വെച്ചതു്?...ഓ ചോദിക്കണ്ടല്ലോ... വിവേകാനന്ദൻെറ ചിത്രമെവിടെ? ഓ, അതും ചോദിക്കണ്ട...

(ജാനകിഅമ്മ പോകുന്നു. ശങ്കർ മേശ തുറന്നു പുസ്തകമെടുത്തു് എന്തോ എഴുതുന്നു. അരുന്ധതി വരുന്നു. അറച്ചറച്ചു്, ഭയന്നു ഭയന്നു് ശങ്കറിൻെറ പിന്നിൽ വരുമ്പോഠം സംശയിച്ചു രണ്ടടി പിൻതിരിഞ്ഞു പോകുന്നു. വീണ്ടും തിരിഞ്ഞു വരുന്നു.)

അരുന്ധതി: (സംശയിച്ചു്) ഡാ...ഡീ!...

ശങ്കർ: (അതേ ഇരുപ്പിൽ തല അല്പം ചരിച്ചു്) ഉം?...

അരുന്ധതി: ഫോൺ...

ശങ്കർ: ഞാനില്ലെന്നു പറയൂ...ആരാണെങ്കിലും...എനിക്കല്പം സ്വസ്ഥതയാണാവശ്യം.

(കണ്ണൻ വരുന്നു.)

കണ്ണൻ: (വന്നവഴിയെ നോക്കി) നിന്നെ...ഞാൻ കാണിച്ചുതരാമെടാ! നീ...നീ ഡ്രൈവറാണെങ്കില്ല് നിൻെറ വീട്ടില്ല്. നീ റൗഡിയാണെങ്കിൽ, ഞാൻ ഡബിൾ റൗഡിയാ!...

(ശബ്ദം കേട്ടു് ജാനകിഅമ്മ വരുന്നു.)

ശങ്കർ: (അലച്ച്) കണ്ണാ!...

കണ്ണൻ: അവൻ കാറെടുക്കാൻ പറയുമ്പള് ഒരു കളിയാക്കൽ. (തിരിഞ്ഞു്) നിൻെറ കഥകളൊക്കെ എനിക്കറിയാമെടാ ചെറേറ!...

(കണ്ണൻെറ തോളിൽ ശങ്കർ അടിക്കുന്നു.)

ശങ്കർ: പോ വെളിയെ... (അടിക്കുന്നു.)

കണ്ണൻ: (കരഞ്ഞു്) മെഡിക്കൽ റിപ്പോർട്ട്... (കടലാസ്സ് കൈയിൽ കൊടുക്കുന്നു.)

ശങ്കർ: (കൈ ചൂണ്ടി) പോ...വെളിയെ...

(കണ്ണൻ നാലഞ്ചടി നടന്നു് തിരിയുന്നു.)

പോകാൻ!...

(കണ്ണൻ രണ്ടടികൂടി മുമ്പോട്ടു നടന്നു് തിരിയുന്നു.)

ഗററൗട്ട്!...

(അലച്ചുകേട്ടു് കണ്ണൻ ഞെട്ടി സ്ഥലംവിടുന്നു.)

എന്നെ വകവയ്ക്കാത്ത നന്ദിഹീനന്മാർ! അതേ!... എന്നെത്തന്നെ ഞാൻ കുററംപറയണം. എൻെറ സ്ഥാനം ഞാൻ സൂക്ഷിച്ചില്ല...ഒരിടത്തും...

(ശങ്കർ, മെഡിക്കൽറിപ്പോർട്ടു് തുറന്നുവായിക്കുന്നു. പെട്ടെന്നു് കൈയിൽനിന്നു വഴുതി കടലാസു മേശപ്പുറത്തു വീഴുന്നു.)

ശങ്കർ: (നിശ്ചേഷ്ടനായി കണ്ണുകൾ മിഴിച്ചു്) പ്രഗ്നെൻറ്!...ഗർഭം!...അരുന്ധതി ഗർഭിണി!

(അരുന്ധതി വിങ്ങിപ്പൊട്ടി ഉള്ളിലേക്കോടുന്നു. ശങ്കർ അതേ വികാരത്തോടെ കസേരയിൽ ഇരുന്നുപോകുന്നു. ജാനകിഅമ്മ കടലാസെടുത്തു വായിച്ചു് അന്ധാളിച്ചു നില്ക്കുന്നു. കടലാസ് താഴെ വീഴുന്നു. ജാനകിഅമ്മ അതിശോകഭാവവും ഭയവും കലർന്നു് ശങ്കറിനെത്തന്നെ നോക്കിനില്ക്കുന്നു. ശങ്കർ പെട്ടെന്നു മേശവലിപ്പു തുറക്കുന്നു, അടയ്ക്കുന്നു. വീണ്ടും തുറന്നു് തോട്ടകളെടുക്കുന്നു. ചാടിയെഴുന്നേററു് കാലുകൾകൊണ്ടു കസേര തട്ടിമാററി തോക്കെടുക്കുന്നു. തോട്ട നിറയ്ക്കുന്നു. ജാനകിഅമ്മ ഭയന്നു് അതേനില്പു നില്ക്കുന്നു. ശങ്കർ ഓരോ അടി മുന്നോട്ടു വെയ്ക്കുന്നു—അമത്തിച്ചവിട്ടുന്നു. ജാനകിഅമ്മ പെട്ടെന്നു് ഓടി ശങ്കറിൻെറ കാലുകളിൽ കെട്ടിപ്പിടിക്കുന്നു.)

ജാനകിഅമ്മ: നമ്മുടെ മോളോടു ക്ഷമിക്കു!...നാമാണു് കുററവാളികൾ...നാം അവളെ സൂക്ഷിച്ചില്ലാ...

(ശങ്കർ നിർവ്വികാരനായി നില്ക്കുന്നു.)

എന്നെ കൊന്നോളു...

(ശങ്കർ ജാനകിഅമ്മയെ തട്ടിയെറിഞ്ഞു് ഉള്ളിലേക്കോടുന്നു.)

അയ്യോ!...മോളേ!...

(ഉള്ളിൽ വെടിയുടെ ശബ്ദം. കൂടെ അരുന്ധതിയുടെ "മമ്മീ!...." എന്ന നീണ്ട വിളി. ജാനകിഅമ്മ വായു് പൊളിച്ചു്, കണ്ണു മിഴിച്ചു് നിശ്ചലയായി നില്ക്കുന്നു. തലമുടി അഴിഞ്ഞുലഞ്ഞു് ചിതറിക്കിടക്കുന്നു.)

(കർട്ടൻ)

★

UNIVERSITY LIBRARY 6 MAR 2003 CHENNAI-600 005
039.6 K9

MUL
288368

# വഴിപിഴച്ച പോക്ക്

ആർ. കെ. പി. വരാപ്പുഴ

ഇംഗ്ലീഷ്ഭ്രമത്തിന്റെയും സിനിമാകമ്പത്തിന്റെയും ആഘാതത്തിൽപ്പെട്ട് യുവതലമുറ വഴി തെററിപ്പോകുന്നതും പരിഷ്കാരത്തിന്റെ വേലിയേററത്തിൽ കുടുംബസാമുദായികജീവിതങ്ങളിൽ അനാശാസ്യപ്രവണതകൾ പലതും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഈ നാടകത്തിൽ യഥാതഥമായി ചിത്രീകരിക്കപ്പെടുന്നു. മില്ലുടമയും പണക്കാരനുമായ ശങ്കറിന്റെയും ഭാര്യ ജാനകിഅമ്മയുടെയും നിയന്ത്രണങ്ങളെ ധിക്കരിച്ച്, ജയദേവനും അരുന്ധതിയും സിനിമാകമ്പത്തിൽ പെട്ടതുകൊണ്ട്, ഡോക്ടർ ഗോപി എന്ന വിരുതന് ആ വീട്ടിൽ പ്രവേശനം ലഭിച്ചു. അതിന്റെ പരിണതഫലമോ? ഊഹാതീതമായ ചില സംഭവങ്ങൾ ഉടലെടുക്കുന്നു. ആ കുടുംബം മുഴുവൻ അപമാനത്തിന്റെ തീച്ചൂളയിൽ ആഹുതിചെയ്യപ്പെടുകയാണ്. ഡോക്ടർ ഗോപിയുടെ തനിനിറം വ്യക്തമായപ്പോഴേക്ക് സമയം വളരെ വൈകിപ്പോയിരുന്നു. ഹാസ്യത്തിൽ പൊതിഞ്ഞ് ശക്തമായ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതും അവതരണയോഗ്യമായ ഈ നാടകത്തിന്റെ പ്രത്യേകതയാണ്.

നാഷനൽ ബുക്ക്സ്റ്റാൾ